# സത്യദൂതൻ


2022 നവംബർ | ലക്കം 11

വില ₹ 30



## സംസാരത്തിലെ നീതി

## അന്ധവിശ്വാസങ്ങൾ:
## ഭൗതികാസക്തിയോ ആത്മീയമാർഗ്ഗമോ?




**ഇസ്‌ലാമിലെ പ്രഖ്യാതനായ കറുത്ത മുത്ത്
ഹദ്റത്ത് ബിലാലി (റ) ന്റെ കഥ സൂക്ഷ്മമായ
ചരിത്ര പശ്ചാത്തലത്തിൽ ആത്മകഥന രൂപത്തിൽ
വിവരിക്കപ്പെടുന്ന ഉജ്ജ്വല കൃതി.**

സത്യദൂതന്റെ 18 ലക്കങ്ങളിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച ലേഖന സമാഹാരം.




The Sathyadoothan Monthly


لاالٰہ الاّ اللّٰہ محمد رسول اللّٰہ

# സത്യദൂതൻ

2022 നവംബർ
ഹി.ശ.1402- നുബുവ്വത്ത്
1444 റ.ഉ.ആഖിർ - ജ.ഉ.അവ്വൽ
പുസ്തകം 94 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**
**മനുഷ്യ പ്രകൃതിയുടെ ആത്യന്തിക ലക്ഷ്യം**



**7**
പ്രഭാഷണം
**വിശ്വാസത്തിലും ആരാധനയിലും ഉണ്ടാകേണ്ട നിലവാരം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഒക്ടോബർ 14-ാം തീയതി അമേരിക്കയിലെ മസ്ജിദ് ബൈത്തുർറഹ്മാനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**സംസാരത്തിലെ നീതി**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**14**
**സിയോൺ ഫതഹെ അസീം മസ്ജിദ്: പ്രാർത്ഥനയുടെ സാഫല്യം**
സർമദ് നവീദ്, കാനഡ

**16**
**അമേരിക്കയിൽ ഒരു അത്ഭുത ദൃഷ്ടാന്തം**
എൻ അബ്ദുർറഹീം സാഹിബ്

**19**
**മുഹമ്മദ് നബി (സ): വർത്തമാന കാലത്തെ ആക്ഷേപങ്ങളും മറുപടിയും**
എ.എം. മുഹമ്മദ് സലീം

**24**
**ദൈവവിചിന്തനം**
മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ

**27**
**വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം**
ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ

**30**
ഭാഗം - 33
**ഹദ്റത്ത് മൗലാനാ ഹക്കീം നുറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**37**
കുറിപ്പുകൾ
**അന്ധവിശ്വാസങ്ങൾ: ഭൗതികാസക്തിയോ ആത്മീയമാർഗ്ഗമോ?**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൊള്ളെ വീഴില്ല. (25 : 74)



## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകുകയും എന്നിട്ട് അജ്ഞതയും കുഴപ്പങ്ങളും പ്രത്യക്ഷപ്പെടും. **'ഹറജ്'** വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു എന്താണ് **'ഹറജ്.'** തിരുമേനി(സ) കൈകൊണ്ട് ഇങ്ങിനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി (സ) കൊലയെയാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

**ശാന്തരായി ചിന്തിക്കൂ**

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന്ന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളായാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗ്ഗം. ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടരിക്കുന്നത് എവിടെയാണ്. നേരെമറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ; 'ലാ ഇക്റാഹ ഫിദ്ദീൻ' (മതത്തിൽ യാതൊരു നിർബന്ധവുമില്ല) എന്ന് പറഞ്ഞിട്ടുള്ളതായി കാണുന്നു. (കശ്തീ നൂഹ്)



എഡിറ്റോറിയൽ

# നീതിയും നിയമവും

**തീർച്ചയായും നീതി പാലിക്കുന്നതിനും ഔദാര്യത്തോടെ നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (മറ്റുള്ളവർക്കും) നന്മ ചെയ്യുന്നതിനും അല്ലാഹു കൽപ്പിക്കുന്നു.(സൂറ: അന്നഹ്ൽ 16: 91)**


നീതിയും നിയമവും നമുക്കെല്ലാം ചിരപരിചിതമായ രണ്ട് സാങ്കേതിക പദങ്ങളാണ്. എങ്കിലും ഈ രണ്ട് സംജ്ഞകൾക്കും രണ്ട് വ്യത്യസ്തങ്ങളായ ഉറവിടങ്ങളും പ്രവർത്തന രീതികളുമാണുള്ളത്. നീതി എന്നത് മനുഷ്യ ഹൃദയവുമായി അഥവാ ധാർമിക മനസ്സാക്ഷിയുമായി ബന്ധപ്പെട്ട അമൂർത്തവും ദിവ്യവുമായ ഒരു വികാരമാണ്. അത് മനുഷ്യന്റെ സൃഷ്ടിവേളയിൽ ദൈവം മനുഷ്യഹൃദയങ്ങളിൽ മുദ്രണം ചെയ്ത ദിവ്യവികാരമാണ്. അത്കൊണ്ടാണ് നീതി ബോധം ജാതി മത വർഗ്ഗ പ്രത്യയശാസ്ത്ര ഭിന്നതകൾക്കതീതമായി എല്ലാ മനുഷ്യരിലും സാർവ്വത്രികമായി കാണാൻ കഴിയുന്നത്. മനുഷ്യന്റെ സ്വഭാവ പ്രകൃതിയിൽ ആലേഖനം ചെയ്ത നീതിബോധത്തെ ദേഹേച്ഛയും സ്വാർത്ഥതാൽപര്യങ്ങളും കൂടി അടിച്ചമർത്തി മനുഷ്യസത്വത്തിൽ ചിലപ്പോൾ ആധിപത്യം നേടുന്നു അപ്പോഴാണ് കുറ്റകൃത്യങ്ങളും തിന്മയും പാപവുമുണ്ടാകുന്നത്. അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനും പരിശുദ്ധനുമാണ് എന്നാണ് ഇസ്‌ലാമിക സങ്കൽപ്പം. മനുഷ്യൻ ജന്മപാപിയോ മുജ്ജന്മപാപിയോ അല്ല. തിന്മകളെല്ലാം ബാഹ്യലോകവുമായി മനുഷ്യന്റെ ഇന്ദ്രിയങ്ങൾ പ്രതിപ്രവർത്തിച്ച് മനുഷ്യനിൽ ഉണ്ടാക്കിത്തീർക്കുന്ന വൈകൃതങ്ങളാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'അല്ലാഹു സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയകരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മത്തെയും പാപത്തെകുറിച്ചും നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (അൽ ഹുജുറാത്ത് 49:8,9)** ഹൃദയത്തിൽ നിക്ഷേപിക്കപ്പെട്ട ഈ ദൈവിക വരദാനമാണ് നീതിയുടെ ഉറവിടം.

നിയമം എന്നത് സ്ഥാപനം ഗവൺമെന്റ്, രാഷ്ട്രം, അന്താരാഷ്ട്രാ എസ്റ്റാബ്ളിഷ്മെന്റ് മുതലായ അധികാര സ്വരൂപങ്ങളുടെ പിൻബലത്തിൽ സമൂഹത്തിന്റയും വ്യക്തികളുടെയും ബാഹ്യമായ പെരുമാറ്റങ്ങൾ നിയന്ത്രിക്കാനും ക്രമപ്പെടുത്താനും നിർമ്മിക്കുന്ന നിർണ്ണിത രൂപമുള്ള ശാസനാത്മക ചട്ടങ്ങളാണ്. സമ്മർദ്ദ സ്വഭാവമുള്ള വിട്ടുവീഴ്ച്ചയില്ലാത്ത നിയമങ്ങൾ ലംഘിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടും. വാസ്തവത്തിൽ നീതി നടപ്പാക്കാനുള്ള ശുഷ്ക്കമായ ഒരു ഉപകരണം മാത്രമാണ് നിയമങ്ങൾ. നീതിയുടെ പൂർത്തീകരണത്തിന് വേണ്ടി നിയമങ്ങൾ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. അധികാരബലത്തിൽ മാത്രം പ്രാവർത്തികമാവുന്ന നിയമം, ശരീരത്തെയും സമൂഹഗാത്രത്തേയും മാത്രമാണ് നിയന്ത്രിക്കുന്നത്. ക്രമസമാധാന പാലനവും സമൂഹ സുരക്ഷയുമാണ് നിയമപാലനത്തിന്റെ ആത്യന്തിക ലക്ഷ്യം. അധികാരബലത്തിൽ പ്രാവർത്തികമാകുന്ന നിയമം ഹൃദയത്തേയും ആത്മാവിനേയും സ്പർശിക്കുന്നില്ല. എന്നാൽ നീതി ആർദ്രമായ മനുഷ്യ ഹൃദയത്തിൽ നിന്ന് വരുന്നതും മനുഷ്യഹൃദയത്തെ സ്പർശിക്കുന്നതുമാണ്.

നീതി പാലനത്തിന് പ്രാഥമികമായി നിയമം അനുശാസിക്കുന്ന ചട്ടങ്ങൾക്കും ചിട്ടകൾക്കും വിധേയമായി മനുഷ്യൻ പ്രവർത്തിക്കണം. ഉദാഹരണത്തിന് മനുഷ്യൻ തനിക്ക് ലഭിച്ചതിന് തുല്യമായി അഥവാ നിയമാനുസൃതമായി നൽകാൻ ബാധ്യസ്ഥനാണ്. അത്കഴിഞ്ഞ് തുല്യമായത് തിരിച്ചു നൽകുക എന്നതിലുപരി അധികമായി നന്മചെയ്യണമെന്നും ആ തോതിനെക്കാൾ അധികമായി സ്വന്തം ബന്ധുക്കൾക്കെന്ന പോലെ യാതൊരു പ്രതിഫലേച്ഛയുമില്ലാതെ മനുഷ്യവർഗ്ഗത്തോട് ഔദാര്യപൂർവ്വം നന്മ ചെയ്യണമെന്നുമാണ് വിശുദ്ധ ഖുർആന്റെ തുടക്കത്തിൽ ഉദ്ദരിച്ച സൂക്തം ഉദ്ബോധനം ചെയ്യുന്നത്. അതാണ് യഥാർത്ഥ ദിവ്യനീതിയുടെ താൽപര്യം. സഹനം കൈകൊണ്ടും മാപ്പരുളിയും വിട്ടു വീഴ്ച്ച ചെയ്തും റസൂൽ തിരുമേനി(സ)യുടെ ജീവിതത്തിലും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ അദ്ധ്യാപനങ്ങളിലും ഇത്തരം നിരവധി കാര്യങ്ങൾ നമുക്ക് ദർശിക്കാൻ സാധിക്കും. നിയമാനുസാരം പ്രവർത്തിക്കുന്നതിനേക്കാൾ നീതിപൂർവ്വം പ്രവർത്തിക്കാനാണ് അല്ലാഹു നമ്മോട് പറഞ്ഞത്. വിശുദ്ധ ഖുർആൻ പറയുന്നു:

**'വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ. അത് നിങ്ങൾക്ക് തന്നെയോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും.' (അന്നിസാഅ്. 4:136)**



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യ പ്രകൃതിയുടെ ആത്യന്തിക ലക്ഷ്യം

**അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ ശുദ്ധ പ്രകൃതിയിൽ തദനുരൂപമായി നിക്ഷിപ്തമായിരിക്കുന്ന മതം ...... അത് തന്നെയാണ് യഥാർത്ഥ മതം.** (30:31)

അതായത് മനുഷ്യ പ്രകൃതി ഇസ്ലാമിക മാതൃകക്കനുഗുണമായിട്ടുള്ളതാണെന്നു തന്നെ. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ, മനുഷ്യൻ തന്റെ സകലശക്തികളും ബോധങ്ങളും ദൈവാനുഗ്രഹത്തിലും ദൈവഹിതാനുസരണത്തിലും ദൈവോപാസനയിലും വ്യാപരിപ്പിക്കേണമെന്നാണ് സൃഷ്ടി കർത്താവ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനാൽ അവൻ ഇസ്ലാമിക മാതൃകയ്ക്കനുരൂപമായ ശക്തികളും വികാരങ്ങളും മനുഷ്യന് പ്രദാനം ചെയ്തിരിക്കുകയാണ്.

......മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന ആന്തരവും ബാഹ്യവുമായ അവയവങ്ങളും ബോധശക്തികളുമെല്ലാം ഇസ്ലാമിക ദർശത്തിനും അനുയോജ്യമാണെന്ന സംഗതി മാത്രം ഇവിടെ ചുരുക്കത്തിൽ വിശദീകരിച്ചുകൊള്ളാം. മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവയുടെയെല്ലാം പരമ പ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്നു ബോദ്ധ്യമാകുന്നതാണ്. അതിനാലത്രെ മനുഷ്യൻ ഐഹിക ജീവിതത്തിൽ വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങളിലും ഏർപ്പെടുകയും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും, ദൈവത്തിലല്ലാതെ മറ്റൊന്നിലും അവന് യഥാർത്ഥ സുഖം അനുഭവപ്പെടാതിരിക്കുന്നത്. കോടീശ്വരനോ വർത്തക പ്രമാണിയോ മന്ത്രിപുംഗവനോ രാജാധി രാജനോ മഹാദാർശനികനോ ആരായിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദുഃഖാർത്തനായി ജീവിതം വെടിയുന്നു. സേച്ഛകൾക്ക് വശഗനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തക്കരണം അവനെ ശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളുടെ വിജയ പ്രാപ്തിക്ക് വേണ്ടി അവൻ കൈകൊണ്ട കുനയം വഞ്ചന അക്രമം തുടങ്ങിയ അമംഗള കർമ്മങ്ങൾ അവന്റെ മനസ്സാക്ഷി അനുകൂലിക്കാത്തതിനാൽ അത് അവനെ കുറ്റപ്പെടുത്തുന്നു.

പ്രസ്തുത വിഷയത്തെ മറ്റൊരു പ്രകാരത്തിലും നമുക്ക് വീക്ഷിക്കാം. ഒരു ജന്തുവിന് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യം അത് ചെയ്യുകയും അതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാതെ അവിടെ നിന്നുപോകുകയും ചെയ്യുന്നുവെങ്കിൽ ആ അന്തിമകാര്യമാണ് അതിന്റെ ജീവിതം കൊണ്ടുള്ള പരമ പ്രയോജനം എന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി എരുതിനെ കൊണ്ടുള്ള പരമ പ്രയോജനം നിലം ഉഴുതുകയോ കൃഷി നനക്കുകയോ ഭാരം വലിക്കുകയോ ആകുന്നു. അതിലുപരിയായ ശക്തി അതിനുള്ളതായി തെളിയുന്നില്ല. എന്നാൽ മനുഷ്യന്റെ ശക്തികളിൽ അത്യുൽകൃഷ്ടമയ ശക്തിയേതെന്ന് പരിശോധിക്കുന്നതായാൽ അത് സർവ്വോന്നതനായ സ്രഷ്ടികർത്താവിനെ ആരായുന്നതിന്നുള്ള ബോധശക്തിയാണെന്നു കാണാം. (ഇസ്ലാംമത തത്വജ്ഞാനം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്‌റൂർ അഹ്മദ് (അയ്യദഹു) 2022 ഒക്ടോബർ 14-ാം തീയതി അമേരിക്കയിലെ മസ്ജിദ് ബൈത്തുർറഹ്മാനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# വിശ്വാസത്തിലും ആരാധനയിലും ഉണ്ടാകേണ്ട നിലവാരം




**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്** (അയ്യദഹു...)

നബി തിരുമേനി(സ)യുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചത് നിങ്ങൾക്കുമേലുള്ള അല്ലാഹുവിന്റെ ഏറ്റവും വലിയ ഔദാര്യമാണ്. ഈ ഔദാര്യത്തിന്റെ യഥാർഥ നന്ദി പ്രകടനം അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുക എന്നതാണ്. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുക. നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബൈഅത്തിന്റെ കടമകൾ നിറവേറ്റാൻ പരിശ്രമിക്കുമ്പോഴാണ് അത് സംഭവ്യമാകുന്നത്. നാം യഥാർഥ മുസൽമാൻ ആയിത്തീരുന്നതിനു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്ക് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു; ആ മഹാത്മാവ് പറഞ്ഞു തന്ന രീതിയനുസരിച്ച് നമ്മുടെ ജീവിതം നയിക്കേണ്ടിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നിൽ ദൃഢ ബോധ്യവും പരിപൂർണ വിശ്വാസം ഉണ്ടാകുന്നതിനുവേണ്ടി ഉപദേശിച്ചുകൊണ്ട് പറഞ്ഞു: വിശ്വാസം കൈകൊണ്ടവർ തന്റെ വിശ്വാസത്തിൽ ദുർധാരണയിൽ അകപ്പെടാതെ ദൃഢബോധ്യത്തിന്റെയും (യഥാർഥ) ജ്ഞാനത്തിന്റെയും പദവിവരെ എത്തേണ്ടിയിരിക്കുന്നു. ഇനി നിങ്ങൾ സ്വയം ചിന്തിക്കുക, നിങ്ങൾ എന്റെ കയ്യിൽ ബൈഅത്ത് ചെയ്ത്, എന്നെ വാഗ്ദത്ത മസീഹ് എന്നും നീതിമാനായ വിധികർത്താവ് എന്നും വിശ്വസിച്ചതിന് ശേഷം എന്റെ ഏതെങ്കിലും തീരുമാനത്തിലോ പ്രവൃത്തിയിലോ നിങ്ങളുടെ ഹൃദയങ്ങളിൽ എന്തെങ്കിലും സംശയമോ വിദ്വേഷമോ ഉണ്ടെങ്കിൽ നിങ്ങളുടെ വിശ്വാസത്തെ വിലയിരുത്തുക. എന്നെ വിശ്വസിച്ചതിനുശേഷവും ആരോപണം ഉന്നയിക്കുന്നവർ കൂടുതൽ നിർഭാഗ്യരാണ്; അവർ കണ്ടതിനു ശേഷവും അന്ധരായിരിക്കുന്നവരാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അതിനുമുമ്പ് നബി തിരുമേനി(സ)യും, വാഗ്ദത്ത മസീഹ്(അ)ന് ശേഷമുള്ള ഖിലാഫത്തിനെ കുറിച്ച് സുവാർത്ത നൽകിയിട്ടുണ്ട്. അഹ്മദിയ്യാ ഖിലാഫത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗത്തെ നിലനിർത്തുന്ന വ്യവസ്ഥിതിയാണ്. ഓരോ അഹ്മദിയും അഹ്മ

ദിയ്യാ ഖിലാഫത്തിനോടുള്ള പ്രതിബദ്ധതയുടെയും അനുസരണത്തിന്റെയും പ്രതിജ്ഞ ചെയ്തവരാണ്. അതിനാൽ ഖിലാഫത്തിനോടുള്ള പ്രതിബദ്ധത നിലനിർത്തുക എന്നത് ഓരോ അഹ്മദിയുടെയും കടമയാണ്, അല്ലാത്തപക്ഷം (അവരുടെ) ബൈഅത്ത് അപൂർണമായിത്തീരും.

വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവം പാരായണം ചെയ്യുക എന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സർവശക്തനായ അല്ലാഹു യാഥാർഥ്യത്തിന്റെ പ്രകടനത്തിനായാണ് ഈ ജമാഅത്തിനെ സ്ഥാപിച്ചിട്ടുള്ളതെന്ന് ഞാനുമായി ബന്ധപ്പെട്ടവരോട് ഞാൻ ആവർത്തിച്ച് ഉപദേശിക്കാറുള്ളതാണ്. അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്ന ദൗത്യമായ, ഇസ്‌ലാമിന്റെ സവിശേഷത ശരിയായ പ്രവർത്തനത്തിലൂടെ ലോകത്തിന് വെളിപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, വിശുദ്ധ ഖുർആൻ കൂടുതലായി പാരായണം ചെയ്യുക, അത് വെറും കഥകൾ അല്ലെന്നും മറിച്ച് ഒരു തത്ത്വചിന്തയാണെന്നും മനസ്സിലാക്കി വായിക്കുക. ഒരുപക്ഷെ നാം ഭൗതിക തിരക്കുകളിൽ മുഴുകിപ്പോയാൽ നമ്മുടെ സന്താനങ്ങളും വരുംതലമുറകളും മതത്തിൽനിന്ന് ദൂരപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇത് വളരെയധികം ചിന്തിക്കേണ്ട കാര്യമാണ്. ബൈഅത്ത് ചെയ്തതു കൊണ്ട് മാത്രം ലക്ഷ്യം നേടാനാവില്ലെന്ന് ഓർക്കുക. നിങ്ങൾ സ്വയം ഇസ്‌ലാമിക അധ്യാപനത്തിന്റെ വാഹകരായി മാറുമ്പോഴാണ് ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്, എന്നാൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കാത്തതുവരെയും അത് സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിത്യ ജീവന്വേണ്ടി അല്ലാഹു സൃഷ്ടിച്ച നീരുറവയുടെ സമീപത്തേക്ക് നിങ്ങൾ എത്തിയിരിക്കുന്നു എന്നതാണ് സത്യം. അതെ, അത് പാനം ചെയ്യേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ കൃപയും അനുഗ്രഹവും മുഖേന അതിൽനിന്നും പാനം ചെയ്യാനുള്ള തൗഫീഖിനായി അപേക്ഷിക്കുക; കാരണം അല്ലാഹുവിന്റെ സഹായം കൂടാതെ അത് സാധ്യമല്ല. ഈ നീരുറവയിൽ നിന്ന് പാനം ചെയ്യുന്നവൻ നശിക്കില്ലെന്ന് എനിക്കുറപ്പാണ്. കാരണം ഇത് ജീവൻ നൽകുന്ന പാനീയമാണ്. ഈ നീരുറവയിൽ നിന്നും പാനം ചെയ്യാൻ എന്താണ് മാർഗം? അല്ലാഹു നിങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള രണ്ടു കടമകൾ പൂർത്തിയാക്കുക എന്നുള്ളതാണ്, അതിലൊന്ന് ദൈവത്തിനോടുള്ള കടമയും മറ്റൊന്ന് സൃഷ്ടികളോടുള്ള കടമയുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ബൈഅത്ത് മാത്രം മതിയായതല്ല; അല്ലാഹു കർമ്മമാണ് ആഗ്രഹിക്കുന്നത്. പ്രവർത്തിക്കുന്നവർ ഒരിക്കലും നശിക്കുകയില്ല എന്ന് മാത്രമല്ല എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ബാഹ്യവും ആന്തരികവും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശബ്ദമായി മാറുമ്പോഴും, അല്ലാഹു വിന്റെ പ്രീതിയല്ലാതെ മറ്റൊന്നും ആവശ്യപ്പെടാതിരിക്കുകയും, അല്ലാഹുവിന്റെ കല്പനകളെ പരിപൂർണമായി അനുസരിക്കുകയും ചെയ്യുമ്പോഴാണ് കർമ്മപരമായ അവസ്ഥ സംജാതമാകുന്നത്. ഇനി ഇതനുസരിച്ച് എല്ലാവർക്കും ആത്മപരിശോദന നടത്താവുന്നതാണ്, കലിമ ചൊല്ലുമ്പോൾ യഥാർഥത്തിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കലാണോ നാം ലക്ഷ്യമിടുന്നത്, നാം അവന്റെ എല്ലാ കല്പനകളും അനുസരിക്കുന്നവരാണോ?, ഒരുപക്ഷെ നമസ്കാര സമയങ്ങളിൽ നാം നമ്മുടെ ഭൗതീക ജോലികൾ വെടിഞ്ഞുകൊണ്ട് നമസ്കാരത്തിലേക്ക് ശ്രദ്ധതിരിക്കുന്നില്ലായെങ്കിൽ നാം നാവു കൊണ്ട് കലിമ ചൊല്ലുന്നവരാണ്; എന്നാൽ നമ്മുടെ ഹൃദയം ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. എന്റെ വ്യാപാരത്തിലും എന്റെ ജോലിയിലും ബർക്കത്തുണ്ടാകുന്നത് അല്ലാഹുവിന്റെ അനുഗ്രഹം ഒന്നു കൊണ്ട് മാത്രമാണെന്ന ദൃഢവിശ്വാസത്തിലാണ് ഒരു മുഅ്മിൻ നിലകൊള്ളുന്നത്. പിന്നെ എങ്ങനെയാണ് തന്റെ ഭൗതീക പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ വിളിക്ക് എതിരായി നിൽക്കുന്നത്. അങ്ങനെ ആണെങ്കിൽ നാം കലിമയുടെ ആത്മാവിനെ മനസ്സിലാക്കിയിട്ടില്ല. നാം നാവുകൊണ്ട് കലിമ ചൊല്ലുന്നുണ്ടെങ്കിലും നമ്മുടെ കർമ്മം നമ്മൾ ചൊല്ലുന്ന വചനത്തെ പിന്തുണക്കുന്നില്ല. ഈ അവസ്ഥയാണെങ്കിൽ ബൈഅത്തിന്റെ കടമ നാം നിർവഹി ക്കുന്നില്ല.

(ഹുദൂർ തിരുമനസ്സ്(അ.ബി) പറയുന്നു: സൃഷ്ടിക ളോടുള്ള കടമ നിർവഹണത്തിലേക്ക് അല്ലാഹു ശ്രദ്ധക്ഷണിച്ചതുപോലെ നിർവഹിക്കപ്പെടുമ്പോഴാണ് യഥാർഥ വിശ്വാസിയായി മാറുകയും ബൈഅത്തിന്റെ കടമകൾ നിറവേറ്റപ്പെടുകയും ചെയ്യു ന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് പറയുന്നു: നിങ്ങൾ ഭൗതീകരെപ്പോലെയാണെങ്കിൽ ഒരു പ്രയോജനവും ഉണ്ടാകുകയില്ല. നിങ്ങൾക്ക് ഒരു പുതിയ ജീവിതം ലഭ്യമാകുന്നതിനുവേണ്ടി എന്റെ കൈയിൽ തൗബ ചെയ്യുന്നതിന് ഒരു മരണം ആവശ്യപ്പെടുന്നു. നിങ്ങൾക്ക് ആത്മീയ ജീവിതം ലഭ്യമായില്ലായെങ്കിൽ അങ്ങനെയുള്ള ബൈഅത്ത് നിങ്ങൾക്ക് ഒരു പ്രയോജനവും നൽകുകയില്ല. എന്റെ കയ്യിൽ ചെയ്യുന്ന ബൈഅത്ത് എന്നതുകൊണ്ട് ഹൃദയം കൊണ്ടുള്ള സമ്മതമാണ് അല്ലാഹു ആഗ്രഹിക്കുന്നത്. സത്യഹൃദയത്തോടുകൂടി എന്നെ സ്വീകരിക്കുകയും തങ്ങളുടെ പാപങ്ങളിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു മാപ്പാക്കിക്കൊടുക്കുകയും അവൻ മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് പുറത്തു

വന്നതു പോലെയായിത്തീരുകയും ചെയ്യുന്നു.

ഹുദൂർ തിരുമനസ്സ്(അ.ബി) പറയുന്നു: നമ്മുടെ ആരാധനകൾ പരിശുദ്ധവും, കർമ്മങ്ങൾ അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നതുമായിരിക്കണം. ഇന്നത്തെ ലോകത്തിന്റെ അവസ്ഥകളിൽനിന്നും മനസ്സിലാകുന്നത് ലോകം നാശത്തിന്റെ വക്കിലാണെന്നും, ലോകാവസാനത്തിലേക്ക് നയിക്കുന്ന നാശമാണ് സംഭവിക്കാൻ പോകുന്നതെന്നുമാണ്. അതുകൊണ്ട് ഇപ്പോൾ ദുആകളോടുകൂടി പ്രവർത്തിക്കേണ്ടത് അഹ്മദികളുടെ കടമയാണ്. നല്ല മനുഷ്യർക്ക്വേണ്ടി അല്ലാഹു മറ്റുള്ളവരെയും സംരക്ഷിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. വളരെ അപകടകരമായ ഒരു കാല ഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ ആർക്കെങ്കിലും നമ്മെ രക്ഷിക്കാൻ കഴിയുമെങ്കിൽ അത് സർവ്വശക്തനായ അല്ലാഹുവിന് മാത്രമാണ്. നിങ്ങളുടെയും നിങ്ങളുടെ തലമുറകളുടെയും സംരക്ഷണത്തിനുവേണ്ടി അവന്റെ മുന്നിൽ സ്വയം കുമ്പിടുന്നതൊടൊപ്പം നിങ്ങളുടെ തലമുറകളെയും അവന്റെ മുമ്പിൽ കുമ്പിടുന്നവരാക്കുക. ഒരുപക്ഷെ നാം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന പരിശുദ്ധ കലിമയുടെ കടമകൾ നിർവഹിക്കുന്നവരാണെങ്കിൽ, അല്ലാഹു നമ്മുടെ സത്കർമ്മങ്ങൾ കൊണ്ട് ലോകത്തെ സംരക്ഷിക്കുന്നതാണ്. ലോക സാഹചര്യം കൂടുതൽ വഷളാകുന്നതിന് മുമ്പ് ഒരു പാട് ദുആ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സമയത്തിന് മുമ്പ് ചെയ്യുന്നതാണ് സത്കർമങ്ങൾ, അത് പിന്നീട് ചെയ്യുന്നത്കൊണ്ട് ഒരു പ്രയോജനവുമില്ല. തോണി മുങ്ങുമ്പോൾ എല്ലാവരും കരയുന്നു, എന്നാൽ തോണി മുങ്ങുന്ന ആ അവസരത്തിൽ കരച്ചിലും ആർപ്പുവിളിയും ഒരു പ്രയോജനവും ചെയ്യുകയില്ല. സമാധാനത്തിന്റെ അവസരങ്ങളിൽ മാത്രമേ അത് പ്രയോജനപ്പെടുകയുള്ളൂ. മനുഷ്യൻ അവനിൽ ഇടിമിന്നൽ ഏൽക്കാൻ പോകുന്നതുപോലെ സമയത്തിന് മുന്നേ ജാഗരൂകരായി ഇരിക്കലാണ് അല്ലാഹുവിനെ പ്രാപിക്കാനുള്ള രീതി. മിന്നൽ വീഴുന്നത് കണ്ടുകൊണ്ട് അവനെ ബാധിക്കുമെന്ന പേടിയിൽ നിലവിളിക്കുന്നത് അല്ലാഹുവിനോടുള്ള ഭയം കൊണ്ടല്ല മറിച്ച് ഇടിമിന്നലിനോടുള്ള ഭയത്താലാണ്.

ഹുദൂർ തിരുമനസ്സ്(അ.ബി) പറയുന്നു: ഇന്ന് അഹ്മദികളുടെ വിശ്വാസവും അല്ലാഹുവുമായുള്ള അവരുടെ ബന്ധവും പ്രാർഥനയുമാണ് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ കഴിയുന്നത്. ലോകജനതയോട് സഹാനുഭൂതി പ്രകടിപ്പിച്ച് ലോകത്തിനായി ദുആ ചെയ്യുക. അല്ലാഹുവിനോടും സമസൃഷ്ടികളോടുള്ള കടമകളിലേക്കു നിങ്ങൾ ശ്രദ്ധിച്ചില്ലായെങ്കിൽ ഈ ലോകം വിജനമായി മാറുന്നതാണ്. അതിനാൽ ഓരോ അഹ്മദിയും ഈ ചിന്തയോടു കൂടി തങ്ങളുടെ കടമകൾ നിർവഹിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ കഠിനാധ്വാനം ചെയ്ത് (കൃഷിക്കായി) വയലൊരുക്കുകയാണെങ്കിൽ നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ സമാധാനത്തിന്റെ (ഈ) നാളുകൾ കഠിനാധ്വാനത്തിനായാണ് ഉള്ളത്. ഇപ്പോൾ ദൈവത്തെ സ്മരിക്കുകയാണെങ്കിൽ പ്രയോജനം ലഭ്യമാകുന്നതാണ്. ഇപ്പോൾ ദുആ ചെയ്യുകയാണെങ്കിൽ ആ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കുന്നതാണ്. നമസ്കാരത്തിൽ, റുക്കൂഇലും, സുജൂദിലും, അല്ലാഹു ഈ വിപത്തിനെ അകറ്റാനും ശിക്ഷയിൽ നിന്നും സംരക്ഷിക്കുന്നതിനും വേണ്ടി ദുആ ചെയ്യുക. ദുആ ചെയ്യുന്നവന് ഒരിക്കലും നഷ്ടം സംഭവിക്കുന്നില്ല. ദുആ ചെയ്യുന്നവൻ വധിക്കപ്പെടാൻ സാധ്യതയില്ല, ഒരുപക്ഷെ അപ്രകാരം സംഭവിക്കുകയാണെങ്കിൽ ദൈവം ഒരിക്കലും തിരിച്ചറിയപ്പെടുകയില്ല. അതിനാൽ, നിങ്ങളിൽ പൂർണമായും യഥാർഥ ആത്മാർഥത ജനിക്കുന്നതിന് അപ്രകാരം വർത്തിക്കുക. ഇന്നും, അത്തരം നാശത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്, ഇതിനായി നാം അല്ലാഹു വിന്റെ മുമ്പാകെ കുമ്പിടുക, കാരണം ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ ഈ ഒരു മാർഗം മാത്രമാണുള്ളത്.

ഹുദൂർ തിരുമനസ്സ് പറയുന്നു: ഉന്നത ധാർമിക ഗുണങ്ങൾ പ്രകടിപ്പിക്കൽ അല്ലാഹുവിന്റെ കല്പനകളിലൊന്നാണ്. പറയുന്നു: നാവിന്റെ ദുഷ്പ്രയോഗം ശത്രുതക്ക് കാരണമാകുന്നു, അതിനാൽ നാവിനെ എപ്പോഴും നിയന്ത്രണത്തിൽ വെക്കേണ്ടതാണ്. ഇസ്‌ലാം ധാർമിക വൃത്തത്തിനുള്ളിൽ ജീവിക്കാനുള്ള കല്പന നൽകുന്നതോടൊപ്പം നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവിക്കാനും ഉപദേശിക്കുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പരസ്പര സ്നേഹവും സാഹോദര്യവുമാണ് അഹ്മദിക്കുണ്ടാകേണ്ട മറ്റൊരു ഗുണം. നമ്മുടെ ജമാഅത്തംഗങ്ങൾ പരസ്പരം സത്യസന്ധമായ സഹാനുഭൂതി പ്രകടിപ്പിക്കാത്തതുവരെ നമ്മുടെ ജമാഅത്തിന് അഭിവൃദ്ധി ഉണ്ടാകില്ല. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് നമ്മൾ ഒരു ആത്മീയ പിതാവിന്റെ മക്കളായി മാറിയെന്നും ഒരാൾക്ക് മറ്റൊരാളേക്കാൾ യാതൊരു ശ്രേഷ്ഠതയുമില്ലെന്നും ആ മഹാത്മാവ് ചൂണ്ടിക്കാണിച്ചു. കൂടാതെ അല്ലാഹു നമ്മുടെ ജമാഅത്തിനെ ഒരു മാതൃകയാക്കാൻ ആഗ്രഹിക്കുന്നുവെന്നും ആ മഹാത്മാവ് പറഞ്ഞു. എന്നാൽ വെറും ഉപരിപ്ലവമായ സംസാരത്തിലൂടെയും ആഴത്തിലുള്ള കർമ്മവുമില്ലാതെ (നമുക്ക്) ഒരു മാതൃകയാകാൻ കഴിയുമോ? അതിനായി ഒരു പാട് പരിശ്രമവും കഠിനാധ്വാനവും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ആരാധനകളു

ശേഷം പേജ് 29 ൽ

# സംസാരത്തിലെ നീതി


## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

(ഖലീഫത്തുൽ മസീഹ് നാലാമൻ)


സംസാരത്തിലെ നീതിയുടെ വിവിധ വശങ്ങളെപറ്റി ഇതിന്ന് മുമ്പ് ചർച്ചചെയ്തു കഴിഞ്ഞു. അവ ആവർത്തിക്കാതെ നാം മറ്റു ചിലതിലേക്ക് വെളിച്ചം വീശുകയാണ്. മനുഷ്യനെ വിവിധങ്ങളായി തരം തിരിച്ചതിന്ന് ശേഷം ഈ വീക്ഷണ കോണിൽ നിന്ന് കൊണ്ട് ഞാൻ ചില ഖുർആൻ വചനങ്ങളും തദനുസൃതമായ നബിവചനങ്ങളും തിരഞ്ഞെടുത്തിട്ടുണ്ട്. സംസാരത്തിലുള്ള നീതി എന്ന മൂലത്തിൽ നിന്നാണ് ഈ വിഷയം മുളപൊട്ടുകയും വളരുകയും ശാഖകളായി പടരുകയും ചെയ്യുന്നത്.

ദൈവം പ്രഖ്യാപിക്കുന്നു:

**നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായി ബന്ധപ്പെട്ടയാൾ) നിങ്ങളുടെ അടുത്ത ബന്ധുവായാൽ പോലും - നീതിപൂർവ്വം സംസാരിക്കുകയും അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുകയും ചെയ്യുക. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം സ്മരിക്കുന്നതിന്ന് വേണ്ടി. (അൻ ആം 6: 153)**

ഇത് സംബന്ധിച്ച് ശ്രദ്ധിക്കേണ്ട പ്രത്യേക കാര്യം 'സംസാരത്തിലുള്ള നീതി' എന്ന ശൈലി വിവിധ ജനങ്ങൾ വിവിധ രീതിയിലാണ് മനസ്സിലാക്കുന്നത്. എന്നാൽ വിശുദ്ധ ഖുർആൻ ഈ ശൈലിക്ക് സാദ്ധ്യമായ എല്ലാ അർത്ഥങ്ങളിലേക്കും വെളിച്ചം വീശുന്നു.

### സംസാരത്തിലെ നീതിയുടെ ഒരു പ്രത്യേക വശം

ജനങ്ങളിൽ ചിലർ നെടുനീളൻ ഘീർവാണങ്ങൾ അവതരിപ്പിച്ചുകൊണ്ട് തങ്ങളുടെ സംസാരം മനോഹരമാക്കുന്നത് നമുക്ക് കാണാം. അവരുടെ സംസാരം വിമർശനാത്മകമായി ശ്രദ്ധിക്കുകയാണെങ്കിൽ അവർ പറയുന്നത് വ്യാജമാണെന്ന് കാണാം. ഇക്കാലത്ത് മിക്ക മത, രാഷ്ട്രീയ, സാമൂഹിക നേതാക്കന്മാരും അവകാശപ്പെടുന്നത് അവരുടെ സംസാരം എപ്പോഴു നീതിയെ അടിസ്ഥാനമാക്കിയുള്ളതാണെന്നാണ്. അങ്ങനെ മുഴുലോകവും സംസാരത്തിലെ നീതികൊണ്ട് നിറഞ്ഞിരിക്കുകയാണ്. മുതലാളിത്തത്തിന്റെയും അതുപോലെ കമ്മ്യൂണിസത്തിന്റെയും വക്താക്കൾ അതിന്റെ പുരസ്ക്കർത്താക്കളാണെന്നാണ് അവകാശപ്പെടുന്നത്. ലോകത്തിലെ എല്ലാ നേതാക്കളും അവർ കിഴക്കുള്ളവരാകട്ടെ പടിഞ്ഞാറുള്ളവരാകട്ടെ, കമ്മ്യൂണിസ്റ്റുകളാവട്ടെ മുതലാളിത്തത്തിന്റെ വാക്താക്കളാകട്ടെ, നീതിയെ സംബന്ധിച്ച് മാത്രമാണ് ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതായത് നീതി കൂടാതെ സമാധാനം സ്ഥാപിക്കാൻ സാദ്ധ്യമല്ല എന്നാണ്. മിക്കവാറും ഇതെല്ലം അധരവ്യായാമങ്ങൾ മാത്രമാണ്. നീതി നിർവ്വഹിക്കപ്പെടുന്ന ഘട്ടമെത്തിയാൽ അവർ പരാജിതരായിരിക്കും. അത്തരം ആളുകളെ എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. അവർ ഈ ഐഹിക ജീവിതത്തെ കുറിച്ച് മാത്രമേ സംസാരിക്കൂ. വരാനിരിക്കുന്ന പരലോക ജീവിതത്തെ കുറിച്ച് അവർ മറക്കുകയും ചെയ്യുന്നു.

ഖുർആനിക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ, ഒരാൾ തന്റെ മേലുള്ള ദൈവത്തിന്റെ അവകാശത്തെകുറിച്ച് സ്വയം മറന്നുപോയാൽ അല്ലാഹുവിന്റെ സൃഷ്ടിയെ കുറിച്ച് അല്ലാഹുവും മറക്കും.

ഈ ഒരു പശ്ചാത്തലത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നെ ഉദ്ദരിക്കാം

ധാർമികത എന്നത് രണ്ട് വിധത്തിലുണ്ട്. ഒന്നാമത്തേത് ആധുനിക കാലത്തെ അഭ്യസ്ഥവിദ്യരായ ആളുകൾ അനുധാവനം ചെയ്യുന്ന ധാർമികതയാണ്. അവർ മറ്റൊരാളെ കണ്ടുമുട്ടുകയാണെങ്കിൽ വളരെ മൃദുവായിട്ടാണ് സംസാരിക്കുക. അവരുടെ ഒരേയൊരു ലക്ഷ്യം അയാളെ സന്തോഷിപ്പിക്കുക എന്നത് മാത്രമാണ്. അവരുടെ ഹൃദയം ചിലപ്പോൾ കാപട്യവും വിദ്വേഷവും നിറഞ്ഞതായിരിക്കും. ഈ ധാർമിക സമീപനം ഖുർആൻ പറഞ്ഞ ധാർമിക സമീപനവുമായി തികച്ചും വൈരുദ്ധ്യമുള്ളതാണ്. രണ്ടാമത്തെ ധാർമിക സ്വഭാവം എന്നത് കാപട്യവും വ്യാജസ്തുതിയും കൂടാതെ ഒരാളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന അനുതാപമാണ്.

വാഗ്ദത്ത മസീഹ്(അ) നെ ഉദ്ധരിച്ചു പറഞ്ഞ ഇക്കാര്യം തന്നെയാണ് എന്റെ അഭിസംബോധനയുടെ തലക്കെട്ടായിക്കൊടുത്തിട്ടുള്ളത്. അത് ഒരാളുടെ സംസാരത്തെ മൂന്ന് തരത്തിൽ തരം തിരിക്കുന്നു. ആദ്യത്തെത് സംസാരത്തിൽ നീതി പാലിക്കുക എന്നതാണ്. രണ്ടാമത്തേത് സംസാരത്തിൽ നീതിയേക്കാൾ അധികമായതും യഥാർത്ഥമായ കാരുണ്യം ഉളവാക്കേണ്ടതുമാണ്. മൂന്നാമത്തേത് നീതിയേക്കാളും കാരുണ്യത്തേക്കാളും വർദ്ധിച്ച നിലയിൽ മറ്റുള്ളവരോട് സംസാരി

ക്കുന്നതാണ്. അതായത് തന്റെ പ്രിയപ്പെട്ട കുഞ്ഞിനോട് മാതാവ് സംസാരിക്കുന്നത് പോലെ.

ആദ്യത്തെ ഘട്ടം നീതിയുടെതാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ചിടത്തോളം നീതിമാനെന്ന് അവകാശപ്പെടുന്ന ഒരാളെ പരിശോധനക്ക് വിധേയനാക്കുകയാണെങ്കിൽ അയാൾ മറ്റൊരു വ്യക്തിയുടെയോ തന്റെ ഏറ്റവും അടുത്ത ഒരാളുടെയോ നേരെ കാണിച്ച നീതിയുടെ തെളിവുകൾ ആവശ്യമായി വരും. ഇതാണ് തുടർന്നുള്ള വചനങ്ങളിൽ പറയുന്നത്.

**നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായു ബന്ധപ്പെട്ട ആളുമായോ ആളുകളുമായോ) നിങ്ങളുടെ അടുത്ത ബന്ധുവിനോടെന്നപോലെ നീതിപൂർവ്വം സംസാരിക്കുക. (സൂറ: അൽ-അനാം 6: 153)**

*ദാ ഖുർബാ* എന്ന ശൈലി സാധാരണയായി മനസ്സിലാക്കപ്പെടുന്നത് കേവലം ഒരു സ്നേഹിതനേക്കാൾ ഏറ്റവും അടുത്ത ബന്ധുക്കളെ സംബന്ധിച്ചുള്ളതായാണ്. എന്നാൽ ഈ ശൈലി അതിനേക്കാൾ വിശാലമായി പ്രയോഗിക്കാവുന്നതാണ്. അത് ഒരാളുടെ പ്രതിജ്ഞാബദ്ധമായ ഗോത്രത്തിലേക്കും പാർട്ടിയിലേക്കും പ്രയോഗിക്കുന്ന വിധം വിശാലമാക്കാവുന്നതാണ്. ഈ പ്രസ്താവനയുടെ വിശാലമായ അർത്ഥം ആധുനിക കാലത്തെ കക്ഷിരാഷ്ട്രീയത്തിലും പ്രയോഗിക്കാം. കക്ഷിരാഷ്ട്രീയത്തിൽ ഒരു പാർട്ടിയിലെ അംഗം ആ പാർട്ടിയോട് കൂറുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞയെടുത്തവനായിരിക്കണം. അപ്രകാരം ആഗോള രാഷ്ട്രീയ രംഗത്ത് സംഭവിക്കുന്നതും ഇത് തന്നെയാണ്. സൗഹൃദ രാഷ്ട്രങ്ങൾ തമ്മിൽ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. അവർ തങ്ങളുടെ ഗ്രൂപ്പിന്റെ പൊതുതാൽപര്യത്തിന്ന് വേണ്ടി മാത്രമാണ് നിലകൊള്ളുന്നത്. ശരിയോ തെറ്റോ എന്ന കാര്യം അപ്രസക്തമാണ്. സ്വാഭാവികമായും ഈ കൂട്ടുകെട്ടിന്നിടയിൽ നീതി ആവിയായിപ്പോകുന്നു. അവശേഷിക്കുന്നത് തികഞ്ഞ പക്ഷപാതിത്വം മാത്രം. ഈ കൂട്ടുകെട്ടുകൾ രൂപീകരിക്കപ്പെടുമ്പോൾ അവരുടെ നീതിസങ്കലപ്പങ്ങൾ ആപേക്ഷികം മാത്രമാണ്.

ഉദാഹരണത്തിന്ന് രാഷ്ട്രീയ മുന്നണിയുടെ ഒരു നേതാവ് നീതിയെപ്പറ്റി ഉറക്കെ സംസാരിക്കുമ്പോൾ അയാൾ അപ്പോഴും തന്റെ മുന്നണിയിലെ ഒന്നോ അതിലധികമോ അക്രമികളായ കക്ഷികളെ പിന്തുണക്കുന്നയാളായിരിക്കും. അക്രമത്തിന്റെ പേരിൽ തന്റെ സഖ്യകക്ഷികൾ മറ്റുള്ളവരുടെ പ്രതിഷേധം നേരിടുന്നവരുമായിരിക്കും. അപ്രകാരം ആഗോളതലത്തിൽ നോക്കുകയാണെങ്കിൽ .ഒരു സംഘം ശത്രുരാജ്യങ്ങൾ മറ്റൊരു രാജ്യത്തെ ആക്രമിക്കുകയാണെന്ന് വെക്കുക. അക്രമിക്കപ്പെടുന്ന രാജ്യം എതിർ ഗ്രൂപ്പിൽപെട്ട രാജ്യമല്ലെങ്കിൽ കൂടി പ്രസ്തുത രാജ്യങ്ങൾ ശത്രുരാജ്യത്തിന്റെ ആക്രമണത്തെ ഒന്നിച്ചു നിന്നുകൊണ്ട് ശക്തമായ രീതിയിൽ ഉറക്കെ അപലപിക്കും. ഇത് കമ്മ്യൂണിസ്റ്റ് സഖ്യകക്ഷികൾക്കും മുതലാളിത്ത സഖ്യകക്ഷികൾക്കും ഒരു പോലെ ബാധകമാണ്. മേൽ കാണിച്ച വീക്ഷണമനുസരിച്ച് വിശുദ്ധ ഖുർആൻ ഒരിക്കലും കേവല നീതിയെ പിന്തുണക്കുക മാത്രമല്ല ചെയ്യുന്നത്, അത്തരം അവകാശവാദം പുറപ്പെടുവിക്കുന്നവരുടെ ആത്മാർത്ഥത പരിശോധിക്കാനുള്ള മാർഗ്ഗം കൂടി ശുപാർശ ചെയ്യുന്നു. നീതിയെ കുറിച്ച് സംസാരിക്കുന്ന അത്തരം ആളുകൾ താൽക്കാലിക ബന്ധത്തിന്റെ പേരിൽ നീതിയെ കുറിച്ച് സംസാരിക്കുന്നത് ഖുർആനിക പരിശോധനയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ തെറ്റാണെന്ന് കാണാം.

## കേവല നീതി: ഇസ്‌ലാമിലെ പരിശുദ്ധ പ്രവാചകന്റെ മാതൃക

പരിശുദ്ധ പ്രവാചകൻ(സ) നീതി അതിന്റെ കേവലാർത്ഥത്തിൽ നിർവ്വഹിച്ച നിരവധി ഉദാഹരണങ്ങൾ ഈ പ്രഭാഷണ പരമ്പരയിൽ പറഞ്ഞിട്ടുണ്ട്. മുസ്‌ലിമിന്നെതിരെ ഒരു യഹൂദനും ഒരു ബിംബാരാധകന് പോലും അനുകൂലമായി റസൂൽ തിരുമേനി (സ) വിധി പറയുകയുണ്ടായി. സാമ്പത്തികമായ തർക്കങ്ങളിൽ അവിടുത്തെ വ്യക്തിപരമായ സമീപനം, നീതി വിധിക്കുക മാത്രമായിരുന്നില്ല. ഒരു പടികൂടി മുന്നോട്ട് വന്ന് പരാതിക്കാരനോട് കാരുണ്യത്തോടെ പെരുമാറുകയും കിട്ടേണ്ടതിനേക്കാൾ കൂടുതൽ തുക നൽകുകയുമുണ്ടായി. ഇതേ പ്രകാരം അനുവർത്തിക്കാൻ അവിടുന്ന് തന്റെ അനുയായികളോട് ഉപദേശിക്കുകയും ചെയ്തു. റസൂൽ തിരുമേനി (അ)യുടെ ഇത്തരത്തിലുള്ള പെരുമാറ്റം സാമ്പത്തിക തർക്കങ്ങളിൽ മാത്രമല്ല പ്രാവർത്തികമാക്കിയിരുന്നത്. അവിടുത്തെ പൊതുവേയുള്ള സ്വഭാവരീതി തന്നെ അപ്രകാരമായിരുന്നു. കടം വാങ്ങിയാൽ അത് മടക്കിക്കൊടുക്കുമ്പോൾ അവിടുന്ന് കൂടുതൽ കൊടുക്കുകയും അങ്ങനെ ചെയ്യാൻ സമൂഹത്തിലുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അവിടുത്തെ സാമ്പത്തിക ഇടപാടുകൾ അത്ഭുതകരമായിരുന്നു. ഒരാളുടെ ബന്ധുക്കളോടുള്ള പെരുമാറ്റത്തേക്കാൾ ഉപരിയായി കാരുണ്യത്തിന്റെ എല്ലാ സീമകളും കവിഞ്ഞൊഴുകുന്നതായിരുന്നു അവിടുത്തെ പെരുമാറ്റം.

ആയതിനാൽ നിസ്സംശയം പരിശുദ്ധ പ്രവാചകൻ(സ) കേവല നീതിയുടെ ആൾരൂപം മാത്രമായിരുന്നില്ല. അവിടുത്തെ പെരുമാറ്റം കാരുണ്യത്തിന്റെ മഹിതമായ അനേകം ഗുണങ്ങൾ പ്രകടമാക്കുന്നതായിരുന്നു. തന്റെ സേവകന്മാരെ പോലും ബന്ധുക്കളോടെന്ന പോലെ പെരുമാറിയിരുന്ന ആളുമായിരുന്നു.

## സംസാരത്തിലെ നീതി: ഒന്നാമത്തെ സവിശേഷത

സംസാരത്തിലെ നീതിയെപ്പറ്റി പരിഗണിക്കുമ്പോൾ വിശ്വാസികളോട് ഖുർആൻ ആവശ്യപ്പെടുന്നത്

വ്യക്തമായി വിവരിക്കുന്നു. താഹാ എന്ന ഖുർആൻ അദ്ധ്യായത്തിൽ അത് പറയുന്നുണ്ട്. അല്ലാഹു മൂസാ നബി (അ) യെയും ഹാറൂൻ നബി (അ) യെയും ഫിർഔന്റെ അടുത്തേക്ക് പോകാൻ ഉപദേശിക്കുന്ന സന്ദർഭത്തിൽ അവരെ ശക്തമായി താക്കീത് ചെയ്യുന്ന കാര്യം, സംസാരത്തിൽ മാന്യത പുലർത്തണമെന്നാണ്. അതായത് സന്ദേശം വളരെ പരുഷതയാർന്നതാണ്. അവരിരുവരും ഫിർഔനോട് പറയേണ്ട കാര്യം, ഫിർഔൻ അല്ലാഹുവിന്ന് എതിരെ അതിക്രമം കാണിക്കുകയും നിഷേധിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. എങ്കിലും ഈ സന്ദേശം കഴിയുന്നതും വളരെ സൗമ്യമായ രീതിയിൽ അവർക്ക് നൽകേണ്ടതുണ്ട്. ഈ ഉപദേശം താഴെ കാണുന്ന ഖുർആൻ വചനങ്ങളിൽ ഉളടങ്ങിയിട്ടുണ്ട്.

**നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുക്കലേക്ക് പോകുക. എന്നിട്ട് നിങ്ങൾ രണ്ടുപേരും അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ചിന്തിക്കുകയോ അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്തേക്കാം.(സൂറ: താഹാ 20: 45)**

## സംസാരത്തിലെ നീതി. രണ്ടാമത്തെ സവിശേഷത

അതിന് ശേഷം സംസാരത്തിലെ നീതിക്ക് സൗന്ദര്യത്തിന്റെ ഒരു പുതിയ മാനം കൂടി കൂട്ടിച്ചേർക്കുന്നു. സംസാരത്തിലെ നീതി നല്ലത് തന്നെ, പക്ഷേ അത് നീതിയേക്കാൾ കൂടുതൽ നല്ലതായിരിക്കണം. കൂടുതൽ ചാരുതയുള്ളതുമായിരിക്കണം. ഇതാണ് **ഹാമീം സജദ**യിൽ പ്രതിപാദിക്കുന്നത്. ഖുർആൻ താക്കീത് ചെയ്യുന്നു.

**അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ഞാൻ അനുസരണയുള്ളവരിൽ പെട്ടവൻ തന്നെയെന്ന് പറയുകയും ചെയ്തവനേക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്.? (ഹാ മീം സജ്ദ 41: 34)**

ഈ വചനത്തിൽ രണ്ട് കാര്യങ്ങളാണ് പ്രത്യേകം ഉന്നയിക്കുന്നത്. ഒന്നാമതായി അല്ലാഹുവിലേക്ക് (ഏറ്റവും സുന്ദരമായി) ക്ഷണിക്കുക, രണ്ടാമതായി അല്ലാഹുവിലേക്ക് വിളിക്കുന്നതിനേക്കാൾ നല്ല വാക്ക് (ഏറ്റവും സുന്ദരമായി) പറയാൻ ആർക്കാണ് കഴിയുക. ആരിലേക്കാണോ വിളിക്കപ്പെടുന്നത് ആ അല്ലാഹുവിനേക്കാൾ നല്ലവനാകാൻ ആർക്കും സാദ്ധ്യമല്ല. അവനിലേക്ക് വിളിക്കുന്ന ആളുകൾ എപ്പോഴും സത്യസന്ധരായിരിക്കും. നന്നായി സംസാരിക്കുന്നവരും ആയിരിക്കും. പക്ഷേ ഒരു ഉപാധി, ക്ഷണിക്കുന്നയാൾ അതിനനുസൃതമായി പ്രവർത്തിക്കണം എന്നതാണ്. അല്ലാത്ത പക്ഷം സംസാരം മനോഹരമാണെന്ന ഗണത്തിൽ പ്പെടുകയില്ല. ഇവിടെ അത്തരത്തിൽ അല്ലാഹുവിലേക്ക് വിളിക്കുന്ന നൂറായിരക്കണക്കിന് ആളുകളുണ്ടാകാം. അല്ലാ, ലോകത്ത് ലക്ഷക്കണക്കിന്ന് അത്തരം ആളുകളുണ്ടാകാം. എന്നാൽ ഈ നിർവ്വചന പ്രകാരം അവരുടെ ക്ഷണവും മനോഹരമാണെന്ന് വിവരിക്കപ്പെടേണ്ടതുണ്ട്. രണ്ടെണ്ണവും തമ്മിൽ വേർതിരിച്ചറിയാൻ ഇസ്‌ലാം പ്രത്യേകമായി നമ്മെ പഠിപ്പിക്കുന്നതെന്താണ്? അല്ലാഹുവിലേക്ക് ക്ഷണിക്കുന്നയാളുടെ സ്വഭാവത്തിന്ന് ഖുർആൻ ചില ഊന്നലുകൾ നൽകുന്നുണ്ട്. അതാണ് പ്രത്യേകമായുള്ള സവിശേഷതകൾ.

ഒരാളുടെ വ്യക്തിപരമായ പെരുമാറ്റം സാത്താനിക സ്വഭാവം പ്രകടമാക്കുമ്പോൾ അയാൾ മറ്റുള്ളവരെ അല്ലാഹുവിലേക്ക് വിളിക്കാൻ യോഗ്യനാക്കുന്നില്ല. അതുകൊണ്ട് തന്നെയാണ് വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പറയുന്നത് സന്തുലനാത്മകമാണ് എന്ന്. ആ സംന്തുനത്വമാകട്ടെ സ്വയം നീതി പൂർവ്വകവുമാണ്.

## സംസാരത്തിലെ നീതി: മൂന്നാമത്തെ സവിശേഷത

വിശുദ്ധ ഖുർആൻ 33:71-ാം സൂക്തത്തിൽ നേരെ ചൊവ്വേ സത്യം വെളിപ്പെടുത്തിയാൽ മാത്രം പോര അത് ഏറ്റവും ഋജുവായ മാർഗ്ഗത്തിലായിരിക്കണം പ്രകടിപ്പിക്കേണ്ടത് എന്നാണ്.

**വിശ്വസിച്ചവരെ അല്ലാഹുവിനെ ഭയപ്പെടുക ചൊവ്വായ വാക്ക് പറയുക. (അൽ അഹ്സാബ് 33:71)**

***കൗലി സദീദ്*** എന്നതിനർത്ഥം സത്യത്തിന്റെ ദിശയിലേക്കല്ലാതെ മറ്റൊരു ദിശയിലേക്കും വ്യതിചലിക്കാത്ത സംസാരം എന്നാണ്. വാക്കുകൾ യാതൊരു വളച്ചുകെട്ടുമില്ലാതെ നേരെ ചൊവ്വേ ആയിരിക്കണം. ചിലപ്പോൾ ഒരു സംസാരം സത്യസന്ധമായിരിക്കും, പക്ഷേ അതിൽ കേൾവിക്കാരനെ വഴിതെറ്റിക്കുന്ന വളവുകളും തിരിവുകളും ഉണ്ടാവും. പരിശുദ്ധ പ്രവാചക (സ)ന് അല്ലാഹു നൽകിയ അദ്ധ്യാപനം വ്യക്തമായി താക്കീത് ചെയ്യുന്നത് സത്യം പറഞ്ഞാൽ മാത്രം പോരെന്നാണ്. കേൾവിക്കാരന് ദുർവ്യഖ്യാനം ചെയ്യാൻ യാതൊരുവിധ പഴുതുമില്ലാത്ത വിധം നിർവ്യാജമായി സത്യം പറയണം. നേരെ ചൊവ്വേയുള്ള സത്യവുമായി ബന്ധപ്പെടുത്തി വിശുദ്ധ ഖുർആൻ മറ്റൊരു അപകടത്തെപ്പറ്റി താക്കീത് ചെയ്യുന്നുണ്ട്. ചിലപ്പോൾ ആളുകൾ അവർ തികച്ചും സത്യസന്ധരാണെന്ന് സ്വയം തന്നെ കരുതി സത്യം തീക്ഷ്ണമായ രീതിയിലും മറ്റുള്ളവരെ അപമാനിക്കുന്ന രീതിയിലും പ്രകടിപ്പിക്കാറുണ്ട്. എന്തായാലും നേരെ ചൊവ്വേ സത്യം പറയുക എന്നതിനർത്ഥം വന്യമായ രീതിയിൽ അരോചകമായി സത്യ പറയുക എന്നല്ല.

വിശുദ്ധ ഖുർആൻ നേരെ ചൊവ്വേ സത്യം പറയുക എന്ന് പരാമർശിക്കുമ്പോൾ ഒരാളുടെ മുഖത്തേക്ക് എന്തെങ്കിലും വലിച്ചെറിയുക എന്നല്ല അർത്ഥമാക്കുന്നത്. വിശുദ്ധ ഖുർആൻ നേരെ ചൊവ്വായ വാക്ക് പറയുന്നതും അപമാനിക്കുന്ന രീതിയിൽ സംസാരിക്കുന്നതും സംബന്ധിച്ചുമുള്ള വ്യത്യാസം

സത്യസന്ധതയെ കുറിച്ച് പറഞ്ഞ ശേഷം അടുത്ത വചനത്തിൽ അതിൽ നിന്നും ലഭിക്കുന്ന അനിതര സാധാരണമായ അനുഗ്രഹങ്ങളെ സംബന്ധിച്ചാണ്. പറയുന്നത്:

**അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനെയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്. (അൽ അഹ്സാബ് 33:72)**

നിങ്ങളുടെ സ്വഭാവം നന്നാക്കിത്തീർക്കണമെങ്കിൽ അപ്രകാരം നിങ്ങളുടെ സമൂഹത്തെ തിരുത്തണമെങ്കിൽ സത്യസന്ധത വളരെ അനിവാര്യമാണെന്ന കാര്യം ഈ വചനത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഋജു മാർഗ്ഗത്തിലുള്ള സത്യസന്ധത പാലിച്ചാൽ അത് നിങ്ങളുടെ സ്വഭാവത്തെ നന്നാക്കുവാൻ തുടങ്ങുന്നു എന്ന് മാത്രമല്ല നിങ്ങളുടെ മുൻ തെറ്റുകൾ മാപ്പ് നൽകപ്പെടുകയും ചെയ്യുന്നു. അത്തരം ആളുകളുടെ സമുന്നത നേട്ടങ്ങൾ ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആരാണോ ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകന്റെ വചനവും മാതൃകയും പിൻപറ്റുന്നത് അയാൾ തീർച്ചയായും ഉന്നതമായ നേട്ടങ്ങൾ കൈവരിക്കും.

## വീട്ടുകാര്യങ്ങളിൽ സംസാരിക്കുമ്പോഴുള്ള നീതി

ഞാൻ ഇപ്പോൾ വിവരിക്കുന്നത് ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥാപകൻ(സ) തന്റെ വീട്ടുകാരെ ഉപദേശിക്കുന്ന കാര്യത്തിൽ സംസാരത്തിൽ പാലിച്ച നീതിയെ കുറിച്ചാണ്.

റസൂൽ തിരുമേനി (സ) യുടെ ആദ്യ ഭാര്യയായിരുന്ന ഹദ്റത്ത് ഖദീജ(റ) ക്ക് ശേഷം അവിടുത്തെ ഭാര്യമാരിൽ വെച്ച് റസൂൽ തിരുമേനി (സ) ഏറ്റവും കൂടുതൽ സ്നേഹിച്ചത് ഹദ്റത്ത് ആയിശ(റ)യേയാണ്. ഒരിക്കൽ ആയിശ (റ) യുടെ സംസാരത്തിൽ അവിടുത്തെ അത്യുദാത്തമായ നീതി സങ്കൽപ്പത്തിന്ന് നിരക്കാത്ത ഒരു കാര്യം ശ്രദ്ധയിൽപ്പെടുകയുണ്ടായി. അപ്പോൾതന്നെ അവിടുന്ന് അവരെ ശാസിക്കുകയും ചെയ്തു. അതിമനോഹരമായ രീതിയിലാണ് ആയിശാ (റ) യെ അവിടുന്ന് ശാസിച്ചത്. ഹദ്റത്ത് ആയിശ (റ) തന്നെ അത് വിവരിക്കുന്നുണ്ട്: ഒരിക്കൽ ഞാൻ പരിശുദ്ധ പ്രവാചകന്റെ (സ) ഭാര്യ സഫിയ (റ) യെ പറ്റി, ശരീരപ്രകൃതിയിൽ പൊക്കം കുറഞ്ഞവളായിട്ടും അവരെ വളരെ പ്രിയപ്പെട്ടവളായി അവിടുന്ന് കാണുന്നതിൽ പരിഭവം പറഞ്ഞു. അവർ ഇത് പറയുമ്പോൾ സഫിയയുടെ പൊക്കകുറവിനെ പരിഹസിക്കാൻ തന്റെ ചെറുവിരൽ ഉയർത്തുകയുണ്ടായി. അവർ ഇപ്രകാരം പറയുന്ന കേട്ടപ്പോൾ പരിശുദ്ധ പ്രവാചകൻ (സ) അവരെ ശാസിച്ചുകൊണ്ട് പറഞ്ഞു: 'ആയിശാ താങ്കൾ ചെറിയ ഒരു വസ്തുവിനെ കുറിച്ച് പറയുന്നു. പക്ഷേ നിങ്ങൾ അത് ഒരു സമുദ്രം നിറയെയുള്ള ജലത്തിൽ ലയിപ്പിച്ചാൽ അതിന്റെ രുചി കൂടുതൽ അരോചകമായി തീരുകയാണ് ചെയ്യുക!' നോക്കൂ, സ്വഭാവികമായ അസൂയയോടെ ഹദ്റത്ത് ആയിശ (റ) അവിടുത്തെ മറ്റൊരു ഭാര്യയെ പരിഹസിച്ചപ്പോൾ അവിടുന്ന് അത് അവഗണിച്ചില്ല. ഉചിതസമ്പൂർണ്ണമായ ഒരു നിഷേധ പ്രതികരണമാണ് അവിടുന്ന നടത്തിയത്. നമുക്ക് ഊഹിക്കാൻ പോലും പറ്റാത്ത സമുന്നതമായ ഒരു നിഷേധം! 58

പരിശുദ്ധ പ്രവാചകൻ എങ്ങനെയാണ് സംസാരത്തിൽ നീതി പാലിക്കേണ്ടതെന്നും നമ്മുടെ ഭാഷണം എങ്ങനെ കൂടുതൽ അഴകുറ്റതാക്കാമെന്നും നമുക്ക് പഠിപ്പിച്ചു തന്നു. ഈ അടിസ്ഥാനപരമായ പ്രമാണങ്ങൾ അവലംബിക്കാതെ ലോകം ഈ ക്രമരാഹിത്യത്തിൽ നിന്നും ശുദ്ധീകരിക്കപ്പെടുകയില്ല. മനുഷ്യ ഹൃദയത്തിൽ ഗുപ്തമായി നിൽക്കുന്ന ഈ ആതുരാവസ്ഥക്ക് ശമനം വരാതെ മുഴു ലോകത്തും തുടർന്നുണ്ടാകുന്ന ക്രമഭംഗങ്ങൾ തിരുത്താനും സാദ്ധ്യമല്ല.

ഇപ്പോൾ നമുക്ക് സംസാരത്തിലെ നീതി എന്നതിന്റെ വിവിധങ്ങളായ അർത്ഥധ്വനികൾ പൂർണ്ണമായും മനസ്സിലായിക്കാണും. നമുക്ക് പ്രകൃതിയിൽ സാർവ്വത്രികമായി കാണുന്ന നീതിയുടെ മറ്റൊരു വശത്തേക്ക് തിരിയാം.

ഒരാളുടെ വ്യക്തിപരമായ പെരുമാറ്റം സാത്താനിക സ്വഭാവം പ്രകടമാക്കുമ്പോൾ അയാൾ മറ്റുള്ളവരെ അല്ലാഹുവിലേക്ക് വിളിക്കാൻ യോഗ്യനാക്കുന്നില്ല. അതുകൊണ്ട് തന്നെയാണ് വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പറയുന്നത് സന്തുലനാത്മകമാണ് എന്ന്. ആ സംന്തുലനത്വമാകട്ടെ സ്വയം നീതി പൂർവ്വകവുമാണ്.



# സിയോൺ ഫതഹെ അസീം മസ്ജിദ്:
## പ്രാർത്ഥനയുടെ സാഫല്യം




സർമദ് നവീദ്, കാനഡ

അമേരിക്കയിലെ ഇല്ലനോയ്സ് പ്രവിശ്യയിലെ സിയോണിൽ ഉദ്ഘാടനം ചെയ്ത ഫതഹെ അസീം മോസ്ക്കിന്റെ സംഭവബഹുലമായ ചരിത്രം ആരുടെയും മനം കവരുന്നതാണ്. നൂറ് വർഷത്തിന് ശേഷം വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അലക്സാണ്ഡർ ഡോവി എന്നയാളോടുള്ള പ്രാർത്ഥനാ സമരത്തിൽ വിജശ്രീലാളിതനാവുകയുണ്ടായി. നൂറ് വർഷത്തിന് ശേഷം വാഗ്ദത്ത മസീഹിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഈ പ്രാർത്ഥനാ സമരം നടത്തിയതിനടുത്തുള്ള പട്ടണത്തിൽ ഒരു മസ്ജിദ് ഉദ്ഘാടനം ചെയ്യുകയുണ്ടായി.

മസ്ജിദിന്റെ രാജകീയ പ്രഭ കറുത്ത ആകാശത്തെ ഭേദിച്ചു ജ്വലിച്ചു നിന്നു. എന്നാൽ ഖലീഫത്തുൽ മസീഹ് ഖാമിസ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ അനുഗ്രഹീത വദനകാന്തിയെ വെല്ലുന്ന ഒരു പ്രഭയും അവിടെയുണ്ടായിരുന്നില്ല. ഹുസൂറിന്റെ സന്ദർശനത്തിനോടനുബന്ധിച്ച് ആയിരക്കണക്കിന് ആളുകൾ സിയോൺ നഗരത്തിൽ വരുകയുണ്ടായി. മസ്ജിദ് ഉദ്ഘാടനത്തിന് അവിടെ കൂടിയവരിൽ ദശാബ്ദങ്ങളായി സിയോണിൽ താമസിക്കുന്ന അബൂബക്കർ സാഹിബ്, ദിയാ അബൂബക്കർ സാഹിബ എന്നീ രണ്ടു പേരുമുണ്ടായിരുന്നു.

അവരോട് സംസാരിക്കുന്നത് കൗതുകകരമാണ്. ഈ ദമ്പദികളുടെ ജീവിതത്തിൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ അത്യാഗാധമായ സ്വാധീനം ദൃശ്യമാണ്. വാഗ്ദത്ത മസീഹിന്റെ (അ) സന്ദേശം സിയോണിൽ എത്തിയപ്പോൾ സിയോണിന്റെ അടിത്തറയെ അത് പിടിച്ചുകുലു




ക്കുകയുണ്ടായി. സിയോണിൽ ഇന്ന് ജീവിച്ചിരിക്കുന്നവരെ പോലും അതിന്റെ ആഘാതം പ്രകമ്പനം കൊള്ളിക്കുന്നു.

അബൂബക്കർ സാഹിബ് സിയോണിൽ താമസമാക്കാൻ തുടങ്ങിയത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമായിരുന്നു. ഞാൻ സിയോണിലേക്ക് താമസം മാറ്റിയത് മുതൽ അനുഗ്രത്തിന് മേൽ അനുഗ്രഹം അനുഭവിച്ചുവരുന്ന ആളാണ് അബൂബക്കർ സാഹിബ് പറഞ്ഞു. ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ നിർദ്ദേശം അനുസരിച്ചില്ലെങ്കിൽ എനിക്ക് ഞാൻ എന്തായിത്തീരുമെന്ന് അറിയില്ലായിരുന്നു. ഖലീഫയുടെ ആജ്ഞകൾ അനുസരിക്കുകയാണെങ്കിൽ പ്രാർത്ഥനയിലൂടെ അല്ലാഹുവിന്റെ സംരക്ഷണം നിങ്ങൾക്ക് ലഭിക്കുന്നതാണ്. അബൂബക്കർ സാഹിബ് പറഞ്ഞു.

അബൂബക്കർ സാഹിന്റെ ഭാര്യ ദിയാ അബൂബക്കർ 24-ാം വയസ്സിൽ ഇസ്‌ലാം മതം സ്വീകരിക്കുകയും അഹ്‌മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. ഖിലാഫത്താണ് ജീവിതത്തിലെ ചാലക ശക്തിയായി അവർ കാണുന്നത്.

അല്ലാഹു എന്നിലേൽപ്പിച്ചതാണ് ഈ ദൗത്യം എന്ന് ഞാൻ വിശ്വസിക്കുന്നു. രണ്ട് ഖലീഫമാരോടും എനിക്ക് വ്യക്തിപരമായുള്ള ബന്ധം നിലനിർത്താൻ കഴിഞ്ഞു. എനിക്ക് ശരിയായ പാതയിൽ ചരിക്കാൻ ഒരു വെളിച്ചം കാണാൻ സാധിച്ചത് ആ ബന്ധം (ഖിലാഫത്തിനോട്) കൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്ന് ദിയാ അബൂബക്കർ അമേരിക്കയിലെ സ്ത്രീകളുടെ സംഘടനയായ ലജ്നാ ഇമായില്ലായുടെ ദേശീയ പ്രസിഡന്റാണ്. വമ്പിച്ച ഉത്തരവാദിത്തമുള്ള നേതൃത്വപരമായ ഒരു പദവിയാണ്. ഭയപ്പെടുത്തുന്ന ഒരു ജോലിയാണിത്. പക്ഷേ എല്ലാ ഒരോ ചുവടുവെപ്പിലും ഖലീഫാ തിരുമനസ്സിന്റെ പിന്തുണയും മാർഗ്ഗനിർദ്ദേശവും തനിക്ക് ലഭിക്കുന്നുണ്ടെന്ന് അവർ പറഞ്ഞു.

ഖലീഫത്തുൽ മസീഹ് എന്റെ കൈപിടിച്ച് എന്നെ നയിക്കുന്നതായിട്ടാണ് എനിക്ക് അനുഭവപ്പെടുന്നത്. ഞാൻ പ്രാർത്ഥന ആവശ്യപ്പെട്ട് അയക്കുന്ന കത്തുകൾ ഈ ഭാരിച്ച ഉത്തരവാദിത്തത്തിലിരിക്കുന്ന എനിക്ക് ഖലീഫത്തു മസീഹ് അയക്കുന്ന മറുപടികൾ നിങ്ങൾ സങ്കൽപ്പിക്കുന്നതിനേക്കാൾ എന്നെ കർമ്മോജ്ജ്വലയാക്കുന്നു. അദ്ദേഹം എനിക്ക് വേണ്ടി പ്രാർത്ഥിക്കുകയും എനിക്ക് വിലയേറിയതും ജ്ഞാന നിർഭരമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശവും നൽകുകയും ചെയ്യുന്നു.

വാഗ്ദത്ത മസീഹിന്റെ പ്രതിനിധികളുടെ പരമ്പര ഇപ്പോഴും സിയോണിനെ പിടിച്ചു കുലുക്കിക്കൊണ്ടിരിക്കുന്നു. മസ്ജിദിന് ഏറ്റവും ഉചിതമായ നാമമാണ് നൽകിയിരിക്കുന്നത് മഹത്തായ വിജയത്തിന്റെ മസ്ജിദ് (മസ്ജിദ് ഫതഹെ അസീം). സിയോണിലെ ജനങ്ങൾ ദീർഘനാൾ കാത്തിരുന്ന ഒരു നിമിഷമാണിത്. മസ്ജിദിന്റെ നിർമ്മാണത്തിൽ ഒരുപാട് തടസ്സങ്ങളുണ്ടായപ്പോൾ ഖലീഫത്തുൽ മസീഹിന്റെ പ്രാർത്ഥനയാണ് ആ തടസ്സങ്ങളെല്ലാം മാറ്റിത്തന്നത്.

**ശേഷം പേജ് 29 ൽ**




# അമേരിക്കയിൽ ഒരു അത്ഭുത ദൃഷ്ടാന്തം

അമേരിക്കയിലെ സിയോണിൽ താൻ യേശുവിന്റെ രണ്ടാം വരവിന് മുമ്പേ വരേണ്ട ഏലിയാവാണെന്ന് പറഞ്ഞ് ഡോ. ജോൺ അലക്സാണ്ടർ ഡോവി എന്ന ഒരാൾ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ കാലത്ത് രംഗപ്രവേശനം ചെയ്യുകയുണ്ടായി. ക്രിസ്തീയ ലോകത്തിന്റെ വമ്പിച്ച പിന്തുണ ആർജ്ജിച്ച ഡോ.ഡോവി ഇസ്‌ലാമിനെ നശിപ്പിക്കലാണ് തന്റെ ദൗത്യമെന്നും പ്രഖ്യാപിച്ചു വൻപ്രചാരണം നടത്തി. അവസാനം ഹദ്റത്ത് അഹ്മദ് (അ) മായുള്ള ആത്മീയ സമരത്തിൽ അദ്ദേഹത്തിന്റെ ജീവിതവും സിയോൺ നഗരവും ദിവ്യദൃഷ്ടാന്തം എന്നോണം നശിപ്പിക്കപ്പെടുകയുണ്ടായി. ഇന്ന് സിയോണിൽ അഹ്മദികളുടെ 'ഫത്ഹെ അസീം മോസ്ക്ക് ' ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കയാണ്. മർഹൂം എൻ അബ്ദുർറഹീം സാഹിബിന്റെ ഹദ്റത്ത് അഹ്മദ് (അ) എന്ന ഗ്രന്ഥത്തിൽ നിന്നും ഡോ.ഡോവിയെ കുറിച്ചുള്ള ലേഖനം ഇവിടെ പ്രസിദ്ധീകരിക്കുക യാണ്.

**എൻ അബ്ദുർറഹീം സാഹിബ്**

യേശുവിന്റെ രണ്ടാം വരവിന് മുമ്പായി വഴിയൊരുക്കാൻ വന്ന ഏലിയാ പ്രവാചകനാണ് ഞാൻ എന്ന് വാദിച്ച ഷിക്കാഗോവിലെ ഡോ. ജോൺ അലക്സാണ്ടർ ഡോവി തന്റെ ജീവിതകാലത്ത് തന്നെ ഏറ്റവും ദാരുണമായ അന്ത്യത്തെ അഭിമുഖീകരിക്കുമെന്നും അദ്ദേഹത്തിന്റെ സിയോൺ (Zion) നഗരത്തിൽ ആപത്തുകൾ ഇറങ്ങുമെന്നും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) 1902 ൽ പ്രവചിക്കുകയും ആ പ്രവചനം അത്ഭുതകരമായി പുലരുകയുമുണ്ടായി.

1847 ൽ സ്ക്കോട്ട്ലന്റിലാണ് ഡോ. ജോൺ അലക്സാണ്ടർ ഡോവി ജനിച്ചത്. ആസ്ത്രേലിയായിൽ ആയിരുന്നപ്പോൾ അദ്ദേഹം വിശ്വാസ ചികിത്സയിൽ (Faith of Healing) തൽപ്പരനായി. 1888


John Alexander Dowie

അമേരിക്കയിൽ താമസമാക്കിയ ശേഷം ഷിക്കാഗോക്കടുത്ത് സിയോൺ കേന്ദ്രമാക്കി 1896 ൽ 'ക്രിസ്ത്യൻ കത്തോലിക് ചർച്ച്' സ്ഥാപിക്കുകയും അവിടെ പുതിയ ഒരു ക്രൈസ്തവ സമൂഹത്തിന് രൂപം നൽകുകയുമുണ്ടായി. കോടീശ്വരന്മാരായ അനുയായികൾ ഡോവിയുടെ ഇഷ്ടത്തിനനുസരിച്ച് പണം മുടക്കുകയും അവിടെ ആവാസ മുറപ്പിക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനിടക്ക് ഡോവിക്ക് പതിനായിരക്കണക്കിന് അനുയായികളുണ്ടായി. അമേരിക്കയിലെ മറ്റേതൊരു നഗരത്തോടും കിടപിടിക്കുമാറ് സിയോൺ നഗരം അഭിവൃദ്ധിപ്പെട്ടു. പ്രാർത്ഥന കൊണ്ടും തന്റെ കരസ്പർശനത്താലും രോഗം മാറുന്നതാണെന്നും ആരും മരുന്നു ഉപയോഗിക്കേണ്ട ആവശ്യമില്ലെന്നും ഡോ. ഡോവി പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ അദ്ദേഹം പരിചയസമ്പന്നനായ ഒരു ഹിപ്നോടിസ്റ്റ് ആയിരുന്നു. ലീവ്സ് ഓഫ് ഹീലിംങ്ങ് (Leaves of Healing) എന്ന പേരിൽ അദ്ദേഹം പുറപ്പെടുവിച്ചുകൊണ്ടിരുന്ന പത്രത്തിന് വമ്പിച്ച പ്രചാരം സിദ്ധിച്ചു. അമേരിക്കയിൽ അങ്ങോളമിങ്ങോളം യൂറോ

പ്പിലും അദ്ദേഹത്തിന് അനുയായി കളുണ്ടായിരുന്നു.

കഴിഞ്ഞ പന്ത്രണ്ട് കൊല്ലത്തോളം അലക്സാഡർ ഡോവിയെപ്പോലെ അമേരിക്കൻ പത്രങ്ങളിൽ അത്രയേറെ പ്രസിദ്ധി നേടിയ മറ്റൊരാളുണ്ടായിട്ടില്ല എന്നാണ് ഡോ. ഡോവിയുടെ ജീവചരിത്ര ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഷിക്കാഗോവിലെ പ്രൊഫ. സാൻ ഫ്രാൻ ക്ലീൻ ഡോൺസ് പ്രസ്താവിച്ചത്. ഡോ. ഡോവി ഇസ്‌ലാമിന്റെ കടുത്ത ഒരു എതിരാളിയായിരുന്നു. ഇസ്‌ലാമിനെ നശിപ്പിക്കാൻ അയാൾ അരയും തലയും മുറുക്കി പ്രവർത്തിച്ചുപോന്നു. ലീവ്സ് ഓഫ് ഹീലിംങ്ങിൽ അദ്ദേഹം ഇപ്രകാരം എഴുതി. ഞാൻ അമേരിക്കയിലെയും യൂറോപ്പിലെയും ക്രിസ്തീയ സമൂഹങ്ങളെ ഉണർത്തിച്ചു കൊള്ളട്ടെ ഇസ്‌ലാം ഇന്നും മരിച്ചു കഴിഞ്ഞിട്ടില്ല. അത് ഇന്നും ചൈതന്യവത്താണ്. ഇസ്‌ലാമിന്റെ വേരറുക്കേണ്ടത് ആവശ്യമത്രെ. നിശ്ചയമായും മുഹമ്മദീയ മതം നാശത്തെ നേരിടാനിരിക്കുന്നു. എന്നാൽ ഇത് അടിയുറപ്പില്ലാത്ത ലത്തീൻ ചർച്ച് മുഖേന സാദ്ധ്യമല്ല. മിശിഹായെ പേരിനു മാത്രം കൈകൊള്ളുന്നവരുടെ തളർന്നു തകർന്ന പള്ളി സഭകൾ മുഖേനയും അല്ല ഇത് സാധിതപ്രായമാകുക. (Leaves of Healing 25-8-1900)

യേശുവിന്റെ പുനരാഗമനത്തിനും മുമ്പായി ഇസ്‌ലാമിനെ നശിപ്പിക്കാൻ ദൈവം തന്നെ നിയോഗിച്ചിരിക്കയാണെന്ന് ഡോവി പ്രഖ്യപിച്ചു. എന്റെ പ്രാർത്ഥനമൂലം സകല മുസ്‌ലിംകളും നാശമടയുന്നതും ഇസ്‌ലാമിന്റെ വേരറുക്കപ്പെടുന്നതുമായിരിക്കും. കഅബ വിജനമായിത്തീരുന്നതുമായിരുരിക്കും. എന്നും അയാൾ എഴുതുകയുണ്ടായി വമ്പിച്ച ജനപിന്തുണക്കിടയിൽ ഒരു ഘട്ടത്തിൽ അയാൾ പറഞ്ഞു: 'ഞാൻ ഒരു സത്യ പ്രവാചകനല്ലെങ്കിൽ ദൈവത്തിന്റെ സത്യ പ്രവാചകനായി ഭൂമിയിൽ മറ്റാരാണുള്ളത്?'



## ദിവ്യസമരത്തിന് ആഹ്വാനം

ഡോ. ഡോവിയെ കുറിച്ചും അയാളുടെ വാദങ്ങളെ കുറിച്ചും അറിവ് ലഭിച്ചപ്പോൾ ഹദ്റത്ത് അഹ്മദ് (അ) 1902 ൽ ആഗസ്ത് 8 ന് അദ്ദേഹത്തിന് ഒരു തുറന്ന കത്തെഴുതി. യേശു മരിച്ചുപോയിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ കബർ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നുവെന്നും അറിയിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ആ കത്തിൽ ഡോ. ഡോവിയെ ഒരു ദിവ്യസമരത്തിന് ആഹ്വാനം ചെയ്യുകയുണ്ടായി. ഇസ്‌ലാമിനെ സംരക്ഷിക്കുവാനും അതിനെ വിജയിപ്പിക്കുവാനും താൻ ദൈവത്താൽ നിയുക്തനായിരിക്കയാണെന്നും. ഡോവി ഇസ്‌ലാമിനെ നശിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുകയാണെങ്കിൽ ആ അവകാശവാദത്തിന്റെ സത്യയുക്തി തെളിയിച്ചു കാണിക്കാൻ രംഗത്ത് വരേണ്ടതാണെന്നും അദ്ദേഹം അതിൽ പ്രസ്താവിച്ചു. കപടവാദി ആരാണോ അയാളെ സത്യവാദിയുടെ ജീവിത കാലത്ത് ശിക്ഷിച്ചു നശിപ്പിക്കുന്നതിന് വേണ്ടി ഇരുവരും ദൈവത്തോടു പ്രാർത്ഥിക്കണം. പ്രപഞ്ചനാഥനായ ദൈവം തന്റെ തോട്ടത്തിന്റെ സംരക്ഷണം ഒരാളെ ഏൽപ്പിച്ചു കഴിഞ്ഞിരിക്കേ അതേ അവകാശവാദവുമായി മറ്റൊരാൾ മുന്നോട്ടു വന്നാൽ തന്റെ യഥാർത്ഥ പ്രതിനിധിയുടെ അവകാശ സത്യം തെളിയിച്ചുകാട്ടാൻ ഓടിയെത്തുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സത്യവാദിയെയും കപടവാദിയെയും വേർതിരിക്കുന്നതിന് ദൈവം ഒരു സത്യ ദൃഷ്ടാന്തം വെളിപ്പെടുത്തുകയും ചെയ്യും. ഇത്തരം ഒരു പ്രാർത്ഥനാ സമരത്തിന് മുന്നോട്ടു വരാൻ ഡോ.ഡോവിയെ ഹദ്റത്ത് അഹ്മദ് (അ) തന്റെ തുറന്ന കത്തിൽ വെല്ലു വിളിച്ചു. (Review of Relegions, Sep 1902)

ഈ ആഹ്വാനത്തിന് മറുപടി നൽകാതെ ഡോ. ഡോവി നിശബ്ദത പാലിക്കുകയാണ് ചെയ്തത്. എന്നാൽ ഇത് അദ്ദേഹത്തിന്

യേശുവിന്റെ പുനരാഗമനത്തിനും മുമ്പായി ഇസ്‌ലാമിനെ നശിപ്പിക്കാൻ ദൈവം തന്നെ നിയോഗിച്ചിരിക്കയാണെന്ന് ഡോവി പ്രഖ്യപിച്ചു. എന്റെ പ്രാർത്ഥനമൂലം സകല മുസ്‌ലിംകളും നാശമടയുന്നതും ഇസ്‌ലാമിന്റെ വേരറുക്കപ്പെടുന്നതുമായിരിക്കും. കഅബ വിജനമായിത്തീരുന്നതുമായിരിക്കും എന്നും അയാൾ എഴുതുകയുണ്ടായി. വമ്പിച്ച ജനപിന്തുണക്കിടയിൽ ഒരു ഘട്ടത്തിൽ അയാൾ പറഞ്ഞു: 'ഞാൻ ഒരു സത്യ പ്രവാചകനല്ലെങ്കിൽ ദൈവത്തിന്റെ സത്യ പ്രവാചകനായി ഭൂമിയിൽ മറ്റാരാണുള്ളത്? '

അങ്ങനെ അഗണ്യ കോടിയിൽ തള്ളിക്കളയാൻ സാധിക്കുമായിരുന്നില്ല. എന്തെന്നാൽ ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനം അമേരിക്കൻ പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതിലടങ്ങിയ ന്യായയുക്തിയെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

സാൻഫ്രാൻസിസ്ക്കോയിലെ അർഗുനാട്ട് (Argunaut) എന്ന പത്രം ഇപ്രകാരം പ്രസ്താവിച്ചു. 'ഡോ.ഡോവിക്ക് മിർസാ എഴുതിയ കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു. നിങ്ങൾ ഒരു മതവിഭാഗത്തിന്റെ തലവനാണല്ലോ. എനിക്കും ധാരാളം അനുയായികളുണ്ട്. നാം ഇരുവരിൽ ദൈവത്തിന്റെ ആൾ ആരാണെന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാകുന്നതിന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ആരുടെ പ്രാർത്ഥനയാണോ സ്വീകരിക്കപ്പെടുന്നത് അയാൾ ദൈവത്തിന്റെ ആളാണെന്ന് തീർച്ചപ്പെടുത്താം. നാം ഇരുവരിൽ ആരാണോ കപടവാദി അയാളെ ആദ്യം നശിപ്പിക്കണമെന്നതായിരിക്കണം ആ പ്രാർത്ഥന. ഇത് എത്രയും നീതിയുക്തവും നീതി പൂർവ്വവുമായ ഒരു സത്യ നിർണ്ണയ മാർഗ്ഗം തന്നെയാണെന്നതിൽ സംശയമില്ല. (Argunaut Sanfransisco 1-12-1902)

## വീണ്ടും വെല്ലുവിളി

1902 ആഗസ്റ്റിൽ പുറപ്പെടുവിച്ച ആ ആഹ്വാനത്തിന് ഡോ. ഡോവിയിൽ നിന്നും പ്രതികരണങ്ങളൊന്നുമില്ലെന്ന് കണ്ടപ്പോൾ ഹദ്റത്ത് അഹമദ് 1903 ൽ തന്റെ വെല്ലുവിളി ആവർത്തുച്ചു. അതിൽ അദ്ദേഹം ഇപ്രകാരം എഴുതി. എനിക്ക് ഏതാണ്ട് 70 വയസ്സായി ഡോ. ഡോവിക്കാണെങ്കിൽ അദ്ദേഹം പറയുന്നത് പ്രകാരം 55 ആണ് പ്രായം. എന്നെ അപേക്ഷിച്ച് ഡോ. ഡോവി ഇപ്പോഴും ചെറുപ്പമാണ്. എന്നാൽ ഇത് വയസ്സുകൊണ്ട് തീരുമാനിമാക്കേണ്ട പ്രശ്നമല്ല. അതിനാൽ വയസ്സിലുള്ള അന്തരത്തെ ഞാൻ ഗണ്യമാക്കുന്നില്ല. സകല കാര്യങ്ങളും ദൈവത്തിന്റെ കൈകളിലാണ് സ്ഥിതിചെയ്യുന്നത്. അവനാകട്ടെ ആകാശഭൂമികളുടെ അധിനാഥനും വിധികർത്താക്കളുടെ വിധി കർത്താവുമാണല്ലോ. സത്യവാദിക്കനുകൂലമായി അവൻ വിധി കൽപ്പിക്കുക തന്നെ ചെയ്യും.

ഹദ്റത്ത് അഹ്മദിന്റെ ഈ രണ്ടാമത്തെ ആഹ്വാനത്തിന് അമേരിക്കൻ പത്രങ്ങൾ വിപുലമായ പ്രസിദ്ധീകരണം ലഭിക്കുകയുണ്ടായി. പ്രവചനം പ്രസിദ്ധീകരിച്ച് 32 ഓലം പത്രങ്ങളുടെ പേരുകൾ ഹദ്റത്ത് അഹ്മദ് (അ) ഹഖീകത്തുൽ വഹ്യ് എന്ന തന്റെ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. (ഹഖീകത്തുൽ വഹ്യിൽ ഹദ്റത്ത് അഹ്മദ് (അ) കൊടുത്ത 25 പത്രങ്ങളുടെ പേരുകളും എൻ അബ്ദുറഹീം സാഹിബും തന്റെ ഹദ്റത്ത് അഹ്മദ് (അ) എന്ന ഗ്രന്ഥത്തിൽ 502, 503 പേജുകളിൽ എടുത്ത് ചേർത്തിട്ടുണ്ട്, ആ പേരുകൾ ഈ ലേഖനത്തിൽ ഒഴിവാക്കുകയാണ്. പത്രാധിപർ) തന്റെ രണ്ടാമത്തെ ആഹ്വാനത്തിനും ഡോ. ഡോവി മറുപടി നൽകാതിരുന്നപ്പോൾ ഹദ്റത്ത് അഹ്മദ് ഇപ്രകാരം പ്രഖ്യാപിച്ചു. തന്നെ കാത്തിരിക്കുന്ന മരണത്തിൽ നിന്നും ഓടിപ്പോകാൻ അദ്ദേഹം എത്രതന്നെ ശ്രമിച്ചാലും ഇത്തരമൊരു പോരാട്ടത്തിൽ നിന്നും അദ്ദേഹത്തിന്റെ ആ ഒളിച്ചോട്ടം മരണത്തിലേക്കല്ലാതെ മറ്റെങ്ങോട്ടും ആയിരിക്കില്ല. ആപത്തുകൾ അദ്ദേഹത്തിന്റെ സിയോൺ നഗരത്തെ പിടികൂടുകയും ചെയ്യും. എന്തെന്നാൽ ഈ ആഹ്വാനം സ്വീകരിച്ചാലും ഇല്ലെങ്കിലും ഇതിന്റെ അനന്തര ഫലംങ്ങൾ അദ്ദേഹം അനുഭവിച്ചേ തീരു. (New comercial advertiser Newyork 26-10-903)

## ഡോ .ഡോവിയുടെ പ്രതികരണം

ഡോ. ഡോവിക്ക് വളരെക്കാലം നിശബ്ദനായിരിക്കാൻ കഴിഞ്ഞില്ല. ചില പത്രങ്ങളടക്കം പല കേന്ദ്രങ്ങളിൽ നിന്നും മറുപടി നൽകാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിരുന്നു. ഒടുവിൽ ഡോ. ഡോവി തന്റെ പത്രത്തിൽ ഇപ്രകാരം എഴുതി.

യേശു കശ്മീരിലാണ് മറയടക്കപ്പെട്ടതെന്ന് കാണിച്ച് എനിക്ക് കൂടെ കൂടെ എഴുതിക്കൊണ്ടിരിക്കുന്ന വങ്കനായ മുഹമ്മദീ മസീഹ് ഇന്ത്യയിലുണ്ട്. ഞാൻ എന്തുകൊണ്ട് അദ്ദേഹത്തിന് മറുപടി നൽകുന്നില്ല. എന്ന് ആളുകൾ ചോദിക്കുന്നു. ഇത്തരം കൊതുകുകൾക്കും ഈച്ചകൾക്കും മറുപടി നൽകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ അവയുടെ മേൽ കാലൂന്നിയാൽ അവയെല്ലാം ഞെരിഞ്ഞമർന്നു പോകും. അവയ്ക്കെല്ലാം പറന്നു കളയാനും ജീവിച്ചുകൊള്ളാനും ഞാൻ അവസരം നൽകുന്നു എന്ന് മാത്രമാണ്. (Leaves of Healing)

ഡോ. ഡോവിയുടെ മറുപടി കണ്ടപ്പോൾ ഡോവിയും താനും തമ്മിലുള്ള ദിവ്യസമരത്തിൽ അന്തിമ വിധിതേടിക്കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. പ്രശസ്തിയുടെ കൊടുമുടിയിൽ വിരാചിച്ചിരുന്ന ഡോ. ഡോവി അഹങ്കാരം കൊള്ളുകയായിരുന്നു. ആയിടക്കാണ് ഹദ്റത്ത് അഹമദ് (അ)ന്റെ രണ്ടാമത്തെ ആഹ്വാനത്തെ നേരിടേണ്ടി വന്നത്. അരോഗ ദൃഢഗാത്രനായ ഡോവി ഒരു രാജകുമാരനെപ്പോലെ സുഖ സന്തുഷ്ടമായ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രവചനം പ്രസിദ്ധം ചെയ്യപ്പെട്ടതോടെ ഡോ. ഡോവിയുടെ പതനം അനിവാര്യമായി തീർന്നു. (തുടരും)

www.alislam.org

# മുഹമ്മദ് നബി (സ):
# വർത്തമാന കാലത്തെ ആക്ഷേപങ്ങളും മറുപടിയും

2022 സെപ്തംബർ 10 11 തിയ്യതികളിൽ കരുനാഗപ്പള്ളിയിൽ നടന്ന മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന സമ്മേളനത്തിൽ ചെയ്ത പ്രസംഗം. (രണ്ടാം ഭാഗം)

എ. എം. മുഹമ്മദ് സലീം

### ബഹുഭാര്യാത്വം ഇസ്‌ലാമിൽ പൊതുനിയമമല്ല

പ്രത്യേകം മനസ്സിലാക്കേണ്ടത് ഇസ്‌ലാമിൽ ബഹുഭാര്യാത്വം സാർവ്വത്രിക നിയമമല്ല. (General Law). കർശനമായ ഉപാധികളോടെയുള്ള സോപാധിക പ്രത്യേക നിയമമാണ് (Special Law). ബഹുഭാര്യാത്വം മുഖ്യമായും വിധവകളുടേയും അനാഥകളുടേയും ക്ഷേമം ലക്ഷ്യമാക്കിയാണ് ആവിഷ്ക്കരിച്ചത്. ബഹുഭാര്യാത്വത്തിന്റെ ദുരുപയോഗം ഇസ്‌ലാമിന്ന് ചീത്തപേരുണ്ടാക്കിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. സാധാരണ നിയമം പറയുമ്പോൾ അതിന്റെ പൊതുനിയമമാണ് പറയുക. പൊതുനിയമം എന്ന നിലക്ക് ഏകഭാര്യയെ വേൾക്കാനാണ് ഖുർആന്റെ കൽപ്പന. ബഹുഭാര്യാത്വം എന്നത് ഇസ്‌ലാമിൽ കർശനമായ പ്രത്യേക ഉപാധികളോടുകൂടിയ വിവാഹമാണ്. ഖുർആൻ പറയുന്നു:

**'അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന മറ്റു സ്ത്രീകളിൽ നിന്നും രണ്ടോ മൂന്നോ നാലോ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക) അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അധീന സ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്തു കൊള്ളുക.) നീതി പാലനത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാനുള്ള ഏറ്റവും ഉത്തമ മാർഗ്ഗമാണിത്.' (4:3,4)**

അനാഥ സംരക്ഷണത്തെയും അവരോട് നീതി പാലിക്കേണ്ടതിനെക്കുറിച്ചും പറഞ്ഞുകൊണ്ടാണ് ഈ ആയത്ത് ആരംഭിക്കുന്നത്. അനാഥകളുടെ നിസ്സയാവസ്ഥ പരിഗണിച്ച് അവരെ തങ്ങളുടെ ഭാര്യയായോ, രണ്ടാം ഭാര്യയായോ സ്വീകരിക്കാനാഗ്രഹിക്കുന്നവർ കർശനമായ നീതി തത്വങ്ങൾ പാലിച്ചിരിക്കണം. എങ്കിൽ മാത്രമേ രണ്ടാം വിവാഹത്തിന്നും തുടർന്നുള്ള വിവാഹങ്ങൾക്കും അനുമതിയുള്ളൂ. അല്ലാത്തപക്ഷം സാധാരണ പോലെ ഏക ഭാര്യയേ മാത്രമെ വേൾക്കാൻ പാടുള്ളൂ. **'എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക)'** ഇങ്ങനെ ഒരു സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളൂ എന്ന നിശ്ക്കർശ വിശുദ്ധ ഖുർആനിൽ മാത്രമെ കാണാൻ കഴിയൂ എന്ന കാര്യവും നീതിമാന്മാരായ വിമർശകന്മാർ കാണാതെപോവരുത്. ബഹുഭാര്യാത്വത്തെ ഒന്നുകൂടി പരിമിതപ്പെടുത്തുന്ന വിധം അതേ സൂറത്തിൽ 130-ാം വചനത്തിൽ മറ്റൊരു പ്രതിപാദനം കാണാം.

**'നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പുലർത്താനാവുകയില്ല. അതിനാൽ നിങ്ങൾ (ഒരുത്തിയുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞുപോകരുത്. (അതിന്റെ ഫലം) മറ്റവളെ നിങ്ങൾ ബന്ധിക്കപ്പെട്ട വസ്തുവിനെ പോലെ വിടുകയായിരിക്കും. നിങ്ങൾ പരസ്പരം രഞ്ജിപ്പുണ്ടാക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ (ഓർക്കുക). തീർച്ചയായും അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാമയനുമാണ്. (4:130)**

ബഹുഭാര്യമാരെ സ്വീകരിക്കുവാൻ പോവുന്ന ഭർത്താക്കന്മാർ അത്തരം ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കെൽപ്പുള്ളവരാണോ എന്ന് വ്യക്തികൾ ആത്മപരിശോധന നടത്തുകയും ഭരണകൂടങ്ങളും നീതിപീഠങ്ങളും അധികാര സ്ഥാപനങ്ങളും നിയമ നിർമ്മാണം മുഖേന അക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്. അനാഥകളെയും സമൂഹത്തിലെ അവശ വിഭാഗങ്ങളെയും സംരക്ഷിക്കാൻ ബഹുഭാര്യാത്വ നിയമം ഉപയോഗിക്കാം.

## ബഹുഭർതൃത്വം: ഒരു സാങ്കൽപ്പിക ചോദ്യം

ഒരു സാമൂഹിക പ്രശ്നം എന്ന നിലക്ക് സ്ത്രീകളുടെ ആധിക്യമുണ്ടായാൽ ബഹുഭാര്യാത്വം ഏറ്റവും നല്ല ഇസ്ലാമിക പരിഹാരമായി പറയുമ്പോൾ, പുരുഷന്മാർ അധികമായാൽ ബഹുഭർത്തൃത്വം അനുവദനീയമാവുമോ എന്ന് വിമർശകന്മാർ മറുവാദം ഉന്നയിക്കാറുണ്ട്. ഇതൊരു അപ്രസക്തമായ സാങ്കൽപ്പിക ചോദ്യമാണ്. സാധാരണ ഗതിയിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും ജനസംഖ്യ ഏറേകുറേ തുല്യമായിട്ടാണ് പ്രകൃതിയിൽ കാണപ്പെടുന്നത്. എന്നാണ് റൊണാൾഡ് ഫിഷറിന്റെ ജനസംഖ്യാനുപാതം സംബന്ധിച്ച ഫിഷേഴ്സ് തിയറി (Fisher's principle) പറയുന്നത്. പ്രകൃതിയുടെ നിയമം അതാണ്. പക്ഷേ സ്ത്രീകൾ പെട്ടെന്ന് അധികമാവുന്ന ഒരുപാട് താൽക്കാലിക സന്ദർഭങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. യുദ്ധങ്ങളാണ് ഈ പുരുഷശോഷണവും സ്ത്രീകളുടെ ആധിക്യവും സൃഷ്ടിക്കുന്നതിന് കാരണം. യുദ്ധഭടന്മാർ മിക്കവാറും പുരുഷന്മാരായിരിക്കുമല്ലോ. ഇത് ചരിത്രത്തിൽ നിരവധി തവണ അനുഭവിച്ച ഒരു യാഥാർത്ഥ്യമാണ്. യൂറോപ്പിനെ പിടിച്ചു കുലുക്കിയ യുദ്ധമായിരുന്നു മുപ്പത് സംവത്സര യുദ്ധം (Thirty Years' War)അതിന് ക്ലാസിക്കൽ ഉദാഹരണമാണ്. 1618 മുതൽ 1648 വരെ യൂറോപ്പിലെ പ്രൊട്ടസ്റ്റന്റ് രാജ്യങ്ങളും കത്തോലിക്കാ രാജ്യങ്ങളും തമ്മിൽ നടത്തിയ യുദ്ധമായിരുന്നു അത്. യുദ്ധാനന്തരം വമ്പിച്ചതോതിൽ പല രാജ്യങ്ങളിലുമെന്നപോലെ ജർമനിയിലും പുരുഷന്മാരുടെ എണ്ണം കുറഞ്ഞു. സ്ത്രീകളുടെ ആധിക്യം അപരിഹാര്യമായ ഒരു പ്രശ്നമായി പാർലമെന്റിന്റെ മുമ്പിൽ വന്നു. അവസാനം 1650 ഫെബ്രവരി 14 ന്ന് ജർമ്മനിയിലെ ന്യൂറം ബർഗ്ഗ് പാർലമെന്റിൽ 10 സ്ത്രീകളെവരെ വിവാഹം കഴിക്കാൻ അനുവദിക്കാമെന്ന് നിയമം കൊണ്ട് വരികയുണ്ടായി. ബഹുഭാര്യമാരെ വേൾക്കുന്ന ഭർത്താക്കന്മാരോട് എല്ലാ ഭാര്യമാരോടും നീതിയോടെയും മാന്യമായും പെരുമാറണമെന്നും ഗവർമെന്റ് നിയമം കൊണ്ടുവന്നു. അതുപോലെ 60 വയസ്സിന്ന് ശേഷം മാത്രമേ സന്യാസി മഠങ്ങളിൽ പുരുഷന്മാരെ ചേർക്കാനും അനുവദിച്ചിരിന്നുള്ളു. കുറച്ചു വർഷങ്ങളെടുത്തുകൊണ്ടാണ് ഈ ജനസംഖ്യാ പ്രശ്നം പരിഹരിക്കപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധത്തിന്ന് ശേഷം വീണ്ടും ഈ അവസ്ഥ ജർമ്മനിയിലുണ്ടായി. പുരുഷന്മരെക്കാൾ 73,00,000 അധികം സ്ത്രീകൾ ജർമ്മനിയിൽ ഉണ്ടായിരുന്നു. (അതിൽ 33 ലക്ഷവും വിധവകളായിരുന്നു.) അതായത് 20–30 പ്രായത്തിലുള്ള 167 സ്ത്രീകൾക്ക് 100 പുരുഷന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. (Ute Frevert, Women in German History: from Bourgeois Emancipation to Sexual Liberation (New York: Berg Publishers, 1988) pp. 263-264.)

ഈ ഘട്ടത്തിൽ ബഹുഭാര്യാത്വം നിയമവിധേയമാക്കാനുള്ള നിർദ്ദേശമുണ്ടായി. പക്ഷേ ക്രിസ്ത്യൻ ചർച്ചിന്റെ രൂക്ഷമായ എതിർപ്പ് മൂലം ആ നിർദ്ദേശം നിരാകരിക്കപ്പെട്ടു. പകരം വ്യഭിചാരം നിയമവിധേയമാക്കി. ഒരു തൊഴിൽ എന്ന നിലക്കുള്ള പരിഗണനയും സംരക്ഷണവും നൽകി. വ്യഭിചാരം യുവാക്കളെ വീണ്ടും അവിവാഹിതരായി തുടരാൻ പ്രേരിപ്പിക്കുകയാണുണ്ടായത്. 2013 മാർച്ച് റോയൽ എകണോമിക് സൊസൈറ്റിയുടെ എകണോമിക്സ് ജേർണലിൽ പ്രസിദ്ധീകരിച്ച ഒരു ഗവേഷണ ലേഖനത്തിൽ ജർമനിയിൽ യുദ്ധത്തിൻ മുമ്പ് വിവാഹേതര ബന്ധത്തിൽ 10 ശതമാനം കുട്ടികളായിരുന്നു ജനിച്ചിരുന്നതെങ്കിൽ യുദ്ധാനന്തരം അത് 16 ശതമാനമായി വർദ്ധിച്ചു എന്ന് കാണുന്നു.' (World War II, Missing Men and Out of Wedlock Childbearing' by Dirk Bethmann and Michael Kvasnicka is published in the March 2013 issue of the Economic journel)

ജർമ്മനിയിലുണ്ടായ ഈ പ്രശ്നത്തെ പറ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫയുടെ പരാമർശം ഇങ്ങനെയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ജർമനിയിൽ ഒരു മാർഗ്ഗവുമുണ്ടായിരുന്നില്ല. കർശനമായ ഏക പത്നീവ്രതം പാലിക്കാൻ നിർദ്ദേശിക്കുന്ന ക്രിസ്തുമതത്തിന്ന് ഈ അവസ്ഥക്ക് ഒരു പരിഹാരവും മുന്നോട്ടുവെക്കാനില്ലായിരുന്നു. ഈ അസന്തുലിതാവസ്ഥയുടെ പരിണിത ഫലം ജർമ്മൻ ജനത അനുഭവിക്കേണ്ടി വന്നു. വിവാഹം കഴിക്കാനാകാതെ വളരെയധികം കന്യകളും വിഷാദവതികളായ വൃദ്ധകന്യകമാരും യുവ വിധവമാരും അവിടെ ഉണ്ടായിരുന്നു.

വിശാലമായ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഇത്തരത്തിൽ അത്യന്തം അപകടകരവും അമ്പരപ്പിക്കുന്നതുമായ അനുപാതത്തിലാണ് സാമൂഹിക പ്രശ്നങ്ങൾ അനുഭവപ്പെട്ടത് ജർമനി എന്ന ഒരു രാജ്യത്ത് മാത്രമായിരുന്നില്ല. യുദ്ധാനന്തരമുള്ള ജർമനിയിൽ ധാർമികാപചയത്തിന്റെയും അരാചകത്വത്തിന്റയും വൻ സുനാമിയെ തടഞ്ഞു നിർത്തുക എന്നത് വമ്പിച്ച ഒരു വെല്ലുവിളിയായിരുന്നു. അത് സ്വാഭാവികമായുള്ളതും നിലവിലുള്ള അസന്തുലിതത്വത്തെ എല്ലാ അതിരുകളെയും ഭേദിച്ചു വലുതാക്കുന്നതുമായിരുന്നു.

സങ്കീർണ്ണമായ ഇത്തരം എല്ലാ പ്രശ്നങ്ങൾക്കും ഒരേയൊരു ഉത്തരം ഒരു പുരുഷനെ ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കാൻ അനുവദിക്കുക എന്നതാണെന്ന് നിഷ്പക്ഷബുദ്ധിയുള്ള ഏതൊരാൾക്കും കാണാൻ സാധിക്കും. ഈ നിർദ്ദേശം അവരുടെ കാമാസക്തിയെ ശമിപ്പിക്കുവാനുള്ളതായിരുന്നില്ല. വലിയതോതിൽ സ്ത്രീകളുടെ യഥാർത്ഥ പ്രശ്നങ്ങളുടെ

പരിഹാരമായിരുന്നു. യുക്തിപരവും യാഥാർഥ്യബോധത്തോട് കൂടിയുള്ളതുമായ പരിഹാരം നിരാകരിക്കപ്പെടുമ്പോൾ സമൂഹത്തിൽ പിന്നെ ബദലായി അവശേഷിക്കുന്നത് അപഭ്രംശത്തിലേക്കും ലൈംഗിക അരാചകത്വത്തിലേക്കും ദ്രുതഗതിയിൽ അധപതിക്കുന്ന ഒരു സമൂഹമായിരിക്കും. കഷ്ടമെന്ന് പറയട്ടെ ഈ ഒരു മാർഗ്ഗമാണ് പാശ്ചാത്യ ലോകം സ്വീകരിച്ചത്. (ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്, പേ. 127)

## വിവാഹപ്രായത്തെ പറ്റിയുള്ള വിമർശനം

പരിശുദ്ധ പ്രവാചകന്റെ അവികല വ്യക്തിത്വത്തിന് ചളിവാരിയെറിയുന്ന വിമർശകന്മാർ കരുവാക്കുന്ന വിഷയമാണ് ഹദ്റത്ത് ആയിശാ (റ) മായുള്ള വിവാഹം. സഹീഹുൽ ബുഖാരിയിൽ വന്ന ഹദീസാണ് ഈ വിമർശനങ്ങൾക്കും ഇപ്പോഴത്തെ വിവാദങ്ങൾക്കും അടിസ്ഥാനം. 'ആറ് വയസ്സിൽ പ്രവാചകൻ അവരെ (ഹദ്റത്ത് ആയിശയെ) നികാഹ് കഴിക്കുകയും ഒമ്പത് വയസ്സിൽ വീട് കൂടുകയുമാണുണ്ടായത്' എന്നാണ് ബുഖാരി പറയുന്നത്. ഈ ഹദീസ് ചരിത്ര വസ്തുതകൾക്കും യുക്തിക്കും നിരക്കുന്നതല്ല എന്ന് ആധികാരിക ചരിത്ര പണ്ഡിതനായ ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് എം എ ഗവേഷണാത്മകമായി സയുക്തികം രേഖകൾ ഉദ്ധരിച്ച് തെളിയിച്ചിട്ടുണ്ട്. ഹദ്റത്ത് ആയിശയുടെ വിവാഹ സമയത്തെ പ്രായം 14 വയസ്സാണ്. മാത്രമല്ല ഹദ്റത്ത് ആയിശയെ ആദ്യം വിവാഹം ചെയ്യാൻ തീരുമാനിച്ചത് ജുബൈറുബ്നു മുത്വഇമാണ്. അത് നടക്കാതെ പോയപ്പോഴാണ് റസൂൽ തിരുമേനി ഹദ്റത്ത് ആയിശ(റ)യെ വിവാഹം കഴിച്ചത്. മതരംഗത്തും രാഷ്ട്രീയ സാംസ്കാരിക രംഗത്തും ബാലികമാരെ വിവാഹം ചെയ്ത നിരവധി പേരെകൊണ്ട് നിബിഢമാണ് നമ്മുടെ രാജ്യം ഒരാളെ മാത്രം ഉദ്ധരിക്കാം. ഇന്ത്യയിലെ സുപ്രിം കോടതി ജഡ്ജിയും സമുന്നത നിയമപണ്ഡിതനും കേരളീയനുമായ ജസ്റ്റീസ് വി ആർ കൃഷ്ണയ്യർ അവരുടെ ഭാര്യ ശ്രീമതി ശാരദയെ വിവാഹം കഴിച്ചത് 13-ാം വയസ്സിലാണ്. ഇന്ന് പോക്സോ പ്രകാരം അറസ്റ്റ് ചെയ്യുന്ന പ്രായം.

വിശുദ്ധ ഖുർആൻ ഒരു നിയമ പുസ്തകമല്ല. നിയമ പുസ്തകങ്ങളിൽ കാണുന്നത് പോലെ ശുഷ്ക്കവും നിയതവുമായ വചനങ്ങൾ മതഗ്രന്ഥങ്ങളിലുണ്ടാവില്ല. ഒരു കൃത്യമായ വിവാഹപ്രായം (കട്ട് ഓഫ് ഡേറ്റ്) നിശ്ചയിക്കുക എന്നത് നൂറ്റാണ്ടുകളെ അഭിസംബോധന ചെയ്യുന്ന വിശുദ്ധ ഖുർആനെ പോലെയുള്ള ഒരു മതഗ്രന്ഥത്തിന് ചേർന്നതല്ല. ഗവൺമെന്റുകൾ തന്നെ വിവാഹ പ്രായവും വോട്ടിങ്ങ് പ്രായവും മാറ്റിക്കൊണ്ടിരിക്കുന്നത് നാം കാണുന്നു. അത്തരം മതനിയമ നിർദ്ദേശങ്ങൾ സമൂഹത്തിന്റെ വികാസ വളർച്ചക്ക് വിഘാതം നിൽക്കുന്നത് കൊണ്ട് വിശുദ്ധ ഖുർആൻ പോലെയുള്ള മതപ്രമാണങ്ങളിൽ നിയമ രൂപങ്ങൾ ഉണ്ടാവുന്നതിനെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്തത്. പകരം എല്ലാറ്റിനും അയവുള്ള ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് മുന്നോട്ട് വെക്കുന്നത്. ആ മൂല്യ സങ്കൽപ്പങ്ങളിൽ നിന്നാണ് കാലാകാലങ്ങളിൽ ആവശ്യമായ നിയമങ്ങൾ ഉരുത്തിരിഞ്ഞു വരേണ്ടത്. സമൂഹ വികാസത്തോടൊപ്പം തെറ്റിയും തിരുത്തിയും കാലികമായി വികസിക്കുന്നതാണ് നിയമങ്ങൾ. നീതിക്കും മൂല്യങ്ങൾക്കുമാണ് മാറ്റമില്ലാത്തത്. പലകാര്യങ്ങളിലും വകതിരിവില്ലാത്ത യുക്തിവാദികൾ എന്നറിയപ്പെടുന്ന ഒരു പറ്റം അൽപ്പന്മാർ ഖുർആനിൽ പ്രായപരിധി വെക്കാത്തതിലുള്ള വിമർശനം നടത്തുന്നത്. ഈ ഒച്ചവെക്കുന്ന കാലിപ്പാത്രങ്ങളെ നമുക്ക് അവഗണിക്കാം. വിവാഹപ്രായത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ അനാഥകളെ പരാമർശിക്കുന്നിടത്ത് മാർഗ്ഗനിർദ്ദേശാത്മകമായ ഒരു ഉൾക്കാഴ്ച്ച നൽകുന്നുണ്ട്.

**അനാഥരെ (അവരുടെ കാര്യ പ്രാപ്തിയെ) പരീക്ഷിച്ചു കൊണ്ടിരിക്കുക. അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ ഒരു പക്വത കണ്ടറിയുന്നുവെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടുകൊടുക്കുക. (4:7)**

ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയം ഖുർആൻ വിവാഹ പ്രായത്തെ പറ്റി പറയുന്നത് ശാരീരിക വളർച്ചയുടെ ഒരു ഘട്ടമായ പ്രായപൂർത്തിയെ പറ്റിയല്ല. (Puberty) മറിച്ച് വിവേകത്തോടുകൂടിയ പക്വത (Maturity) ആണ്. അതാണ് ഖുർആൻ പറഞ്ഞ പക്വത എന്നത്.

فَاِنْ اٰنَسْتُمْ مِّنْهُمْ رُشْدًا = you perceive in them sound judgement എന്നാണ്. അതായത് വിവാഹ പ്രായത്തിന്റെ മാനദണ്ഡം ശാരീരികമായുണ്ടാകുന്ന പ്രായപൂർത്തിയല്ല. അതിനേക്കാളുപരി ജീവിതായോധനത്തിന് യോജിച്ച ബുദ്ധിപരമായ പക്വതയാണ് (റുശ്ദൻ) വിവാഹ പ്രായമായി വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നത്. പ്രായപൂർത്തിയും പക്വതയും മിക്കവാറും ഒരേ സമയം തന്നെയാണ് സമാഗതമാവുക. പക്ഷേ വളരെ ചുരുക്കം ആളുകളിൽ ശാരീരിക പ്രായപൂർത്തിയാവുന്നതിന് മുമ്പായി ബുദ്ധിപരമായ പക്വത പ്രാപിക്കുന്നവരുണ്ട്. നേരെ മറിച്ചും ആവാം. ഖുർആന്റെ ഈ പ്രായ സങ്കൽപ്പം ആയിശാ (റ) എങ്ങനെയായിരുന്നുവെന്ന് നോക്കാം.

## ഹദ്റത്ത് ആയിശാ (റ) മായുള്ള പ്രവാചക(സ)ന്റെ വിവാഹം

ഹദ്റത്ത് ആയിശ (റ) സംബന്ധിച്ചേടത്തോളം ശാരീരിക പൂർത്തിയോടൊപ്പം അല്ലെങ്കിൽ അതിനേക്കാൾ വളരെ ചെറുപ്പത്തിൽ

തന്നെ ബുദ്ധിപരമായ പക്വത വന്ന സ്ത്രീരത്നമായിരുന്നു. 14 വയസ്സിൽ പ്രവാചകനുമായി വിവാഹം നടന്ന ആയിശ (റ) യെകുറിച്ച് ഈ വസ്തുത നിസ്സം ശയം പറയാം.

റസൂൽ തിരുമേനി (സ) യുടെ മറ്റു 10 ഭാര്യമാർ ആരും തന്നെ ആയിശാ(റ)യെ പോലെ പൂർണ്ണമായും ഇസ്ലാമിക മാതാപിതാക്കന്മാരുടെ കീഴിൽ വളർത്തപ്പെട്ട വരായിരുന്നില്ല. ഇസ്ലാമിന്റെ സൂക്ഷ്മമായ കർമ്മകാര്യങ്ങളും അതിന്റെ ഉദ്ദേശ്യവും റസൂൽ തിരുമേനി (സ)യുടെ വാക്കുകളും അതിന്റെ വിവക്ഷയും വളരെ ചെറുപ്പത്തിൽ തന്നെ മനസ്സിലാക്കാൻ അവർക്കുകഴിഞ്ഞു. തന്റെ പിതാവ് ഹദ്റത്ത് അബൂബക്കർ (റ) റസൂൽ തിരുമേനി (സ) യുടെ സന്തത സഹചാരിയും ഏറ്റവും അടുത്ത അനുയായിയുമായിരുന്നു. എല്ലാ അദ്ധ്യാപനങ്ങളും സൂക്ഷ്മമായി പാലിച്ച ഈയൊരു ഇസ്ലാമിക കുടുബ പശ്ചാത്തലം കൂടിയാണ് റസൂൽ തിരുമേനി (സ) ആയിശയെ പരിഗ്രഹിക്കാൻ കാരണം. ആയിശാ (റ) ക്കെതിരെ മറ്റു പല രൂക്ഷമായ അപവാദ പ്രചാരണമുണ്ടായിട്ടും അക്കാലത്തെ ശത്രുക്കളാരും തന്നെ ആയിശാ (റ) റസൂൽ തിരുമേനി (സ) മായുള്ള പ്രായ വ്യത്യാസം ആക്ഷേപകരമായി ഉന്നയിക്കാത്തതിനാൽ അത് അക്കാലത്തെ സാമൂഹിക മൂല്യങ്ങൾക്ക് വിഘാതമായിരുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

ഖുർആനിൽ പറഞ്ഞ ഈ പക്വത ആയിശാ (റ) കാര്യത്തിൽ ഉണ്ടായിരുന്നുവോ എന്ന് പരിശോധിക്കാം. വാസ്തവത്തിൽ ഇത്രയധികം പ്രതിഭ, ബുദ്ധിശക്തി, നേതൃപാടവം, ഓർമ്മ, തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, അദ്ധ്യാപന മികവ് എന്നീ ഗുണങ്ങൾകൊണ്ട് അനുഗ്രഹീതയായ ഒരു സ്ത്രീ, ലോകചരിത്രത്തിൽ തന്നെ ഉണ്ടായിരുന്നോ എന്ന് സംശയമാണ്. അവരുടെ പിൽക്കാല ചരിത്രം അതിന് തെളിവ് നൽകുന്നു. വിവാഹം കഴിക്കുമ്പോൾ തന്നെ അക്കാലത്തെ മിക്ക വിജ്ഞാനങ്ങളിലും പാരംഗതയായിരുന്നു അവർ. ഖുർആൻ തഫ്സീർ, ഹദീസ്, ഫിഖ്ഹ്, സാഹിത്യം, കവിത, ചരിത്രം എന്നിവയിലെല്ലാം ആയിശ (റ) യോട് കിടപിടിക്കുന്ന പുരുഷന്മാർ തന്നെ ഇല്ലായിരുന്നു. ഹദീസ് നിവേദനത്തിൽ അഞ്ചാം സ്ഥാനമാണ് ആയിശക്കുണ്ടായിരുന്നത്. മറ്റു നാലു പേർ അബൂഹുറൈറ, ഇബ്നു ഉമർ, ഇബ്നു അബ്ബാസ്, അനസ് എന്നീ പുരുഷന്മാരായിരുന്നു. ഹദീസു നിവേദനത്തിൽ അഗ്രേസരനായ മറ്റുനാല് പുരുഷന്മാർ പോലും തങ്ങൾ മനപ്പാഠമാക്കിയ ഹദീസുകളുടെ സംശയനിവാരണത്തിനും ഉച്ചാരണ ശുദ്ധി ഉറപ്പാക്കുവാനും വിവക്ഷ പൂർണ്ണമായും മനസ്സിലാക്കുന്നതിനും സമീപിച്ചിരുന്നത് ഹദ്റത്ത് ആയിശ(റ)യെ ആയിരുന്നു. മറ്റെല്ലാ സഹാബിമാരും ഖലീഫമാരും ഉപദേശം തേടിയിരുന്നത് അവരിൽ നിന്നാണെന്ന് പറയുമ്പോൾ, ഖുർആൻ പറഞ്ഞ വിവാഹ പ്രായത്തിന്റെ ബുദ്ധിപരമായ പക്വത അസാധാരണമാം വിധം അവരിൽ ചെറുപ്രായത്തിൽ തന്നെ ഉണ്ടായിരുന്നുവെന്ന് ചരിത്ര വസ്തുത വ്യക്തമാക്കുന്നു.

### വിവാഹം: എഗ്രിമെന്റും സാക്രമെന്റും

മുഹമ്മദ് നബി (സ) കൊണ്ട് വന്ന വിവാഹമോചന നിയമമാണ് വിമർശിക്കപ്പെടുന്ന മറ്റൊന്ന്. വിവാഹം വിവാഹ മോചനം എന്നീ സങ്കൽപ്പങ്ങളിൽ ഇസ്ലാമും മറ്റു മതങ്ങളും തമ്മിൽ അടിസ്ഥാനപരമായ ചില അന്തരങ്ങളുണ്ട്. ഇസ്ലാമിലെ വിവാഹം ഒരു കരാറാണ് Agrement ആണ്. ഏറ്റവും ബലവത്തായ കരാർ എന്നാണ് വിശേഷണം. എന്നാൽ മറ്റു മതങ്ങളിൽ വിവാഹം ഒരു Sacrement ആണ്. അതായത് അലംഘനീയമായ ദൈവിക നിയമമാണ്. പരാജിതദാമ്പത്യം എന്നത് മനുഷ്യസമൂഹത്തിന് മുന്നിൽ ഒരു യാഥാർത്ഥ്യമായിരിക്കെ അതിൽ നിന്നും മോചനം നേടാൻ ഇസ്ലാം ദമ്പതിമാരെ അനുവദിക്കുന്നു. മറ്റു മതങ്ങളിൽ ദൈവം കൂട്ടിചേർത്ത ബന്ധത്തെ യാതൊരു കാരണവശാലും മുറിച്ചു മാറ്റാൻ മനുഷ്യന് അവകാശമില്ല എന്ന നിലപാടാണ്. ക്രിസ്തുമതത്തിലെ കൂദാശാ നിയമങ്ങളും ഹിന്ദുമതത്തിലെ ഷോഡശ സംസ്ക്കാര നിയമങ്ങളും ഉദാഹരണം. അങ്ങനെയാണ് സ്വരചേർച്ചയില്ലാത്ത ദമ്പതിമാരുടെ ശിഷ്ട ദാമ്പത്യം പ്രയാസകരമായിത്തീരുന്നതിന്റെ മതപശ്ചാത്തലമിതാണ്. ചിലർ ആത്മഹത്യയിൽ അഭയം കണ്ടെത്തുന്നു. 1955 ലെ ഹിന്ദു മാരേജ് ആക്റ്റ് വന്നതിന് ശേഷമാണ് ഹിന്ദുമതസ്ഥർക്ക് കോടതി മുഖേന കാരണം ബോധിപ്പിച്ച് വിവാഹ മോചനം സാദ്ധ്യമാകുന്നത്. 1872 ലാണ് നിശ്ചിത കാരണങ്ങൾ ബോധിപ്പിച്ചുകൊണ്ട് കോടതി മുഖാന്തിരമുള്ള വിവാഹമോചനം ഉഭയസമ്മതത്തോടെ ക്രിസ്തുമതസ്ഥർക്ക് സാദ്ധ്യമാവുന്നത്.

അപ്പോൾ ഏതാണ് കൂടുതൽ പുരോഗമനപരവും യാഥാർത്ഥ്യ ബോധത്തെ ഉൾക്കൊണ്ട മതനിയമവും എന്ന് 21-ാം നൂറ്റാണ്ടിന്റെ മാനസിക വളർച്ച ഉണ്ടെന്ന് കരുതുന്ന നബിനിന്ദകരായ യുക്തന്മാരും എക്സ് മുസ്ലിംകളും നിരീശ്വരന്മാരും ആലോചിക്കേണ്ടതുണ്ട്. ഇസ്ലാമിലെ വിവാഹ മോചന നിയമം ദുരുപയോഗം ചെയ്യുന്നു എന്നത് വാസ്തവമാണ്. അതിന് വിവാഹമോചന നിയമത്തെയല്ല പഴിക്കേണ്ടത്. ഭരണകൂടവും ജുഡീഷ്യറിയുമാണ് അത് നിയന്ത്രിക്കേണ്ടത്. ഇന്ത്യയിലെ യഥാസ്ഥിതിക മുസ്ലിം പണ്ഡിതന്മാർ നിർമ്മിച്ച പഴഞ്ചൻ ശരീഅത്ത് നിയമങ്ങൾ ഒരു പരിധിവരെ ഇതിന് കൂട്ടുനിൽക്കുന്നു.

### വലംകൈക്ക് ഉടമയാക്കപ്പെട്ടവർ

അടിമ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുകയും യഥേഷ്ടം

യുദ്ധതടവുകാരെ ഉപയോഗിക്കുകയും ചെയ്തു എന്നതാണ് പ്രവാചകനെ പറ്റിയുള്ള മറ്റൊരാക്ഷേപം. **'വലംകൈക്ക് ഉടമയാക്കപ്പെട്ടവർ'** എന്ന സൂറ: അഹ്സാബിലെ **'ഓ നബിയെ നീ വിവാഹ മൂല്യം നൽകിയ നിന്റെ ഭാര്യമാരെയും അല്ലാഹു നിനക്ക് യുദ്ധത്തിന്റെ ഫലമായി നൽകിയതിൽ നിന്ന് നിന്റെ അധീനതയിലായിട്ടുള്ള സ്ത്രീകളേയും ..വിവാഹം ചെയ്യാനുദ്ദേശിക്കുന്നപക്ഷം ഞാൻ നിനക്കനുവദിച്ചു തന്നിരിക്കുന്നു.' (33: 51)**

ഈ ആയത്തിനെ ക്രിസ്ത്യൻ പണ്ഡിതന്മാരും നബിനിന്ദകരായ നിരീശ്വരയുക്തന്മാരും ആവോളം ദുർവ്യാഖ്യാനം ചെയ്ത് ആഘോഷിക്കാറുണ്ട്. വാസ്തവത്തിൽ റസൂൽ തിരുമേനി(സ) കിട്ടിയ അടിമകളെയെല്ലാം മോചിപ്പിക്കുകയാണുണ്ടായത്. ഖദീജ (റ) നിന്നും ലഭിച്ച അടിമയായ സൈദുബ്നു ഹാരിസിനെ ദത്തുപുത്രനായി പ്രഖ്യാപിക്കുകയാണുണ്ടായത്. പിന്നീട് ദത്തുപുത്രത്വം ഇസ്‌ലാമിൽ റദ്ദാക്കപ്പെട്ടപ്പോൾ സൈദിനെ കുലീനയായ തന്റെ ബന്ധുവിനെ കൊണ്ട് വിവാഹം കഴിപ്പിക്കുകയായിരുന്നു ചെയ്തത്. തനിക്ക് അനന്തരാവകാശമായും സമ്മാനമായും യുദ്ധത്തതടവുകാരായും ലഭിച്ചത് മൂന്ന് സ്ത്രീകളെയായിരുന്നു. ബനൂഖുറൈള യുദ്ധത്തിൽ തടവുകാരിയായ **റൈഹാൻ**, ബനൂമുസ്തലിഖ് യുദ്ധത്തിൽ തടവുകാരിയായ **ജുവൈരിയ**, ഖൈബർ യുദ്ധത്തിൽ തടവുകാരിയായ **സഫിയ** ഇവരാരെയും പ്രവാചകൻ അടിമകളാക്കി ഉപയോഗിച്ചില്ല. ജുവൈരിയായെയും സഫിയയേയും സ്വതന്ത്രയാക്കി വിവാഹം ചെയ്തു. റൈഹാനയെ മോചിപ്പിച്ചു. മാരിയത്തുൽ ഖിബ്തിയ്യ യുദ്ധതടവുകാരിയല്ല സമ്മാനിതയായ സ്ത്രീയാണ്. അവരെയും മറ്റു ഭാര്യമാരെപോലെ വിവാഹം കഴിക്കുകയാണുണ്ടായത്.

مَلَكَتْ أَيْمَانُكُمْ **'മലകത്ത് അയ്മാനിക്കും വലം കൈക്ക് ഉടമയാക്കപ്പെട്ടവർ'** എന്ന ഖുർആന്റെ പ്രയോഗം യാതൊരു അവകാശവുമില്ലാത്ത ജംഗമസ്വത്ത് പോലെ കൈകാര്യം ചെയ്തിരുന്ന അടിമസ്ത്രീകളെ പറ്റിയുള്ള വിശേഷണമല്ല. വെപ്പാട്ടി (concubines) എന്ന് അർത്ഥം വരുന്ന പദത്തിന്റെ അറബിപദവുമല്ല. ബൈബിളിൽ വ്യാപകമായി ഉപയോഗിച്ച 'വെപ്പാട്ടി' എന്ന പദത്തിന്റെ വിവക്ഷ 'വലംകൈക്ക് ഉടമയാക്കപ്പെട്ടവർ' എന്ന ഖുർആന്റെ ശൈലീ പ്രയോഗത്തിലേക്ക് പ്രക്ഷേപിക്കപ്പെടുന്നത് കൊണ്ടാണ് ഈ അർത്ഥ വികൽപ്പം ഉണ്ടാവാനുള്ള മുഖ്യകാരണം. ഇസ്‌ലാം ആവിർഭവിക്കുന്നതിന് മുമ്പും ശേഷവും യുദ്ധം മുഖേനയും പരമ്പരാഗതമായും എത്തിചേർന്ന അധീന സ്ത്രീകളെ സംബന്ധിച്ചാണ് **'വലം കൈക്ക് ഉടമയാക്കപ്പെട്ടവർ'** എന്ന സവിശേഷ പ്രയോഗം ഖുർആനിൽ വന്നത്. നിയമപരമായി പരസ്പര അവകാശങ്ങളുള്ള അധീനരും ഉടമകളുമായുള്ളവരുടെ ബന്ധം സൂചിപ്പിക്കുന്നതും ചരിത്രത്തിന് അത്‌വരെ പരിചിതമല്ലാത്തതുമായ ഒരു നിയമസാങ്കേതിക പദമാണ് ഇവിടെ ഖുർആൻ ഉപയോഗിച്ചത്. ഇത് നിയമപരിരക്ഷയോ പൗരാവകാശങ്ങളോ ഇല്ലാത്ത ജംഗമ സ്വത്ത് പോലെ നിസ്സഹായനായ പഴയ അടിമയല്ല എന്നകാര്യം ശ്രദ്ധേയമാണ്. അത്‌വരെയുള്ള ലോകക്രമത്തിൽ അടിമകൾക്കുണ്ടായിരുന്ന സ്ഥാനം റസൂൽ തിരുമേനി (സ) പുനർ നിർവ്വചിക്കുകയും അവർക്ക് വിമോചനത്തിന്റെ മാർഗ്ഗം തുറന്നിടുകയുമായിരുന്നു. ഇസ്‌ലാമിൽ വലം കൈക്ക് അധീനരാക്കപ്പെട്ടവർ നിയമ പരിരക്ഷയുള്ള അധീനരായ പൗരന്മാർ തന്നെയാണ്. അത്തരത്തിൽ ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ അവരുടെ അവകാശങ്ങൾ നിയമങ്ങളിലൂടെയും ചട്ടങ്ങളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. **ആ വിഷയം കൂടുതൽ ഇപ്പോൾ വിശദീകരിക്കുന്നില്ല. പ്രവാചകന്റെ അവസാനത്തെ വിടവാങ്ങൽ പ്രസംഗത്തിൽ പോലും അവിടുന്ന് ഉത്കണ്ഠപ്പെട്ടത് അധീനരായിക്കഴിയുന്ന മനുഷ്യരുടെ അവകാശങ്ങളെ പറ്റിയായിരുന്നു.**

**'മലക്കത്ത് അയ്മാനുക്കും'** എന്നതിന് ചരിത്രം തന്നെ മറുപടി നൽകിയിട്ടുണ്ട് എന്നകാര്യം മാത്രം ഇവിടെ സൂചിപ്പിക്കുന്നു. 'മംലൂക്ക്' എന്നാൽ 'ഉടമസ്ഥനുള്ള അടിമ' എന്നാണ് അർത്ഥം **'മലക്കത്ത് അയ്മാനുക്കും'** എന്നതിലെ മലക്കത്ത് എന്ന ആദ്യപദത്തിൽ നിന്നാണ് മംലൂക്കുകൾ അഥവാ 'അടിമ രാജവംശം' എന്ന രാജവംശപരമ്പരയുടെ നാമം നിഷ്പന്നമായത്. അതായത് അടിമസ്ത്രീകളുടെ സന്താനങ്ങൾക്ക് രാജാക്കന്മാർ വരെ ആകാൻ കഴിഞ്ഞു. ഇന്ത്യയിലും ഈജിപ്തും മുസ്‌ലിം അടിമരാജാക്കന്മാരായ മംലൂക്കുകൾ സ്തുത്യർഹമാംവിധം ഭരിച്ചു. നമ്മുടെ ഭാരതത്തിന്റെ അഭിമാന സ്തംഭമായി നിലകൊള്ളുന്ന പ്രൗഢ നിർമ്മിതി ഡൽഹിലെ ഖുതബ് മിനാർ നിർമ്മിച്ചത് മുഹമ്മദ് ഗോറിയുടെ ഒരു അടിമയായിരുന്ന ഖുത്ബുദ്ദീൻ ഐബക്ക് എന്ന ഒരു അടിമ രാജാവായിരുന്നു.

മുഹമ്മദ് നബി അടിമകളെ രാജാവാക്കിയ പ്രവാചകനാണ്. ഇസ്‌ലാം ആവിർഭവിക്കുന്നതിന് മുമ്പും അതിന് ശേഷവുമുള്ള സാമൂഹിക തിന്മയുടെ പരിശിഷ്ടം ഏറ്റവും മാനവീയമായി മുഹമ്മദ് നബി (സ) പരിഹരിച്ചു. അതായത് അടിമകളെ രാജാക്കന്മാരാക്കി അവിടുന്ന് മാറ്റി. അജ്ഞാനകാലത്ത് മൃഗസമാനം പെരുമാറപ്പെട്ടിരുന്ന ആഫ്രിക്കൻ അടിമയായ ഹദ്റത്ത് ബിലാൽ (റ)നെ തന്റെ കോടിക്കണക്കിന് അനുയായികളെ ക്കൊണ്ട് **'സയ്യിദുനാ ബിലാൽ'** 'ഞങ്ങളുടെ യജമാനനായ ബിലാൽ' എന്ന് ആദരപൂർവ്വം വിളിപ്പിച്ച യഥാർത്ഥ മനുഷ്യ വിമോചകനാണ് മുഹമ്മദ് നബി(സ) ആ നബിക്ക് അല്ലാഹുവിന്റെ സലാമും സലാത്തും എന്നെന്നും വർഷിക്കുമാറാകട്ടെ.

# ദൈവവിചിന്തനം

76 വർഷങ്ങൾക്ക് മുമ്പ് 1937 ഡിസംബർ മാസത്തിൽ സത്യദൂതനിൽ എഴുതിയ ദൈവാസ്ഥിത്വത്തെ സംബന്ധിച്ച ലേഖനം

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ

ആസ്തികന്മാരുടെയും നാസ്തികന്മാരുടെയും ഇടയിൽ വിവാദവിഷയമായ ഒന്നാണ് ദൈവാസ്തിത്വത്തെ സംബന്ധിച്ച പ്രശ്നം ഇതിലുമധികം പ്രാധാന്യവും ഗൗരവവും അർഹിക്കുന്ന പ്രശ്നം ഇല്ലെന്ന് പറയാം. ലോകത്തിലെ സർവ്വ മതങ്ങളും ദൈവാസ്തിക്യത്തെ കുറിച്ച് പ്രദിപാതിക്കുന്നു. എന്നാൽ യുക്തിവാദികളെന്ന് സ്വയം അഭിമാനിക്കുന്ന ചിലർ തങ്ങൾക്ക് കണ്ണു കൊണ്ട് കാണാനോ മറ്റു ബാഹ്യേന്ദ്രിയങ്ങൾ കൊണ്ട് അറിയാനോ സാധിക്കാത്ത ഒരു ദൈവത്തിൽ വിശ്വസിക്കുന്നതും അങ്ങിനെ ഒരുവനുണ്ടെന്ന് പറയുന്നതും അബദ്ധമാണെന്ന് ഘോഷിക്കുന്നു. മതത്തിലെ സർവ്വ പ്രധാനമായ ഈ വിഷത്തെ സംബന്ധിച്ച വിവാദം ചിന്താവിഷയമാക്കേണ്ടതുണ്ടോ എന്ന ചോദ്യം ഏതൊരു നിഷ്പക്ഷ ചിന്തകനും പ്രകൃത്യാ ഉണ്ടാകുന്നതാണ്. വിശേഷിച്ച് നിരീശ്വര വാദികളുടെ ചിന്തക്കാണ് ഈ പ്രശ്നം കൂടുതൽ വിഷയീഭവിക്കേണ്ടിയിരിക്കുന്നത്. ഇതിന്റെ യാഥാർത്ഥ്യം അറിയുന്നത് ഗുണപ്രഥവും അതറിയാതിരിക്കുന്നത് നാശഹേതുവും ആണെന്ന് തെളിയുന്ന പക്ഷം അതിനെകുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണെന്ന് ഏതൊരു ചിന്തകനും സമ്മതിക്കുന്നതാണ്. ഒരു സംഗതിയുടെ ഗുണാഗണങ്ങളെ ആശ്രയിച്ചായിരിക്കും നാം അതിനെ ചിന്താ വിഷയമാക്കുന്നത്. എന്നാൽ ഒന്നിനെക്കുറിച്ച് ചിന്തിച്ച് അതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുന്നത് ഗുണകരവും ചിന്തിക്കാതെ അതിനെ അഗണ്യമാക്കി തള്ളുന്നത് ദോഷകരവുമാണെന്ന് വരുകിൽ തീർച്ചയായും അതിനെക്കുറിച്ച് ചിന്തിച്ച് അതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. ദൈവം ഒരുവനുണ്ടെങ്കിൽ അവനിൽ വിശ്വസിക്കുന്നത് ശ്രേയസ്കരവും അവനെ നിരസിക്കുന്നത് നാശഹേതുവും ആണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. ദൈവത്തെ സംബന്ധിച്ച് വിശ്വാസം വെറും സിദ്ധാന്തപരമായതല്ല. അത് ശാസ്ത്രീയമായ ഒരു തത്വം പോലെ കേവലം സിദ്ധാന്തപരമായ ഒന്നാണെങ്കിൽ അതിനെക്കുറിച്ച് ചിന്തിച്ചറിയുന്നത്കൊണ്ട് അത്ര വലിയ ഗുണമൊന്നും വരാനിരില്ലെന്നും ചിന്തിക്കാതിരിക്കുന്നത് കൊണ്ട് വലിയ ദോഷമൊന്നും ഉണ്ടാകാനില്ലെന്നും വിചാരിക്കാമായിരുന്നു. എന്നാൽ ദൈവമുണ്ടെന്ന് വരുമ്പോൾ അവനിലുള്ള വിശാസം ശാരീരികം, ആത്മീയം, ഭൗതികം പാരത്രികം എന്നിങ്ങനെയുള്ള നമ്മുടെ ജീവിതത്തിലെ നാനാ വശങ്ങളെയും സർവ്വദാ ബാധിക്കുന്നതും അവനെക്കുറിച്ചുള്ള ചിന്ത നമ്മുടെ എല്ലാവിധ ഉൽക്കർഷത്തിന്നും കാരണമാകുന്നതും അവനെ സംബന്ധിച് ചിന്തിക്കാതിരിക്കുന്നതും ഭയങ്കരനാശത്തിന്ന് ഹേതുവായി തീരുന്നതുമാകുന്നു. അപ്പോൾ തീർച്ചയായും ദൈവാസ്തിക്യത്തെക്കുറിച്ച് ചിന്തിക്കുന്നത് മനസ്സാക്ഷിയും വിവേകബുദ്ധിയും നമ്മെ ഉണർത്തികൊണ്ടിരിക്കുന്നുമുണ്ട്.

ഈ പ്രപഞ്ചത്തിന്ന് ഒരു സൃഷ്ടാവും നിയന്താവുമായ ഒരു ദൈവമുണ്ടായിരിക്കേണ്ടത് ഓരോ മനുഷ്യന്റെയും മനസ്സാക്ഷി, അതു ദുഷിച്ച് ശിക്ഷണത്തിന്നും ദുസ്സംസർഗ്ഗത്തിന്നും വിധേയമായി നിർജ്ജീവമായി പോയിട്ടില്ലെങ്കിൽ അവനെ പലപ്പോഴും ഉണർത്തിക്കൊണ്ടിരിക്കുന്നതാണ്. നമ്മുടെ സൃഷ്ടാവായ ഒരുവനുണ്ടെന്ന് വരുമ്പോൾ അവൻ നമ്മെ സൃഷ്ടിച്ചതിന്ന് എന്തോ ഒരു ഉദ്ദേശമുണ്ടായിരിക്കേണമെന്നും നമ്മുടെ ജീവിതം ആ ഉദ്ദേശ്യത്തെ സാധിക്കുന്നതിനായിട്ടല്ലാതെ കേവലം മൃഗങ്ങളെ പോലെ ശരീരേച്ഛകളെ മാത്രം നിവർത്തിക്കുന്നതിന്നായിരിക്കില്ലെന്നുമുള്ള ബോധം നമ്മുടെ അന്ത:കരണത്തിൽ ഉദിച്ചുയരുന്ന ദൈവത്തെ സംബന്ധിച്ച ഈ പ്രചോദനം നമുക്കതിനെ അവഗണിക്കുവാൻ സാദ്ധ്യമല്ലാത്ത വിധം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇങ്ങിനെ ഒന്നാമതായി നമ്മുടെ മനസ്സാക്ഷി ഈ പ്രശ്നത്തെ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത് കൊണ്ട് നാം അതിനെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. അതിനെ അഗണ്യമാക്കി തള്ളുകയെന്നത് മനസ്സാക്ഷിയെ നിഗ്രഹിക്കുന്നതിന് തുല്യമാണെന്നും മനസ്സിലാകുന്നു. ഇതേ പ്രകാരം നമ്മുടെ വിവേകബുദ്ധിയാണ് ഈ പ്രശ്നം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത് കൊണ്ട് നാം അതിനെ ഒരു പ്രത്യേക ഉദ്ദേശ്യത്തിന്ന് വേണ്ടി ഈ ലോകത്ത് സൃഷ്ടിച്ചിരിക്കുന്ന ഒരു ദൈവമുണ്ടെന്ന് വരുകയും ആ ദൈവത്തെക്കുറിച്ചും അവൻ നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യത്തെ

ക്കുറിച്ചും ചിന്തിക്കാതെ നാം മരിച്ചു പോകുകയും ചെയ്യുന്നതായാൽ അത് നമുക്ക് വളരെ നാശത്തിന്ന് കാരണമാകുമെന്നും അതിനാൽ ദൈവമുണ്ടോ എന്നതു നാമറിയേണ്ടതുതന്നെയാണെന്നും നമ്മുടെ വിവേക ബുദ്ധി കൂടെകൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. നാം ഈലോകത്ത് സ്വമേധയാ വന്നവരാണോ? നാം ക്ഷണ ഭംഗുരമായ ഈ ലൗകിക സുഖം മാത്രം അനുഭവിക്കാൻ മാത്രമുള്ളവരാണോ? നമ്മുടെ ദൃഷ്ടിയിൽ കാണുന്ന അത്ഭുതാവഹമായ ഈ ഘടനാ വൈചിത്രം നമ്മുടെ സ്വന്തം കൃതിയാണോ? ഏതും നിയമ ചട്ടങ്ങളക്കൾക്കതീതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം യാദൃശ്ചികമായുണ്ടായതാണോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ നമ്മുടെ വിവേക ബുദ്ധിയുടെ മറുപടിക്കായി ആവിർഭവിച്ചു കൊണ്ടിരിക്കുന്നു. ഈ ചോദ്യങ്ങൾക്ക് സമാധാനപരമായ മറുപടി കാണുന്നതിന്ന് നാം തീർച്ചയായും ഈശ്വര സ്വഭാവത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിന്ന് മനസ്സാക്ഷിയോ വിവേകബുദ്ധിയോ നൽകുന്ന സമാധനാനം എന്താണെന്നതിനെക്കുറിച്ചല്ല ഞാൻ ഇവിടെ പ്രതിപാദിക്കുന്നത്. പ്രത്യുത മനസ്സാക്ഷിയും വിവേക ബുദ്ധിയും നമ്മുടെ മുമ്പാകെ ഈ പ്രശ്നത്തെ ഗൗരവ സമന്വിതം അവതരിപ്പിക്കുന്നത് കൊണ്ട് നാം ഈ വിഷയകരമായി വിചിന്തനം ചെയ്യേണ്ടത് എത്രയും അത്യാവശ്യമാണെന്ന് മാത്രമാണ്. സൃഷ്ടാവായി ഒരുവനുണ്ടോ? ഉണ്ടെങ്കിൽ അവനെങ്ങിനെയുള്ളവനാണ്? ഉണ്ടെങ്കിൽ അത് നിവർത്തിക്കുന്നതെങ്ങിനെ? എന്നിങ്ങനെയുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ചറിയുന്നതിന്ന് ഗുണപ്രദമല്ലെന്ന് ബുദ്ധിയുള്ളവരാരും പറയുകയില്ല. ഈ സ്ഥിതിക്ക് ദൈവത്തെക്കുറിച്ചറിയേ ആവശ്യമില്ലെന്ന് വല്ലവരും പറയുകയാണെങ്കിൽ അത് ഒരിക്കലും യുക്തി പൂർവ്വമായിരിക്കില്ല.

ഇതിന്ന് പുറമേ, ഈ പ്രശ്നത്തെക്കുറിച്ച് നാം ചിന്തിക്കേണമെന്ന് തന്നെയാണ് മതങ്ങളും പഠിപ്പിക്കുന്നത്. സകല മതങ്ങളുടെയും ശക്തിയോടുകൂടി ഈ പ്രശ്നത്തെ നമ്മുടെ ചിന്തക്ക് വിഷയീഭവിപ്പിക്കുന്നുണ്ട്. എന്ന് മാത്രമല്ല മതങ്ങളുടെ അടിസ്ഥാന തത്വം ദൈവാസ്ഥിക്യമാണ്. കോടിക്കണക്കായുള്ള മനുഷ്യരുടെ സ്വീകരണത്തിന്ന് പാത്രമായിട്ടുള്ള മതങ്ങളുടെയെല്ലാം ഉത്ഭവം പല കാലഘട്ടങ്ങളിലായി വെളിപ്പെട്ടു കൊണ്ടിരിക്കുന്ന ദിവ്യവെളിപാടുകളിൽ നിന്നാകുന്നു. അതിനാൽ അനന്തര കാലഘട്ടത്തിൽ മനുഷ്യ കയ്യേറ്റത്താൽ ആ മതങ്ങളിലെ ഉപദേശങ്ങൾക്ക് എത്രതന്നെ വൈരൂപ്യം സംഭവിച്ചിട്ടുണ്ടെന്നിരുന്നാലും പ്രസ്തുത പ്രശ്നത്തിന്ന് അവയോരോന്നും പറയുന്ന സമാധാനം ഒന്നുതന്നെയാണെന്ന് തന്നെയുമല്ല ദൈവം എന്നൊരുവനുണ്ടോ എന്ന ചോദ്യത്തിന്ന് മനസ്സാക്ഷിയും വിവേകബുദ്ധിയും നൽകുന്ന സമാധാനത്തെ മതങ്ങളാണ് നമുക്ക് വ്യക്തമാക്കിത്തരുന്നത്. അതായത്, പ്രപഞ്ചകർത്താവും നമ്മുടെ സൃഷ്ടാവുമായി ഒരുവനുണ്ടായിരിക്കേണ്ടതാണെന്ന് പ്രകൃതിയിൽ നിന്നും അന്ത:ക്കരണത്തിൽ നിന്നു മുളവാക്കുന്ന സമാധാനത്തെ സ്ഥിരീകരിച്ച് സൃഷ്ടാവും രക്ഷിതാവുമായ ഒരു ദൈവമുണ്ടെന്ന് ഖണ്ഡിതമായി നമ്മെ പഠിപ്പിക്കുകയാണ്. മതങ്ങൾ ചെയ്യുന്നത്. വിവിധ മതങ്ങളിലെ ഉപദേശങ്ങൾ പരസ്പരം എത്രതന്നെ വ്യത്യാസപ്പെട്ടവയാണെങ്കിലും, ഈ പ്രപഞ്ചത്തിന്ന് ഒരു കർത്താവുണ്ടെന്നും നാം അവന്റെ അധികാരത്തിന്നു വിധേയരാണെങ്കിലും അവൻ നമ്മുടെ ജീവിതത്തിന്ന് ഒരു പ്രത്യേക ഉദ്ദേശം കൽപ്പിക്കുകയും തൽപ്രാപ്തിക്ക് അവർ തന്നെ മാർഗ്ഗനിർദ്ദേശമരുളുകയും ചെയ്തിട്ടുണ്ടെന്നും മരണാനന്തരം പരലോകത്ത് ഒരു ജീവിതമുണ്ടെന്നും കർമ്മ സ്ഥിതിയനുസരിച്ച് നമുക്ക് പ്രതിഫലം ലഭിക്കുമെന്നും മറ്റും എല്ലാം പഠിക്കിക്കുന്നുണ്ട്. എല്ലാമതങ്ങളുടെയും ഏകഖ്ണ്ഡമായ ഈ ഉപദേശങ്ങളും ദൈവത്തെ സംബന്ധിച്ച പ്രശ്നത്തെ നികൃഷ്ടമായി നമ്മുടെ മുമ്പാകെ അവതരിപ്പിക്കുകയും അതിനെ കുറിച്ച് വേണ്ടത്ര ചിന്തിച്ച് യാഥാർത്ഥം ഗ്രഹിക്കേണ്ടതാണെന്നും നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തെ കുറിച്ച് മതങ്ങൾ നൽകുന്ന പാഠം ശരിയാണെങ്കിൽ അവന്റെ സത്തയെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും അവങ്കലുള്ള വിശ്വാസത്ത അവഗണിക്കുകയും ചെയ്യുകയെന്നത് ലോകത്ത് നമുക്ക് ഉണ്ടാക്കാവുന്ന

ഈ പ്രപഞ്ചത്തിന്ന് ഒരു സൃഷ്ടാവും നിയന്താവുമായ ഒരു ദൈവമുണ്ടായിരിക്കേണ്ടത് ഓരോ മനുഷ്യന്റെയും മനസ്സാക്ഷി, അതു ദുഷിച്ച് ശിക്ഷണത്തിന്നും ദുസ്സംസർഗ്ഗത്തിന്നും വിധേയമായി നിർജ്ജീവമായി പോയിട്ടില്ലെങ്കിൽ അവനെ പലപ്പോഴും ഉണർത്തിക്കൊണ്ടിരിക്കുന്നതാണ്. നമ്മുടെ സൃഷ്ടാവായ ഒരുവനുണ്ടെന്ന് വരുമ്പോൾ അവൻ നമ്മെ സൃഷ്ടിച്ചതിന്ന് എന്തോ ഒരു ഉദ്ദേശമുണ്ടായിരിക്കേണമെന്നും നമ്മുടെ ജീവിതം ആ ഉദ്ദേശ്യത്തെ സാധിക്കുന്നതിനായിട്ടല്ലാതെ കേവലം മൃഗങ്ങളെ പോലെ ശരീരേഛകളെ മാത്രം നിവർത്തിക്കുന്നതിന്നായിരിക്കില്ലെന്നുമുള്ള ബോധം നമ്മുടെ അന്ത:കരണത്തിൽ ഉദിച്ചുയരുന്ന ദൈവത്തെ സംബന്ധിച്ച ഈ പ്രചോദനം നമുക്കതിനെ അവഗണിക്കുവാൻ സാദ്ധ്യമല്ലാത്ത വിധം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണ്.

നഷ്ടങ്ങളിൽ വെച്ച് ഏറ്റവും ഭീമമായ നഷ്ടമുണ്ടാക്കുകയും അവനെ കുറിച്ചറിയുകയും അവനുമായി ഒരു ദൃഢമായ ഒരു ബന്ധത്തെ ഉറപ്പിക്കുകയും ചെയ്യുകയെന്നത് ലോകത്ത് നമുക്ക് സിദ്ധിക്കാവുന്നതിൽ വെച്ചേറ്റവും വലിയ ലാഭമായിരിക്കും. യഥാർത്ഥത്തിൽ ദൈവത്തെ സംബന്ധിച്ച പ്രാശ്നം എത്രതന്നെ ഗൗരവാഹമായതും ചിന്തകന്മാർ ഒരിക്കലും അഗണ്യമാക്കി കൂടാത്തതുമായ ഒന്നാകുന്നു

ഇനി ഈശ്വര സൽസ്വാഭാവത്തെക്കുറിച്ച് വിചിന്തിനം ചെയ്യേണ്ടത് എത്തരത്തിലുള്ളതായിരിക്കുമെന്നതിനെക്കുറിച്ച് രണ്ടു വാക്കു പറഞ്ഞു കൊള്ളട്ടെ. ഒരു വിഷയത്തെക്കുറിച്ച് അറിയാനുള്ള ശരിയായ മാർഗ്ഗമേതെന്ന് മനസ്സിലാകാതെ ഏതെങ്കിലും ഒരു വഴിയിൽ കൂടി അതിന്നായി ശ്രമിക്കുന്നയാൾ ആ ശ്രമം വിഫലമായി പോവുകയെയുള്ളൂ. വിദ്യാഭ്യാസം ചെയ്യാനുദ്ദശിക്കുന്ന ഒരുവൻ വിദ്യാലയത്തിൽ ചേർന്ന് അതിലെ പാഠ പദ്ധതിയനുസരിച്ച് പഠനമാരംഭിക്കുന്നതിന്ന് പകരം ഒരു തൂമ്പായെടുത്ത് ഏതെങ്കിലും ഒരു പറമ്പ് കിളക്കാൻ അവന്റെ ഉദ്ദിശ്ഷ്ടം സഫലമാവുകയില്ലെന്ന് തീർച്ചയാണല്ലോ അതേ പ്രകാരം ഓരോ കാര്യസാദ്ധ്യത്തിന്നും അതിന്നുചിതമായ മാർഗ്ഗത്തിലൂടെ പരിശ്രമിക്കാതിരിക്കുന്നേടത്തോളം കാലം ആ കാര്യം സഫലമാകുന്നതല്ല. ഇതു ലോകത്തേതൊരു സംഗതിയിലും പ്രാവർത്തികമാക്കി കാണുന്ന ഒരു ചട്ടമാണ്. അദ്ധ്യാത്മിക കാര്യത്തിലും ദൈവത്തെ സംബന്ധിച്ച് വിചിന്തനങ്ങളിലുമെല്ലാം അതതിന്ന് പറ്റിയ മാർഗ്ഗങ്ങളിൽകൂടെ പ്രവർത്തിക്കേണ്ടതാവശ്യമാകുന്നു.

നമ്മുടെ ഉദ്ദേശ്യപ്രാപ്തിക്ക് നമ്മുടെ മനോനിശ്ചയവുമായി വലുതായ ഒരു ബന്ധമുണ്ടെന്നതു അനിഷേദ്ധ്യമാണ്. ഒരുവൻ ഏതെങ്കിലും ഒരു കാര്യം ഏതെങ്കിലും ഉദ്ദേശ്യത്തോടുക്കൂടി ആരംഭിക്കുന്നുവോ ആ കാര്യത്തിന്റെ ഫലം അവന്റെ ഉദ്ദേശനില അനുസരിച്ചായിരിക്കുന്നതാണ്. ഉദാഹരണത്തിന്ന് ഒരുവൻ ഒരു പുസ്തകം അതിന്റെ തത്വസാരം ഗ്രഹിക്കേണമെന്ന് വിചാരത്തോടു കൂടിയും മറ്റൊരുവൻ അതിലെ ന്യൂനതകൾ കണ്ടു പിടിക്കേണമെന്ന ഉദ്ദേശത്തോടു കൂടിയും വായിക്കുന്നതായാൽ അവരിരുവരും വായിക്കുന്നത് ഒരേ പുസ്തകം തന്നെയെങ്കിലും രണ്ട് പേർക്കും ഉണ്ടാകാവുന്ന അനുഭവമാകുന്ന ഫലം വ്യത്യസ്തമായിരിക്കും. ഇതേപ്രകാരം തന്നെ ദൈവത്തിന്റെ ഗുണങ്ങളെ കുറിച്ചുള്ള വിചിന്തനത്തിന്റെ ഫലവും ആ ചിന്തിക്കുന്നവരുടെ ഉദ്ദേശ്യവും വിചാരവും അനുസരിച്ച് വ്യത്യസ്തമായിരിക്കുന്നതാണ്. ഒരു തത്വജ്ഞാനിയും മുമുക്ഷുവും ദൈവത്തെ അന്വേഷിക്കുന്നതിന്ന് ഏർപ്പെടുമ്പോൾ രണ്ടു പേരുടേയും ശ്രമം ദൈവത്തെ അറിയുന്നതിന്ന് വേണ്ടിയായിരിക്കുമെങ്കിലും രണ്ട് പേരുടെയും വിചാരത്തിന്നും ഉദ്ദേശത്തിനും വ്യത്യാസമുള്ളത്കൊണ്ട് അവരുടെ അനുഭവങ്ങൾക്കും ആ വ്യത്യസ്തത ഉണ്ടായിരിക്കുന്നതാണ്. തത്വജ്ഞാനി തന്റെ ബുദ്ധിശക്തിയുടെ സഹായത്താൽ പ്രപഞ്ചോൽഭവത്തെക്കുറിച്ച് ചിന്തിക്കുകയും ഈ വിശ്വകടാഹത്തിന്ന് ഒരു നിർമ്മാതാവുണ്ടോ എന്നു നിരീക്ഷിക്കുകയും തനിക്ക് മനസ്സിലാകുന്ന സംഗതിയെ തന്റെ വിജ്ഞാന ഭണ്ടാരത്തിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. അയാളുടെ ഉദ്ദേശം തത്ത്വപരമായ ഒരു പര്യവേഷണം നടത്തുകയും അത്ഭുതകരമായ വിധം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന്ന് ഒരു കർത്താവുണ്ടോ എന്ന് മനസ്സിലാക്കുകയും ചെയ്യേണമെന്നല്ലാതെ ദൈവം ഒരുവനുണ്ടെങ്കിൽ അവൻ എങ്ങിനെയുള്ളവനാണെന്നും അവനും മനുഷ്യനും തമ്മിലുള്ള ബന്ധം എപ്രകാരമായിരിക്കണമെന്നു ആ ബന്ധത്തെ സാധിക്കുന്നതിന്നുള്ള വഴിയെന്താണെന്നും അറിയുകയെന്നതല്ല. എന്നാൽ ആ മുമുക്ഷുവാകട്ടെ ദൈവത്തെ അറിയുകയും അവനെ പ്രാപിക്കുകയും ചെയ്യേണമെന്ന തൃഷ്ണയോടു കൂടി തേടി നടക്കുന്നു. അയാൾ ദൈവവുമായി ദൃഢതരമായ ഒരു ബന്ധം ഉണ്ടാക്കി തീർക്കുകയും അവന്റെ പ്രീതിയേയും സാമീപ്യത്തെയും സമ്പാദിക്കുകയും അവന്റെ അഭീഷ്ടമറിഞ്ഞ് അത് പ്രകാരം ജീവിക്കണമെന്ന് അഭിവാഞ്ഛയോട് കൂടി സ്വയം വിസ്മരിച്ചും സ്വന്തം സുഖം ഉപേക്ഷിച്ചും പ്രവർത്തിക്കുന്നു. അവരിരുവരുടെയും അന്വേഷണം ദൈവത്തെ ലക്ഷ്യമാക്കിയാണെന്നിരിക്കിലും രണ്ടു പേരുടേയും ഉദ്ദേശം രണ്ട് തരത്തിലാകയാൽ അവരുടെ അനുഭവങ്ങളും ഒരു പോലെ ആയിരിക്കില്ല. അത് കൊണ്ട് ദൈവത്തെക്കുറിച്ച് അന്വേഷിക്കേണ്ടത് അത്യാവശ്യമാണെന്നതു പോലെ തന്നെ ഈ വിഷയത്തിൽ നമ്മുടെ വിചാരവും മനോഭാവവും കേവലം തത്വജ്ഞാനിയുടേതുപോലെ ആയിരിക്കാതെ ആ മനുഷ്യ മുമുക്ഷുവിന്റെത് പോലെ ആയിരിക്കേണ്ടതുമാണ്. എന്നാൽ മാത്രമേ നമുക്ക് ദൈവത്തെക്കുറിച്ച് ഒരു നിശ്ചയ ജ്ഞാനം സിദ്ധിക്കുകയും അവനെ പ്രാപിക്കാനുള്ള ശരിയായ മാർഗ്ഗത്തിൽ ചരിക്കുവാൻ സാധിക്കുകയും ചെയ്യുകയുള്ളൂ. നമ്മുടെ ഹൃദയത്തിൽ ദൈവത്തെ അറിയാനുള്ള തൃഷ്ണയും സർവ്വോപരി സത്യമായിരിക്കുന്ന അവന്റെ സവിധത്തെ പ്രാപിക്കുവാനുള്ള വാഞ്ഛയുമില്ലാതെ നാം ഈ വിഷയകമായി ഒരു വിചിന്തനം മാത്രം ചെയ്യുകയും തൽഫലമായി ലഭിക്കുന്ന അറിവിനെ നമ്മുടെ ജ്ഞാന ഭണ്ടാരത്തിൽ തത്വപരമായ ഒരു കണ്ടുപിടുത്തമെന്നോണം നിക്ഷേപിക്കുകയാണ് ചെയ്യുന്നതെങ്കിൽ അതുമൂലം നമുക്ക് ദൈവത്തെ സംബന്ധിച്ച് പരമാർത്ഥ ജ്ഞാനവും നമ്മുടെ ജന്മ സാഫല്യവും ലഭ്യമാകയില്ല. എന്ന് മാത്രമല്ല ദൈവമുണ്ടെന്നറിഞ്ഞിട്ടും അവനെ പ്രാപിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കാതിരിക്കുന്നത് നാശത്തിന്ന് കാരണമാകുന്നതുമാണ്.

# വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ

ഹദ്റത് ഖദീജ (റ) ന്റെ വഫാത്തിന് ശേഷം നബി തിരുമേനി (സ) യുടെ വിവാഹം ഹദ്റത് ആയിശ സിദ്ദീഖ (റ) യുമായി നടന്നു. പ്രവാചക വാദത്തിന്റെ 10-ാം വർഷത്തിലെ ശവ്വാൽ മാസത്തിലായിരുന്നു ഈ നിക്കാഹ്. അന്നേരം ഹദ്റത് ആയിശ (റ) യുടെ പ്രായം 7 വയസ്സായിരുന്നു. എന്നാൽ അവരുടെ ശാരീരിക വളർച്ച അസാധാരണ നിലയിലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ പ്രസ്തുത നിക്കാഹിനായി പ്രേരിപ്പിച്ച ഖൗല ബിൻത് ഹക്കീമിന്റെ ചിന്ത ഒരിക്കലും അവരിലേക്ക് തിരിയില്ലായിരുന്നു. എന്നിരുന്നാലും അവർക്കപ്പോൾ പ്രായപൂർത്തി ആയിരുന്നില്ല. അതിനാൽ അന്നേരം നിക്കാഹ് കഴിഞ്ഞുവെങ്കിലും വിടവാങ്ങൽ നടന്നില്ല. അവർ സാധാരണ നിലയിൽ തന്നെ തന്റെ മാതാപിതാക്കളുടെ കൂടെ കഴിയുകയാണ് ചെയ്തത്.

പിന്നീട് ഹിജ്റത്തിന്റെ രണ്ടാം വർഷം അതായത് നിക്കാഹിന് അഞ്ചു വർഷങ്ങൾക്കു ശേഷം അവരുടെ പ്രായം 12 വയസ്സായപ്പോൾ അവർ പ്രായപൂർത്തിയാകുകയും അതിനാൽ സ്വയം ഹദ്റത് അബൂബക്കർ (റ) നബി (സ)യുടെ സവിധത്തിൽ ഹാജറായി കൊണ്ട് ഹദ്റത് ആയിശ (റ) യെ കൂട്ടികൊണ്ട് പോകുന്നതിനായി അപേക്ഷിച്ചു. അങ്ങിനെ നബി (സ) മഹർ തയ്യാറാക്കുകയും ഹിജ്രി രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ഹദ്റത് ആയിശ (റ)തന്റെ മാതാപിതാക്കളുടെ വീട്ടിൽ നിന്നും വിടവാങ്ങി നബി (സ) തിരുമേനിയുടെ ദാമ്പത്യ ജീവിതത്തിൽ പ്രവേശിച്ചു.

വീട്ടിൽ നിന്നും വിടവാങ്ങിയ സമയത്ത് ഹദ്റത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നത് ഇക്കാലഘട്ടത്തിൽ ഒരു ഭിന്നിപ്പുള്ള ചോദ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സാധാരണ ചരിത്ര ഗ്രന്ഥങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും ഹദ്റത് ആയിശ (റ)യുടെ പ്രായം 9 അല്ലെങ്കിൽ 10 വയസ്സായിട്ടാണ് രേഖപ്പെട്ടു കിടക്കുന്നത്. സഹീഹ് ബുഖാരിയിൽ ഹദ്റത് ആയിശ (റ) വിവാഹ സമയത്ത് തന്റെ വയസ്സ് 9 ആയിരുന്നു എന്ന് പറഞ്ഞിട്ടുമുണ്ട്. അക്കാരണത്താലാണ് എല്ലാ ചരിത്രകാരന്മാരും 9 വയസായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിന് വിരുദ്ധമായി ചില അന്വേഷകർ വിവിധ തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് 14 വയസായിരുന്നു എന്നും 16 വയസായിരുന്നു എന്നും തെളിയിക്കുവാനായി ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ഈ അന്വേഷകരുടെ അഭിപ്രായത്തോട് യോജിപ്പില്ല. എന്നാൽ അവസ്ഥകൾ പരിശോദിക്കുമ്പോൾ 9 വയസായിരുന്നു എന്നുള്ളതും ശരിയായി തോന്നുന്നില്ല. മറിച്ച് മേലുദ്ധരിച്ചതു പോലെ വിടവാങ്ങുന്ന അവസരത്തിൽ ഹദ്റത് ആയിശ (റ) 12 വയസ്സ് പൂർത്തിയാക്കുകയോ അല്ലെങ്കിൽ അതിനടുത്തായിരുന്നു എന്നാണ് തെളിയുന്നത്. യഥാർത്ഥത്തിൽ മുൻകടന്നവർക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റാൻ കാരണം അവർ സഹീഹ് ഹദീസിൽ വന്നിട്ടുള്ള ഹദ്റത് ആയിശയുടെ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള അനുമാനത്തെ കൃത്യമായതും ശരിയായതുമാണെന്ന് കരുതി മറ്റൊന്നിലേക്കും ശ്രദ്ധിച്ചില്ല എന്നതാണ്. എന്നാൽ നിവേദനം ശരിയാകുക എന്നതും അനുമാനം ശരിയാകുക എന്നതും രണ്ടും രണ്ടാണെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഹദ്റത് ആയിശ (റ) യുടെ വിവാഹസമയത്തുള്ള തന്റെ പ്രായത്തെ കുറിച്ചുള്ള അനുമാനം രേഖപ്പെട്ടു കിടക്കുന്ന സഹീഹ് ഹദീസിലെ നിവേദനങ്ങൾ രിവായത്തുകളുടെ അടിസ്ഥാനത്തിൽ ശരിയായിരിക്കും. എന്നാൽ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള ഹദ്റത് ആയിശ (റ) അനുമാനം തെറ്റാകാം. ചിലപ്പോൾ ആളുകളുടെ സ്വന്തം പ്രായത്തെ സംബന്ധിച്ചുള്ള അനുമാനം തെറ്റാറുള്ളതു പോലെ.

എന്നാൽ ഇതിന് വിപരീതമായി 9 വയസായിരുന്നു എന്നുള്ള ചിന്തയെ തെറ്റായി കതുതി സ്വതന്ത്രമായി അന്വേഷിക്കാൻ ശ്രമിച്ചവർ അന്വേഷണത്തിന്റെ ശരിയായ മാർഗം ഉപേക്ഷിച്ചു കൊണ്ട് ഹൃദയത്തിന് സംതൃപ്തി നൽകാത്ത കുഴഞ്ഞുമറിഞ്ഞ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത് ആയിശ (റ) യുടെ ജനന കാലവും അതോടൊപ്പം വിടവാങ്ങിയ കാലവും മനസ്സിലാക്കുന്ന

താണ് അവരുടെ പ്രായം കണക്കാക്കാൻ ഏറ്റവും പ്രബലവും എളുപ്പവുമായ മാർഗമെന്നതിൽ ബുദ്ധിമാനായ എല്ലാവരും ഞങ്ങളോട് യോജിക്കുന്നതാണ്. കാരണം പ്രസ്തുത രണ്ട് കാലങ്ങളും വ്യക്തമായാൽ വിടവാങ്ങുന്ന സമയത്ത് ഹദ്റത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നതിൽ യാതൊരു സന്ദേഹത്തിനും സംശയത്തിനും ഇടമുണ്ടാകില്ല.

ആദ്യം നമുക്ക് ജനനത്തെയെടുക്കാം. ഇബ്നു സഅദ് ത്വബ്ഖാതിൽ ഒരു രിവായത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഹദ്റത് ആയിശ പ്രവാചകവാദത്തിന്റെ 4-ാം വർഷാരംഭത്തിലാണ് ജനിച്ചത് എന്നാണ് പറയുന്നത്. ഹദ്റത് ആയിശ (റ)യുടെ ജനന കാലത്തെ സംബന്ധിച്ച് ഇതല്ലാതെ മറ്റൊരു വ്യക്തമായ രിവായത്തും ആരംഭകാല ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഹദീസിന്റെ ഗ്രന്ഥങ്ങളിലും തൽസംബന്ധമായി ഒരു രിവായത്തും തന്നെയില്ല. അതിനാൽ ജനന കാലം പ്രാവചക വാദത്തിന്റെ 4 -ാം വർഷാരംഭത്തിലായിരുന്നു എന്നത് വളരെ എളുപ്പത്തിൽ നിർണയിക്കാൻ സാധിക്കുന്നതാണ്.

ഇനി നമുക്ക് വിടവാങ്ങിയ കാലത്തെ കുറിച്ച് നോക്കാം. ഇതിനെ സംബന്ധിച്ചുള്ള

നിവേദനങ്ങളിൽ ഭിന്നതയുണ്ട്. ചില നിവേദനങ്ങളിൽ പറഞ്ഞിരിക്കുന്ന കാലം ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണെന്നാണ്. ചിലതിൽ ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസമെന്നും. എന്നാൽ ചിന്തിക്കുമ്പോൾ രണ്ടാമത് പരാമർശിച്ച നിവേദനമാണ് കൂടുതൽ പ്രാമാണികമായി തോന്നുക. ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസം എന്ന നിവേദനത്തിന്റെ യഥാർഥ ഉറവിടം ഇബ്നു സഅദ് ആകുന്നു. അദ്ദേഹം നിവേദനങ്ങളുടെ ഒരു ശൃംഖലയിലൂടെ ഈ രിവായത്തിനെ ഹദ്റത് ആയിശ (റ) യിലേക്കെത്തിച്ചിരിക്കുന്നു. ഭൂരിഭാഗം ചരിത്രകാരന്മാരും ഇബ്നു സഅദിന്റെ നിവേദനത്തെ അടിസ്ഥാനമാക്കിയാണ് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണ് വിടവാങ്ങൽ നടന്നത് എന്ന് നിർണയിച്ചിരിക്കുന്നത്.

ഇബ്നു സഅദ് വിശ്വാസയോഗ്യനാണെങ്കിലും പ്രസ്തുത നിവേദനത്തിൽ അദ്ദേഹത്തിന്റെ നിവേദകരിൽ ഒരു നിവേദകൻ വാഖ്ദിയാകുന്നു. അയാൾ വിശ്വാസയോഗ്യനല്ലെന്നും കളവ് പറയുന്ന ആളാണെന്നും ഉള്ളതിൽ അന്വേഷകർ ഭൂരിഭാഗവും ഏകാഭിപ്രായക്കാരാണ്. മറ്റ് നിവേദനങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ വാഖ്ദിയുടെ രിവായത്തുണ്ടെന്ന കാരണത്താൽ ഒരു ചരിത്ര സംഭവനത്തിന്റെ അടിസ്ഥാനമായി പ്രസ്തുത രിവായത്തിനെ കണക്കാക്കുക സാധ്യമല്ല.

അതിന് വിരുദ്ധമായി അല്ലാമ നൂദീ, അല്ലാമ ഐനീ, ഖസ്തലാനീ തുടങ്ങിയ മറ്റ് ചില അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്രിക്കാണ് പ്രഥമികത നൽകിയിരുന്നത്. അല്ലാമ നൂദീ വളരെ വ്യക്തമായും ശക്തമായും ശവ്വാൽ ഹിജ്രി ഒന്നാം വർഷം എന്നുള്ള ഹദീസിനെ ദുർബലവും വിശ്വാസയോഗ്യമല്ലാത്തത് എന്നുമാണ് വിധിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ ചരിത്രകാരന്മാർ പൊതുവായി ശവ്വാൽ ഒന്നാം ഹിജ്രി എന്ന രിവായത്തിനെയാണ് പിൻതുടരുന്നത് എന്നത് ഒരു പ്രബലമായ അഭിപ്രായത്തെ നിഷേധിക്കുന്നതിന് കാരണമാകേണ്ടതില്ല. യഥാർഥത്തിൽ ചരിത്രകാരന്മാർ വാഖ്ദിയുടെ രിവായത്തിനെ പിൻപറ്റാൻ കാരണം അത് സഹീഹ് ഹദീസിൽ രേഖപ്പെട്ടു കിടക്കുന്ന 9 വയസ്സെന്നുള്ള അനുമാനവുമായി യോജിക്കുന്നു എന്ന കാരണത്താലാണ്. അതിനാലാണ് സർഖാനിയെ പോലെയുള്ള അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്രി എന്ന ഹദീസിനെ സ്വാകാര്യമല്ലാത്തതായി പറയുന്നത്. കാരണം അതിനെ ശരിയായി അംഗീകരിച്ചാൽ പ്രായം 9 ൽ കൂടുതലാകും. എന്നാൽ വയസ്സും തൽസംബന്ധമായ രിവായത്തും ചർച്ച ചെയ്യപ്പെടുമ്പോൾ ഏതങ്കിലും പ്രത്യേക ഹദീസിനെ ശരിയായതായി നിർണയിക്കുക ഉചിതമല്ല. 9 വയസ്സായിരുന്നു എന്നുള്ള അനുമാനത്തെ തെറ്റായി മനസ്സിലാക്കുന്നത് കൊണ്ട് 9 വയസ്സായിരുന്നു എന്നുള്ള രിവായത്ത് തന്നെ തെറ്റാണെന്ന അർഥമില്ല. എന്നാൽ അത്ഭുതമെന്ന് പറയട്ടെ അല്ലാമ സർഖാനി മറ്റൊരു സ്ഥലത്ത് ശവ്വാൽ 2 ഹിജ്രി എന്നുള്ള ഹദീസിന് മുൻഗണന നൽകിയിട്ടുമുണ്ട്. ചുരുക്കത്തിൽ ശവ്വാൽ രണ്ടാം ഹിജ്രി എന്ന ഹദീസിനെ അപേക്ഷിച്ച് ശവ്വാൽ ഒന്നാം ഹിജ്രി എന്ന ഹദീസ് വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഹദ്റത് ആയിശ (റ) യുടെ വിവാഹം ശവ്വാർ രണ്ടാം ഹിജ്രിയിലാണ് നടന്നത് എന്ന് തന്നെയാണ് യഥാർഥമായി മനസിലാകുന്നത്.

ഇനി ജനനകാലവും വിടവാങ്ങൽ കാലവും നിർണിതമായിക്കഴിഞ്ഞതിനാൽ പ്രായം കണക്കാക്കുക പ്രയാസമുള്ള കാര്യമല്ല. മറിച്ച് ഒരു ചെറിയ കുട്ടിക്ക് പോലും ചെയ്യാൻ സാധിക്കുന്ന എളുപ്പമുള്ള ഒരു കണക്കായി മാറിയിരിക്കുന്നു. ഹദ്റത് ആയിശ (റ) നുബുവ്വത്ത് വാദത്തിന്റെ 4 -ാം വർഷാരംഭത്തിൽ ജനിച്ചു. നുബുവ്വത്ത് വാദത്തിന്റെ 14-ാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നബി (സ) തിരുമേനി ഹിജ്റത്ത് ചെയ്ത്. അങ്ങിനെ ഹിജ്റത്ത് സമയത്തുള്ള ഹദ്റത് ആയിശ (റ) യുടെ പ്രായം ഏകദേശം 10 വയസ്സും 6 മാസവും മാസവുമാകുന്നു. ഹിജ്റത് നടന്ന ഹിജ്റ ഒന്നാം വർഷം റബീഉൽ അവ്വൽ മുതൽ ഹദ്റത് ആയിശ (റ) യെ കൂട്ടിക്കൊണ്ടു പോയ ശവ്വാൽ ഹിജ്രി 2 വരെയുള്ള കാലം 2 വർഷവും ഏതാനും മാസവുമാകുന്നു. ഇനി ഈ രണ്ട് കാലത്തേയും യോജിപ്പിക്കുകയാണെങ്കിൽ നാം

ആരംഭത്തിൽ പറഞ്ഞ 12 വർഷം തന്നെയാണ് ലഭിക്കുക. ഇനി അഥവാ ഇബ്നു സഅദിന്റെ നിവേദനം അനുസരിച്ച് ഹിജ്റ ഒന്നാം വർഷം തന്നെയാണ് കൂട്ടിക്കൊണ്ട് പോയതെങ്കിൽ തന്നെയും 11 വർഷം ലഭിക്കുന്നു. 9 ഓ 10 ഓ വയസ്സല്ല. ഇത് കണക്കു കൂട്ടിയെടുത്തതാണ്. ഇതിനെതിരിൽ അനുമാനം സ്വീകാര്യയോഗ്യമല്ല.

(സീറത്ത് ഖാത്തമുന്നബിയ്യീൻ (സ))

---

പേജ് 9 ൽ നിന്ന് തുടർച്ച

ടെ നിലവാരം ഉയർത്തുകയും നമ്മുടെ ധാർമ്മിക ഗുണങ്ങളുടെ നിലവാരം ശരിയാക്കുകയും പരസ്പരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉന്നത നില വാരം നിലനാട്ടുകയും ചെയ്തുകൊണ്ട് നമ്മൾ ആ മാതൃകകളായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

മസീഹ് മൗഊദ്[അ] പറഞ്ഞു: അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്വത്തെ സ്മരിച്ചുകൊണ്ട്, എല്ലാവരും ഹൃദയത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയമുണ്ടാക്കുക. എല്ലാവരും അല്ലാഹുവിന്റെ ദാസരാണെന്ന് ഓർക്കുക. ആരെയും അക്രമിക്കരുത്. ആരെയും നിസ്സാരമായി കാണരുത്. ഒരു മനുഷ്യൻ മോശക്കാരനാണെങ്കിൽ അവൻ എല്ലാവരെയും മോശക്കാരനാക്കുന്നു. ഉയർന്ന മൂല്യങ്ങളും ഉയർന്ന ധാർമ്മികതയും തഖ്‌വയുടെ ഉന്നത നിലവാരം സ്ഥാപിക്കുമ്പോഴാണ് ഉണ്ടാകുന്നത്. നമ്മുടെ ജമാഅത്തംഗങ്ങൾ അല്ലാഹുവിനാൽ നിയോഗിതനാണ് എന്ന വാദമുള്ള ഒരു വ്യക്തിയുമായി ബന്ധമുള്ളവരാണ്. നമ്മുടെ ജമാഅത്തംഗങ്ങൾ ലൗകീക കാര്യങ്ങളിൽ ആവലാതിപ്പെടുന്നതിലുപരിയായി അവരിൽ തഖ്‌വ ഉണ്ടോ ഇല്ലയൊ എന്ന കാര്യത്തിൽ ആശങ്കപ്പെടുക. നമുക്ക് ബൈഅത്തിന്റെ കടമകൾ നിറവേറ്റ ണമെങ്കിൽ, അല്ലാഹുവിന്റെ ഔദാര്യങ്ങൾക്ക് നാം നന്ദിയുള്ളവരായിരിക്കണമെങ്കിൽ, നമ്മുടെ അവസ്ഥകളെ കുറിച്ച് എപ്പോഴും നാം വിലയിരുത്തേണ്ടിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ആഗ്രഹമനുസരിച്ച് ജീവിതം നയിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകിയനുഗ്രഹിക്കുമാറാകട്ടെ. നാം ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിനോടുള്ള ഭയം നമ്മുടെയുള്ളിൽ ഉണ്ടാകുകയും നാം യഥാർഥത്തിൽ അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ കടമ നിർവഹിക്കുന്നവരും ആയിത്തീരുമാറാകട്ടെ. അല്ലാഹു റസൂൽ തിരുമേനി[സ]ക്ക് സുവാർത്ത നൽകിയ ആഖിരീങ്ങളുടെ ജമാഅത്തിൽ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമ്മീൻ.

---

പേജ് 15 ൽ നിന്ന് തുടർച്ച

അബൂബക്കർ സാഹിബ് പറഞ്ഞു.

ഞാൻ ഹുസൂർ തിരുമനസ്സിനെഴുതി. നമ്മുടെ പദ്ധതി അവതാളത്തിലാവുമെന്ന് എനിക്ക് തോന്നുന്നു. ഹുസൂർ എനിക്ക് നൽകിയ മറുപടി നിങ്ങളുടെ പാതയിലുള്ള എല്ലാ തടസ്സങ്ങളും അല്ലാഹു നീക്കിതരട്ടെ എന്നാണ്. ഞങ്ങൾ നേരിട്ട ഒന്നാമത്തെ തടസ്സം പള്ളി നിർമ്മിക്കാനുള്ള സ്വത്ത് വാങ്ങുന്നത് സംബന്ധിച്ചാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ലക്ഷത്തി എഴുപതിനായിരത്തി ചില്ല്വാനം ഡോളർ മൂന്ന് മാസം കൊണ്ട് പിരിച്ചെടുക്കാൻ നമുക്ക് സാധിച്ചു. അത് മാത്രമല്ല സാധ്യമായത്. 5 വർഷകൊണ്ട് പള്ളി വിപുലീകരണത്തിനുള്ള അനുവാദവും ലഭിച്ചു. സാധാരണയായി നിങ്ങൾ ഇവിടെ ഒരു സ്വത്ത് വാങ്ങുമ്പോൾ അടുത്ത മൂന്ന് മാസത്തിനകം അവിടെ നിർമ്മാണം നടത്തണമെന്നാണ് അവർ ആവശ്യപ്പെടുക. പക്ഷേ നമുക്ക് 5 വർഷത്തെ സമയമാണ് അനുവദിച്ചു തന്നത്. നിരവധി തടസ്സങ്ങളുണ്ടായി അതെല്ലാം തരണം ചെയ്താണ് ഇന്ന് കാണുന്ന രീതിയിൽ പള്ളിനിർമ്മിക്കാൻ നമുക്ക് സാധിച്ചതെന്ന് അബൂബക്കർ സാഹിബ് പറഞ്ഞു.

തീർച്ചയായും വാഗ്ദത്ത മസീഹി(അ) മുതൽ അവിടുത്തെ അഞ്ചാമത്തെ ഖലീഫ വരെയുള്ളവരുടെ പ്രാർത്ഥനകളുടെ സാഫല്യമ്യാണ് ഈ മസ്ജിദ് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടാൻ സാധിച്ചതെന്ന് ദിയാ അബൂബക്കർ സാഹിബ് അനുസ്മരിച്ചു.

ഞാൻ 22 വർഷമായി സിയോണിൽ താമസിച്ചു വരുന്നു. വാഗ്ദത്ത മസീഹിന്റെ സ്മരണ നിലനിർത്താനുള്ള ഒരു മസ്ജിദ് ഉദ്ഘാടനത്തിന്റെ ഈ അനുഗ്രഹീത നിമിഷത്തിന് വേണ്ടി കാത്തിരിക്കുകയായിരുന്നു. ഈ പള്ളി ഉദ്ഘാടനം ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

വാഗദത്ത മസീഹും അലക്സാണ്ടർ ഡോവിയുമായുള്ള ദ്വന്ദ പ്രാർത്ഥന കഴിഞ്ഞ് ഒരു നൂറ്റാണ്ടു പിന്നിട്ടു. പക്ഷേ വാഗ്ദത്ത മസീഹി(അ)ന്റെ പ്രാർത്ഥനയുടെ മായാത്ത മുദ്ര സിയോൺ നഗരത്തിൽ അവശേഷിച്ചു നിൽക്കുന്നു. ഖലീഫത്തുൽ മസീഹ് ഖാമിസ് ഫത്ഹെ അസീം മസ്ജിദിന്റെ ശീലാഫലകത്തിന്റെ തിരശ്ശീല അനാവരണം ചെയ്തപ്പോൾ ഒരു ചരിത്രവൃത്തം പൂർത്തിയാവുകയാണ്. സിയോൺ നിവാസികൾക്കും തീർച്ചയായും ലോകത്തുള്ള എല്ലാ അഹ്മദി മുസ്‌ലിംകൾക്കും വാഗ്ദത്ത മസീഹി(അ)ന്റെ മഹത്തായ ഈ വിജയത്തിന്റെ ആഹ്ലാദ നിമിഷമാണിത്. അതിന്റെ ഫലമായി സിയോണിലെ നിവാസികൾ അഹ്മദിയ്യാ ഖിലാഫത്തുമായി അവിഛിന്നമായ അനുസരണത്തിന്റെയും സന്മാർഗ്ഗ നിർദ്ദേശത്തിന്റെയും സ്നേഹത്തിന്റേയും വലയത്തിലായിരിക്കുന്നു.

ഭാഗം – 33

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഖുദ്റത്തെ സാനിയ അഥവാ രണ്ടാം ശക്തി പ്രഭാവം

കഴിഞ്ഞ ലക്കത്തിൽ വിവരിച്ച സംഭവത്തിനു പുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിൽ ബൈഅത്തു ചെയ്തതിനു ഏതാനും ദിവസങ്ങൾക്കു ശേഷം ഖിലാഫത്തിന്റെ മഹനീയ സ്ഥാനത്തിനു വിരുദ്ധമായി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്ന സംഘത്തിലെ തല മുതിർന്ന നേതാക്കളായ മൗലവി മുഹമ്മദ് അലി സാഹിബും ഖ്വാജാകമാലുദ്ദീൻ സാഹിബും ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അൽവസീയത്ത് എന്ന ലഘു കൃതിയിലെ ചില വരികളെടുത്തു തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട്, ഹദ്റത്ത് സാഹിബിന്റെ വസീയത്തു കൊണ്ട് ഖലീഫ ഒരു വ്യക്തിയായിരിക്കണമെന്നു നിർബന്ധമില്ലെന്നും മസീഹ് മൗഊദ് (അ) അഞ്ജുമനെയാണു ഖലീഫയായി നിയമിച്ചതെന്നും, ഖലീഫയായി ഒരു ജമാഅത്തിനോ സംഘടനയ്ക്കോ പ്രവർത്തിക്കാമെന്നും വാദിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ആ വാദങ്ങളും നിഗമനങ്ങളും ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കു തികച്ചും കടക വിരുദ്ധമാണെന്നു കാണിക്കുവാനായി അൽവസീയത്തിലെ ചെറിയൊരു ഭാഗം അൽപം വിശദീകരിക്കാൻ ഉദ്ദേശിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയത്തിൽ അരുൾ ചെയ്യുകയാണ്. അല്ലാഹു രണ്ടു തരത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണു വെളിപ്പെടുത്തുന്നത്. ഒന്നാമതായി അല്ലാഹു പ്രവാചകന്മാരുടെ കരങ്ങളിലൂടെ തന്റെ ശക്തി പ്രഭാവം വെളിപ്പെടുത്തുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനു ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങളെല്ലാം തന്നെ താറുമാറായെന്നു കരുതപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യ ശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട് വീണു കൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ധീഖി (റ) ന്റെ കാലത്തു അതാണു സംഭവിച്ചത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വേർപാട് അകാലത്തുണ്ടായ വേർപാടാണെന്നു കരുതുകയും ദു:ഖഭാരത്താൽ സഹാബാക്കൾ ഭ്രാന്തരെ പോലെയാവുകയും വളരെയേറെ ഗ്രാമീണർ ഇസ്‌ലാം മതം ഉപേക്ഷിക്കുകയും ചെയ്തപ്പോൾ അല്ലാഹു അബൂബക്കർ സിദ്ധീഖിനെ എഴുന്നേൽപിച്ചു കൊണ്ട് ഇസ്‌ലാമിനെ താങ്ങി നിർത്തി. ഈ വരികളിൽ നിന്നും ഖുദ്റത്തെ സാനിയ (രണ്ടാം ശക്തി പ്രഭാവം) എന്നതു കൊണ്ടുള്ള വിവക്ഷ ഖിലാഫത്താണെന്നും ആ ഖിലാഫത്ത് കേവലം ഒരു വ്യക്തി പ്രതിനിധാനം ചെയ്യുന്ന ഖിലാഫത്താണെന്നും അതൊരു സംഘടനയല്ലെന്നും നമുക്കു മനസ്സിലാക്കാം.

ഖുദ്റത്തെ സാനിയ കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉദ്ദേശിച്ചതു ഖിലാഫത്തു തന്നെയാണെന്നതിന്റെ രണ്ടാമത്തെ തെളിവ് മസീഹ് മൗഊദ് (അ) സമർപ്പിച്ച ഖുർആനിക വചനങ്ങളാണ്. ഹുസൂർ തന്റെ അൽവസിയ്യത്ത് എന്ന കൃതിയിൽ പറയുകയാണ്.

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا
الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا
اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ

لَهُمْ دِينَهُمُ الَّذِى ارْتَضَى لَهُمْ وَلَيُبَدِّلَنَّهُمْ
مِنْ بَعْدِ خَوْفِهِمْ أَمْنًا يَعْبُدُونَنِى لَا يُشْرِ
كُونَ بِي شَيْئًا وَمَنْ كَفَرَ بَعْدَ ذَلِكَ
فَأُولَئِكَ هُمُ الْفَاسِقُونَ (النور 56

നിങ്ങളിൽ നിന്നു വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോടു മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുകയില്ല. അതിനു ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നേയാണു ധിക്കാരികൾ.

ഈ ആയത്ത് ഉദ്ധരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയാണു ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) നെ എഴുന്നേൽപിച്ചു കൊണ്ട് അല്ലാഹു കാണിച്ച ശക്തിപ്രഭാവം ഈ ആയത്തിലൂടെയുള്ള വാഗ്ദാനമാണ്. മുൻ സമുദായങ്ങളിൽ വ്യക്തികളായിരുന്നു പ്രാവാചകന്മാരുടെ ഖലീഫമാരായത്. മൂസാ (അ) ക്കും ഈസാ (അ) ക്കും ഖലീഫമാരുണ്ടായതു പോലെ. 'മുമ്പുണ്ടായവർക്കു ഖലീഫമാർ ഉണ്ടായതു പോലെ' എന്ന വാക്ക് ഈ കാര്യം വ്യക്തമാക്കുന്നു. അതു തന്നെയാണു ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉദ്ദേശിച്ചതും.

മൂന്നാമത്തെ തെളിവ്. വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുകയാണ്. ആ രണ്ടാം ശക്തിപ്രഭാവം നിങ്ങൾക്കു ലഭിക്കണമെങ്കിൽ ഞാൻ ഇവിടെ നിന്നും പോകണം. അതിനു ശേഷം മാത്രമേ അല്ലാഹു നിങ്ങൾക്കു വേണ്ടി ആ ശക്തിയെ അയക്കുകയുള്ളു. മാത്രവുമല്ല പിന്നീട് അത് എന്നെന്നും നിങ്ങളോടൊപ്പം നിലനിൽക്കുകയും ചെയ്യും. ഇതിൽ നിന്നും ആ ഖുദ്റത്തെ സാനിയ കൊണ്ട് ഉദ്ദേശിക്കുന്നത് ഖിലാഫത്തു തന്നെയാണെന്നു മനസ്സിലാക്കാം. കാരണം ഹുസൂർ പറയുകയാണ് അതു നിങ്ങൾക്കു ലഭിക്കണമെങ്കിൽ ഞാൻ ഇവിടെ നിന്നു പോകണം. പിന്നീടുണ്ടായ സംഭവങ്ങളും നമുക്ക് അതു തന്നേയാണ് പറഞ്ഞു തരുന്നത്. ഹുദൂറിന്റെ വിയോഗത്തിനു ശേഷം ഉടൻ തന്നെ ജമാഅത്തിൽ ഖിലാഫത്ത് നിലവിൽ വന്നു. ഇതിൽ നിന്നെല്ലാം തന്നെ ഖുദ്റത്തെ സാനിയ കൊണ്ട് ഖിലാഫത്തു തന്നെയാണു ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാം.

## അഞ്ചുമനും ഖിലാഫത്തു നിഷേധികളുടെ വാദങ്ങളും

ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ കാലശേഷം ഖിലാഫത്തു സംവിധാനം ജമാഅത്തിൽ നിലനിൽക്കേണ്ടതായിരുന്നുവെങ്കിൽ ഹുസൂർ നേരത്തെ തന്നെ തന്റെ ഒരു പ്രതിനിധിയെ നാമനിർദേശം ചെയ്യേണ്ടതല്ലേ എന്നും ഏറ്റവും ചുരുങ്ങിയത് തന്റെ കാലശേഷം ഒരാളെ നിങ്ങൾ ഖലീഫയായി തെരഞ്ഞെടുത്തോളൂ എന്ന ഉപദേശമെങ്കിലും ജമാഅത്തിനു നൽകേണ്ടതല്ലേ എന്നും ഖിലാഫത്തു വിരോധികൾ ചോദിക്കുന്നു. അൽവസീയത്തിൽ അത്തരം പരാമർശങ്ങളൊന്നും തന്നെ ഇല്ല എന്നും അവർ പറയുന്നു.

ഈ കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അവസ്ഥ തികച്ചും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ന്റേതു പോലെ തന്നെയായിരുന്നു. നബി തിരുമേനി ആരേയും തന്റെ ഖലീഫയായി നിർദേശിച്ചിട്ടില്ല. എനിക്കു ശേഷം ആരെയെങ്കിലും നിങ്ങൾ ഖലീഫയായി തെരഞ്ഞെടുക്കണം എന്നു സഹാബത്തിനെ ഉപദേശിച്ചിട്ടുമില്ല. ഹദ്റത്ത് ഉമർ ഖത്ത്വാബ് (റ) അവസാന നാളിൽ പറഞ്ഞു എനിക്കു ശേഷം ഞാനൊരാളെ ഖലീഫയായി നാമനിർദേശം ചെയ്യാതിരിക്കുന്നതും ശരിയായ നടപടിക്രമം തന്നെയായിരിക്കും കാരണം തിരുനബി (സ) തനിക്കു ശേഷം ആരേയും ഖലീഫയായി നിർദേശിച്ചില്ല. എന്നാൽ ഇസ്തിഖ്ലാഫിന്റെ ആയത്തിൽ അല്ലാഹു ഖിലാഫത്ത് സ്ഥാപിക്കുമെന്ന വാഗ്ദാനം നൽകിയിരിക്കുന്നു. തിരുമേനിയുടെ വിയോഗാനന്തരം ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. തികച്ചും അതു തന്നേയാണു നമ്മുടെ ജമാഅത്തിലും സംഭവിച്ചത്.

അൽവസിയ്യത്തിൽ ഹദ്റത്ത് അഖ്ദസ് (അ) ഖിലാഫത്ത് തെരഞ്ഞെടുപ്പിനെ കുറിച്ചു പരാമർശിച്ചിട്ടില്ലെങ്കിലും അതൊരു തെറ്റോ കുറവോ ആയി കരുതേണ്ട ആവശ്യമില്ല. ഹുദൂർ അൽവസിയത്തിൽ അഞ്ചുമനെ കുറിച്ചു പ്രതിപാദിച്ചില്ലെങ്കിൽ അഞ്ചുമൻ നിലവിലുണ്ടാകുമായിരുന്നില്ല. കാരണം അഞ്ചുമൻ സ്ഥാപിക്കുക എന്നത് മതപരമായ ഒഴിച്ചു കൂടാനാവാത്ത വിധിവിലക്കുകളിൽ പെട്ടതല്ല. എന്നാൽ കാലത്തിന്റെ ആവശ്യമനുസരിച്ചു അത്യാവശ്യമായിരുന്നു. അതിനാൽ ഹുദൂർ അഞ്ചുമൻ സ്ഥാപിച്ചു. എന്നാൽ ഖിലാഫത്ത് അങ്ങനെയല്ല. അതു ഒഴിവാക്കാൻ പറ്റാത്ത മതവിധിവിലക്കുകളിൽ പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉമ്മത്തി നബിയാണ്. അതിനാൽ ആ കാര്യം ഹുദൂർ അൽവസിയത്തിൽ പരാമർശിച്ചിട്ടില്ലെങ്കിലും ഖിലാഫത്ത് മിഥ്യയൊ കാപട്യമോ ആയിത്തീരുകയില്ല. അൽവസിയത്തിൽ നസ്ക്കാരത്തെ കുറിച്ചും ഹജ്ജ് സംബന്ധമായും പരാമർശമില്ലാത്തതിനാൽ നമസ്ക്കാരവും ഹജ്ജും അതുപോലുള്ള മറ്റു കർമങ്ങളും നിർബന്ധമല്ലാതായി ത്തീരുമോ? അതൊക്കെ ദീനിന്റെ വിധിവിലക്കുകളിൽ പെട്ടതാണ്.

എന്നാൽ അൽവസിയത്തിൽ ഖിലാഫത്തിനെ കുറിച്ചു വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് എന്നു തന്നെയാണു നമ്മുടെ വാദം.

ആയത്തെ ഇസ്തിഖ്ലാഫ് സമർപ്പിച്ചു കൊണ്ട് ഹദ്റത്ത് അബൂബക്കർ സിദ്ധീഖി (റ) ന്റെ ഉദാഹരണം വിവരിച്ചാൽ ഖിലാഫത്ത് നിഷേധികൾ പറയും മുഹമ്മദ് മുസ്തഫാ (സ) തിരുമേനി നബിയായിരുന്നു. നബിക്കു ശേഷം ഖലീഫമാർ ഉണ്ടായിരിക്കണം എന്നു തന്നേയാണു ഞങ്ങളുടേയും വീക്ഷണം. പക്ഷേ, ഇവിടെ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഖിലാഫത്താണ് പ്രശ്നം. ഹദ്റത്ത് മിർസാ സാഹിബ് നബിയായിരുന്നില്ല. അദ്ദേഹം റസൂൽ തിരുമേനിയുടെ ഖലീഫയായിരുന്നു. ഖിലാഫത്ത് എപ്പോഴും നുബുവ്വത്തിനു ശേഷമാണുണ്ടാകുന്നത്. അല്ലാതെ ഖിലാഫത്തിനെ തുടർന്നു ഖിലാഫത്ത് അല്ല വേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബിയല്ലെന്നു പറയുന്നതാണ് ഇവരുടെ അടിസ്ഥാനപരമായ ഏറ്റവും വലിയ തെറ്റ്. ഹുസൂർ ഉമ്മത്തി നബിതന്നേയാണ്. ഇവരുടെ ഈ വാദത്തിനു മറുപടി പറയുന്നതിനു പകരം ഇവരുടെ അമീർമാരായ മൗലവി മുഹമ്മദ് അലി സാഹിബിന്റേയും ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റേയും ഇതേ ചിന്താഗതിക്കാരായ മറ്റു ചിലരുടേയും ആദ്യകാല പ്രസ്താവനകൾ കേൾപിക്കുന്നതായിരിക്കും നല്ലത്.

1903 ൽ ഝഹ്ലം ജില്ലായിലെ ഭീൻ എന്ന സ്ഥലം നിവാസിയായ മൗലവി കറംദീൻ എന്നു പേരുള്ള ഒരാൾ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്നും ജമാഅത്തിന്റെ പത്രത്തിന്റെ പ്രസാധകരായ ഹക്കീം ഫസ്ലുദ്ദീൻ സാഹിബിനുമെതിരിൽ ഝഹ്ലം ജില്ലാ കോടതിയിൽ ഒരു മാനനഷ്ടത്തിനു കേസ്സ് ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. വളരെ പ്രമാദമായ ആ കേസ്സിൽ മസീഹ് മൗഊദി (അ) നു വമ്പിച്ച വിജയവും പ്രശസ്തിയും ലഭിക്കുമെന്നു മാസങ്ങൾക്കു മുൻപ് തന്നെ അല്ലാഹു ഹുദൂറിനെ അറിയിച്ചിട്ടുണ്ടായിരുന്നു. (ഇതിന്റെ വിശദ വിവരത്തിനു മർഹൂം എൻ.അബ്ദുർ റഹീം സാഹിബ് രചിച്ച ഹദ്റത്ത് അഹ്മദ് (അ) എന്ന ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും വാള്യങ്ങൾ വായിക്കാവുന്നതാണ്) ഈ കേസ്സിന്റെ വിചാരണ വേളയിൽ സാക്ഷി വിസ്താരത്തിന്നായി മൗലവി മുഹമ്മദ് അലി സാഹിബും കോടതിയിൽ എത്തിയിട്ടുണ്ടായിരുന്നു.

അദ്ദേഹം അല്ലാഹുവിന്റെ പേരിൽ ആണയിട്ടു ജഡ്ജിയുടെ മുന്നിൽ ഇങ്ങനെ സാക്ഷി മൊഴി നൽകി. ജനാബ് മിർസാ സാഹിബ് നുബുവ്വത്ത് വാദിയാണു.അദ്ദേഹം തന്റെ എല്ലാ ഗ്രന്ഥങ്ങളിലും ആ വാദം ഉന്നയിക്കാറുണ്ട്. അദ്ദേഹം ശരീഅത്തില്ലാത്ത നബിയാണ്. ശത്രുക്കൾ എന്തു തന്നെ പറഞ്ഞാലും അല്ലാഹു നബിയെ എഴുന്നേൽപിക്കാനും സിദ്ധീഖിനെ സൃഷ്ടിക്കുവാനും ശഹീദിന്റേയും സ്വാലിഹിന്റേയും സ്ഥാനങ്ങൾ അവന്റെ അടിയാറുകൾക്കു നൽകുവാനും കഴിവുള്ളവനാണ് എന്ന കാര്യത്തിൽ ഞങ്ങൾ അടിയുറച്ചു വിശ്വസിക്കുന്നു. അതിനെന്താണു ചെയ്യേണ്ടത്. ഇത് അല്ലാഹുവിനോടു ആവശ്യപ്പെടണം. ഞങ്ങൾ ഞങ്ങളുടെ കരങ്ങൾ ആരുടെ കരങ്ങളിലാണോ നൽകിയത് അദ്ദേഹം സത്യവാനാണ്. അല്ലാഹുവിന്റെ പരിശുദ്ധനും ശ്രേഷ്ഠനുമായ പ്രവാചകനാണദ്ദേഹം. ആത്മാവിന്റെ പരിശുദ്ധി അദ്ദേഹത്തിൽ ഏറ്റവും ഉയർന്ന നിലയിലാണുള്ളത്.

ഒരിക്കൽ ബട്ടാലയിൽ നടന്ന ഒരു പൊതു യോഗത്തിൽ ഖ്വാജാ കമലുദ്ദീൻ സാഹിബ് പ്രസംഗിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു അല്ലയോ ബട്ടാല നിവാസികളെ, നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും നിങ്ങളുടെ അയൽ പ്രദേശത്തിതാ ഒരു നബി വന്നിരിക്കുന്നു.

ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് പറയുകയാണ് നാം ഹദ്റത്ത് മസീഹ് മൗഊദി (അ) നെ ഈ കാലത്തെ നബിയും റസൂലുമാണെന്നു വിശ്വസിക്കുകയും അദ്ദേഹം മോക്ഷം പ്രാപിച്ച പുണ്യാത്മാവാണെന്നു മനസ്സിലാക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള വാചകങ്ങളും സംഭാഷണങ്ങളും നമുക്കു അവരുടെ മുന്നിൽ ധാരാളം നിരത്താൻ സാധിക്കും. ഇവിടെ ഒരു മാതൃകയെന്നോണമാണു ചിലതു മാത്രം എടുത്തു ചേർത്തത്. ഒരു കാലത്തു മസീഹ്മൗഊദിനെ കുറിച്ചു ഇങ്ങനെ പറഞ്ഞവർ പിന്നീട് ഖിലാഫത്ത് ഉപേക്ഷിച്ചതോടു കൂടി ഹുദൂറിന്റെ നുബുവ്വത്തും നിഷേധിച്ചു.

## ഒരു പ്രസ്താവനയും കുറേ തന്ത്രങ്ങളും

ഖിലാഫത്ത് നിഷേധികൾ അഞ്ചുമനു അനുകൂലമായും ഖിലാഫത്തിനു വിരുദ്ധമായും തങ്ങളുടെ വാദത്തിനു ശക്തി പകരുവാനായി പലതും പറയാറുണ്ട്. തെളിവായി പല കാര്യങ്ങളും എടുത്തുദ്ധരിച്ചു കൊണ്ട് സാധാരണക്കാരുടെ ഹൃദയത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കാറുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എല്ലാ അധികാരങ്ങളും അഞ്ചുമനു നൽകിയിട്ടുണ്ടായിരുന്നു. അതിനാൽ ഖലീഫയുടെ ആവശ്യമേ ഉദിക്കുന്നില്ല എന്ന കാര്യം ഖിലാഫത്തു നിഷേധികൾ വളരെ ശക്തിയായി ഉന്നയിക്കാറുണ്ടായിരുന്നു. അതിനു ഉപോദ്ബലകമായി ഹദ്റത്ത് മസീഹ് മൗഊദിന്റെ ലഘുലേഖയായ അൽവസിയത്തിലെ ചില ഭാഗങ്ങളും മസീഹ് മൗഊദിന്റെ തന്നെ ചില പ്രസ്താവനകളും തെറ്റായി ഉദ്ധരിക്കുകയും ചെയ്യാറുണ്ട്.

1907 ഒക്ടോബർ 27-ാം തീയതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത ഒരു പ്രസ്താവനയാണ് അതിലൊന്നു. അതിന്റെ സന്ദർഭം

മന:പൂർവം മറച്ചു കൊണ്ടാണെന്നു തോന്നുന്നു തങ്ങളുടെ വാദഗതികൾക്കു ശക്തി നൽകാനായി ഇക്കൂട്ടർ എടുത്തു പ്രയോഗിക്കാറുണ്ട്. അതിലൂടെ മറ്റുള്ളവരുടെ മനസ്സിൽ ആശയക്കുഴപ്പവും സൃഷ്ടിക്കാറുമുണ്ട്. അതിതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുകയാണ് ഒരു കാര്യത്തെ കുറിച്ചു അഞ്ചുമൻ തീരുമാനിക്കുകയും അതിനെ ഭൂരിപക്ഷം അനുകൂലിക്കുകയും ചെയ്താൽ ആ കാര്യം അന്തിമവും ശരിയുമാണെന്നു മനസ്സിലാക്കണമെന്നാണു എന്റെ അഭിപ്രായം. എന്നാൽ ഞാനുമായി ബന്ധപ്പെട്ട പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങളുള്ള ദീനിയായ കാര്യത്തിൽ എന്റെ താൽപര്യത്തിനോ സൂചനയ്ക്കോ വിരുദ്ധമായി അഞ്ചുമൻ ഒന്നും ചെയ്യുകയില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നുവെന്ന കാര്യവും ഇതോടൊപ്പം എഴുതാൻ ഞാൻ ആഗ്രഹിക്കുന്നു. അത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേക ഉദ്ദേശ്യം വല്ലതും ഉണ്ടായെങ്കിലോ എന്ന സൂഷ്മത പാലിക്കാനാണ് ഞാൻ അങ്ങനെ എഴുതിയത്. അത്തരം കാര്യങ്ങൾ എന്റെ ജീവിത കാലം വരെ മാത്രമേ പരിഗണിക്കപ്പെടേണ്ടതുള്ളു. അതിനു ശേഷം അഞ്ചുമന്റെ തീരുമാനം മതിയായതായിരിക്കും. എന്നു വിനീതൻ മിർസാ ഗുലാം അഹ്മദ് 27/10/1907

ഇതാണു ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദി (അ) ന്റെ പ്രസ്താവന അല്ലെങ്കിൽ അഞ്ചുമന്റെ തീരുമാനത്തെ സംബന്ധിച്ചുള്ള അന്തിമ വിധി. ഇതു മറ്റുള്ളവരുടെ മുന്നിൽ സമർപ്പിച്ചു കൊണ്ടാണു എല്ലാം അഞ്ചുമനാണെന്നും അഞ്ചുമന്റെ ഏതു കാര്യത്തിലുള്ള തീരുമാനവും അന്തിമമാണെന്നും പറയുന്നത്. ഒരു കാര്യത്തിന്റെ അന്തിമ വിധി ആ അവസരത്തിൽ ഉണ്ടായിട്ടുള്ള സംഭവത്തെ മുൻ നിർത്തിയായിരിക്കണം തീരുമാനിക്കപ്പെടേണ്ടത്. ഏതോ ഒരു സംഭവത്തിന്റെ പേരിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത ഒരു പ്രസ്താവനയിലൂടെ അഞ്ചുമനുഖലീഫയുടെ പരിവേഷം നൽകാനും ഖലീഫ വ്യക്തിയായിരിക്കണമെന്നു നിർബന്ധമില്ലെന്നു കാണിക്കാനുമാണു മസീഹ് മൗഊദി (അ) ന്റെ മുകളിൽ ചേർത്ത പ്രസ്താവന കൊണ്ട് ഇവർ ശ്രമിക്കുന്നത്. മസീഹ് മൗഊദ് ഈ പ്രസ്താവന നടത്താൻ കാരണമായ സംഭവം മറ്റൊന്നാണ്. അതു വിവരിക്കാം.

1907 ൽ വേനൽ കാലത്തു മസ്ജിദ് മുബാറക്കിന്റെ പുനർനിർമാണത്തിന്റെ ചുമതല അഞ്ചുമന്റെ നിർമാണ പ്രവർത്തനങ്ങളുടെ (അഫ്സർ തഅ്മീറാത്ത് افسر تعمیرات) ഇൻചാർജായ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിനു നൽകിയിട്ടുണ്ടായിരുന്നു. പഴയ പള്ളിയുടെ യാതൊന്നും ഒരു അടയാളവും ബാക്കി നിലനിർത്തേണ്ടതില്ലെന്നായിരുന്നു അഞ്ചുമന്റെ തീരുമാനം. എന്നാൽ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് പള്ളിയുടെ പഴയ ഭാഗം അതേപടി നില നിർത്തണമെന്ന അഭിപ്രായക്കാരനായിരുന്നു. അതിനാൽ മീർ നാസിർ നവാബ് സാഹിബ് ഈ കാര്യത്തിൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദി (അ) ന്റെ അഭിപ്രായമാരായുകയും അതനുസരിച്ചു പണി പൂർത്തിയാക്കുകയും ചെയ്തു. അഞ്ചുമന്റെ നിർദേശങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായി നാസിർ നവാബ് സാഹിബ് പ്രവർത്തിച്ചതിൽ അഞ്ചുമനിലെ ചില അംഗങ്ങൾ കുപിതരാവുകയും ആ കാര്യം അഞ്ചുമന്റെ ഭാഗത്തു നിന്നു ഒരു പരാതിയെന്നോണം മൗലവി മുഹമ്മദ് അലി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിൽ ബോധിപ്പിക്കുകയും ചെയ്തു. മുഹമ്മദ് അലി സാഹിബ് പറഞ്ഞു, ഹുസൂർ, അഞ്ചുമന്റെ തീരുമാനങ്ങളുടെ അവസ്ഥ ഇങ്ങനെയാണെങ്കിൽ പിന്നെ അഞ്ചുമന്റെ ആവശ്യമുണ്ടോ? അഞ്ചുമൻ തീരുമാനിച്ച കാര്യമല്ലേ നടപ്പിൽ വരുത്തേണ്ടത്. മാത്രവുമല്ല ഹദ്റത്ത് മീർ സാഹിബ് ഞങ്ങളെ കുറിച്ചു ഹുസൂറിനു മുന്നിൽ എപ്പോഴും പരാതി ബോധിപ്പിക്കുകയും ചെയ്യുന്നു. അതിൽ ഹുസൂർ പ്രഭാവിതനാവുകയും ചെയ്യുന്നുണ്ട് എന്നാണു ഞങ്ങൾ മനസ്സിലാക്കുന്നത്.

ഇതു കേട്ടപ്പോൾ ഹുസൂർ പറഞ്ഞു മൗലവി സാഹിബ്, ഒന്നാമത്തെ കാര്യം മീർ സാഹിബ് നിങ്ങളെ ആരെകുറിച്ചും ഒരിക്കലും പരാതി പറഞ്ഞിട്ടേയില്ല. ഇനി പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ ഞാൻ എന്റെ പ്രവർത്തനങ്ങളിൽ പൂർണമായും വ്യാപൃതനാകുന്നതുകൊണ്ട് ഈ നിസ്സാരകാര്യങ്ങളിലൊന്നും തന്നെ എന്റെ ശ്രദ്ധ ചെന്നെത്താറുമില്ല. അതു കേട്ടപ്പോൾ മൗലവി മുഹമ്മദ് അലി സാഹിബ്, എങ്കിൽ ഭാവിയിൽ അഞ്ചുമന്റെ തീരുമാനങ്ങളെയാണു പ്രവർത്തന പഥത്തിൽ കൊണ്ടു വരേണ്ടതെന്ന ഒരു പൊതു നിർദേശം ഹുസൂറിന്റെ ഭാഗത്തു നിന്നു ഉണ്ടായാൽ നന്നായിരിക്കുമെന്നു പറഞ്ഞു കൊണ്ട് അതിനായി ഹുസൂറിനോടപേക്ഷിച്ചു. ഹുസൂർ മുകളിൽ ചേർത്ത പ്രസ്താവന ഉടനെ എഴുതുകയും ചെയ്തു. അതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ് ചെയ്ത പ്രസ്തുത പ്രസ്താവനയുടെ സന്ദർഭം. എന്നാൽ ഖിലാഫത്ത് നിഷേധികൾ ഹദ്റത്ത് മസീഹ് മൗഊദിന്റെ ഈ പ്രസ്താവന, അതിന്റെ യഥാർഥ സന്ദർഭവും പൊരുളും മറഞ്ഞു വച്ചു കൊണ്ട് മസീഹ് മൗഊദ് ഇതാ ഇങ്ങനെ പറഞ്ഞിരിക്കുന്നു. അതായത് എല്ലാം അഞ്ചുമനാണ്. അഞ്ചുമൻ പറയുന്നതാണു അവസാന വാക്ക് എന്നു കാണിക്കുന്നു.

നമ്മുടെ പ്രസിദ്ധീകരണങ്ങളിലും എഴുത്തുകളിലും വിവരിക്കുന്ന غیر مبایعین (ഗൈർ മുബായി ഗീൻ. ബൈഅത്ത് ചെയ്യാത്തവർ) അല്ലെങ്കിൽ منکرین خلافت (മുൻകിരീനെ ഖിലാഫത്ത്. ഖിലാഫത്ത് നിഷേധികൾ) എന്നീ വാക്കുകൾ ഉപയോഗി

ക്കുന്നത് രണ്ടാം ഖിലാഫത്തിനെ ധിക്കരിച്ചവരെ കുറിച്ചാണ്. ആ സമയത്താണു പൂർണമായും ഇവർ മറ നീക്കി പുറത്തു വന്നത്. എന്നാൽ മസീഹ് മൗഊദിന്റെ വഫാത്തിനു ശേഷം സകല അധികാരങ്ങളുടേയും കേന്ദ്ര ബിന്ദുവെന്നു അവർ അവകാശ പ്പെടുന്ന അഞ്ചുമനിലെ മുഴുവൻ അംഗങ്ങളും ജമാഅത്തും ഐക കണ്ഠ്യേനയാണു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫയായി അംഗീകരിച്ചത്. ആ അവസരത്തിൽ അഞ്ചുമന്റെ സെക്രട്ടറിയായിരുന്ന ഖ്വാജാ കമാലുദ്ദീൻ സാഹിബ് മുഴുവൻ ജമാഅത്തിന്റേയും ഭാഗത്തു നിന്നു 1908 മെയ് 28-ാം തീയതി പ്രസിദ്ധീ കരിച്ച ഒരു വിളംബരത്തിലൂടെ സദർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അൽവസീയ ത്തിലെ നിർദേശ പ്രകാരമാണു ഖലീഫയെ തെരഞ്ഞെടുത്തതെ ന്നും പഴയതും പുതിയതുമായ അഹ്മദികളോടു ഖലീഫത്തുൽ മസീഹിന്റെ കയ്യിൽ നേരിട്ടോ കത്തു മുഖേനയോ ബൈഅത്തു ചെയ്യാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ കാര്യ ങ്ങളൊക്കെ ഖിലാഫത്തു നിഷേധി കളുടെ മുന്നിൽ അവതരിപ്പിച്ചാൽ അവർക്കു പറയാൻ വ്യക്തമായ മറുപടി ഉണ്ടാകാറില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതൊരു ജോലിയാണോ അഞ്ചു മനെ ചുമതലപ്പെടുന്നത് അതനു സരിച്ചു പ്രവർത്തിക്കേണ്ടതു അഞ്ചുമനു കീഴിലുള്ളവരുടെ കർത്തവ്യമാണ്. എന്നാൽ ഇതിനു മതപരമായ കാര്യങ്ങളിൽ ഫത്‌വ നൽകലും ദീനിയായ വിധിവിലക്കു കളിൽ വിശദീകരണം സമർപിക്ക ലും അഞ്ചുമന്റെ ചുമതലയിൽപെട്ട താണെന്നു ഒരിക്കലും അർഥമില്ല. ഹദ്റത്ത് മീർ സാഹിബ് അഫ്സർ തഅ്മീറാത്ത് (നിർമാണ പ്രവർത്ത നങ്ങളുടെ ഇൻചാർജ്) ആയതിനാ ൽ അദ്ദേഹവും അഞ്ചുമനു കീഴി ലാണ്. ആ നിലയ്ക്കു അദ്ദേഹവും അഞ്ചുമനെ അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഹദ്റത്ത് മീർ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദു (അ) മായി കൂടിയാലോചിച്ചും ഹുസൂറിന്റെ അഭിപ്രായമനുസരിച്ചുമാണു പള്ളിയുടെ നിർമാണം നടപ്പിൽ വരുത്തിയത്. ആ നിലയ്ക്കു ആ കാര്യങ്ങൾ മനസ്സിലാക്കിയിട്ടും അഞ്ചുമനിലെ അംഗങ്ങൾ മീർ സാഹിബിനെ കുറ്റപ്പെടുത്തുന്നു. പള്ളിയുടെ പഴയ ഭാഗം നിലനിർ ത്തുന്നത് ജമാഅത്തിന്റെ ചരിത്രം സംരക്ഷിക്കപ്പെടുന്നതിന്നാവശ്യമായി രുന്നു. അതിനാൽ അതു നിലനിർ ത്താൻ ഹുദൂർ മീർ സാഹിബിനോ ടു നിർദേശിച്ചു എന്നു വേണം നാം കരുതാൻ. ഹുസൂർ അങ്ങനെ നിർദേശിച്ചില്ലായിരുന്നുവെങ്കിൽ ഹദ്റത്ത് മീർ സാഹിബ് തീർച്ചയാ യും അഞ്ചുമന്റെ നിർദേശം പോലെ തന്നെ പ്രവർത്തിക്കുമായിരുന്നു.

ഹുദൂർ രണ്ടു കാര്യങ്ങളെ കുറിച്ചാണു പറഞ്ഞിരിക്കുന്നത്. ഒന്നു ഖുദ്റത്തെ സാനിയ (രണ്ടാം ശക്തിപ്രഭാവം) മറ്റൊന്നു അഞ്ചുമ ൻ. ഖുദ്റത്തെ സാനിയ ഖിലാഫ ത്തിന്റെ മറ്റൊരു പേരാണെന്നു മുകളിൽ വിശദീകരിച്ചിട്ടുണ്ടായിരു ന്നുവല്ലോ. ഹുസൂറിന്റെ വിയോഗാ നന്തരം ജമാഅത്തിലുള്ളവരുടെ ഹൃദയങ്ങളിൽഉണ്ടായേക്കാവുന്ന ഭൂകമ്പ സമാനമായ ദു:ഖവും വേദനയും ഇല്ലാതാക്കുകയെന്ന ലക്ഷ്യമാണു ഖിലാഫത്ത് കൊണ്ട് ഉദ്ദേശിക്കുന്നതെന്നു ഹദ്റത്ത് മസീഹ്മൗഊദ് (അ) പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് റസൂൽ കരീം (സ) ന്റെ വഫാത്തിനു ശേഷം ജനങ്ങൾ ഹദ്റത്ത് അബൂബക്കർ സിദ്ധീഖി (റ) ന്റെ കൈയിൽ ഒരുമിച്ചു ചേർന്നില്ലായിരുന്നുവെങ്കിൽ തീർച്ചയായും സഹാബാക്കൾ ചിന്നിച്ചിതറിപ്പോവുമായിരുന്നു. അതു പോലെ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വഫാത്തിനു ശേഷം ദു:ഖാർത്തരായ അഹ്മദി കൾ ചിന്നിച്ചിതറാതെ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹി ബിന്റെ കൈയിൽ ഒരുമിച്ചു ചേർന്നു. ഹുദൂർ പറഞ്ഞ മറ്റൊരു കാര്യം അഞ്ചുമനെ കുറിച്ചായിരു ന്നു. അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്നു ഹുദൂർ വിവരി ച്ചിട്ടുണ്ട്. ഹുദൂർ അല്ലാഹുവിന്റെ നിർദേശമനുസരിച്ചു ബഹിശ്ത്തി മഖ്ബറയെന്നപ്രത്യേക ശ്മശാന ത്തിനു രൂപം നൽകിയിട്ടുണ്ടായിരു ന്നു. അതിൽ ഖബറടക്കം ചെയ്യ പ്പെടുന്നതിനു പലനിബന്ധനകളും പൂർത്തിയാക്കാനുണ്ട്. അതിന്റെ പ്രധാന നിബന്ധന ജീവിത കാല ത്തു തന്നെ തന്റെ സ്വത്തിന്റേയും സമ്പത്തിന്റേയും ഏറ്റവും ചുരുങ്ങി യത് പത്തിലൊരു ഭാഗം ദീനിയായ ആവശ്യങ്ങൾക്കും ഇസ്‌ലാമിക പ്രചാരണത്തിന്നും വേണ്ടി ജമാഅ ത്തിന്റെ പേരിൽ വസിയ്യത്ത് ചെയ്യുക എന്നതാണ്. അങ്ങനെ ചെയ്യുന്നവർക്കു മാത്രമേ അതിൽ ഖബറടക്കം ചെയ്യപ്പെടാനുള്ള അനുവാദവും അവകാശവും ഉണ്ടായിരിക്കുകയുള്ളു. അതിലൂടെ സ്വാഭാവികമായും ധാരാളം പണം ജമാഅത്തിന്റെ പക്കൽ സ്വരൂപിക്ക പ്പെടും എന്നതു തീർച്ചയാണ്. അതിനു വേണ്ടി അതിന്റെ കണ ക്കുകളും വിശദവിവരങ്ങളും സൂക്ഷിക്കുന്നതിനുമായി വലിയൊ രു സംവിധാനവും ഓഫീസുകളും അത്യാവശ്യമാണ്.

അതിനെ കുറിച്ചു ഹുദൂർ അരുൾ ചെയ്യുകയാണ് ഈ പണം വിശ്വസ്തരും പരിചയ സമ്പന്നരു മായ ഒരു അഞ്ചുമന്റെ ഉത്തരവാദി ത്വത്തിലാണുണ്ടായിരിക്കേണ്ടത്. അവർ ഇസ്‌ലാമിന്റെ പുരോഗതി ക്കും പ്രചാരണത്തിനും ദീനി ഗ്രന്ഥങ്ങൾക്കും മുബല്ലിഗീങ്ങൾ ക്കും വേണ്ടി പരസ്പര അഭിപ്രായ ത്തോടും കൂടിയാലോചനയിലൂടെ യുമാണു ആ പണം ചെലവഴി ക്കേണ്ടത്. അതായത് ചന്ദകൾ പിരിച്ചെടുക്കാനും അതു ജമാഅ ത്തിന്റെ ആവശ്യമനുസരിച്ചു ചെല വഴിക്കാനുമുള്ള ചുമതലയാണു

ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ചുമനു നൽകിയിട്ടുള്ളത്. ജമാഅത്തിലുള്ള ഓരോരുത്തരും പറയുന്നതു പോലെ പ്രവർത്തിക്കാൻ അഞ്ചുമനു സാദ്ധ്യമല്ല. ആ നിലയ്ക്കു മുഴുവൻ ജമാഅത്തിന്റേയും പ്രതിനിധി ജമാഅത്തിന്റെ ഇമാം തന്നെയായിരിക്കും. അങ്ങനെയാകുമ്പോൾ അഞ്ചുമൻ ആ ഇമാമിന്റെ കൽപന പ്രകാരമാണു പ്രവർത്തിക്കേണ്ടത്.

ഒരു ദൈവിക പ്രസ്ഥാനത്തിനും ഇമാമില്ലാതെ നില നിൽക്കാനാവുകയില്ല. മാത്രവുമല്ല ഒരു ആത്മീയ നേതാവായ ഇമാം നിർവഹിക്കേണ്ട ധാരാളം കാര്യങ്ങളുണ്ട്. അതൊരു അഞ്ചുമനു നിർവഹിക്കാൻ ഒരിക്കലും സാധിക്കുകയില്ല. ഉദാഹരണത്തിനു മത കാര്യങ്ങളിൽ ശരിയായ നിലയിൽ വഴികാട്ടിയാവുക, എല്ലാവരുടേയും ചിന്താധാരയെ ഒരു പോലെ ഒരേ ദിശയിലാക്കുക. ജനങ്ങളുടെ വിഷമ ഘട്ടത്തിൽ അവർക്കു സാന്ത്വനമേകുക, ജനങ്ങളുടെയും സമൂഹത്തിന്റേയും ഉന്നമനത്തിനായി ദുആ ചെയ്യുക, തന്റെ മതത്തിന്റെ സത്യസാക്ഷ്യം മറ്റു മതസ്ഥർക്കു തെളിയിച്ചു കൊടുക്കുക, ഹൃദ്യവും വശ്യവുമായ തന്റെ വാക്കുകളിലൂടെ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ ആത്മീയ പ്രകാശം പരത്തുക. പുതുതായി ജമാഅത്തിൽ പ്രവേശിക്കുന്നവരുടെ ബൈഅത്തു സ്വീകരിക്കുക. ഇതൊന്നും തന്നെ ഒരിക്കലും ഒരു അഞ്ചുമനു ചെയ്യാവുന്ന കാര്യമല്ല. മറ്റൊരു പ്രധാന കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കലും തന്നെ തന്റെ വഫാത്തിനു ശേഷം സദർ അഞ്ചുമൻ അഹ്മദിയ തന്റെ പ്രതിനിധിയോ ഖലീഫയോ ആയിരിക്കുമെന്നു എവിടേയും പറഞ്ഞിട്ടില്ല എന്നു നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു അഞ്ചുമൻ ഉണ്ടാക്കിയ ശേഷം ജമാഅത്തിന്റെ മുഴുവൻ ചുമതലകളും അധികാരങ്ങളും അവർക്കു നൽകിയെന്നത് തികച്ചും തെറ്റായ ചിന്താഗതികളാണു. അഞ്ചുമനുമായി ബന്ധപ്പെട്ട ചുമതലകൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവർക്കു നൽകിയെന്നത് ശരിയാണ്. അതോടു കൂടി ഹദ്റത്ത് മസീഹ് മൗഊദി (അ) നു അവരുടെ വ്യവഹാരത്തിൽ ഇടപെടാൻ പറ്റാത്തവിധം യാതൊരു അധികാരവുമില്ലാത്ത ഒരു സ്വതന്ത്ര സ്ഥാപനമായി അഞ്ചുമൻ മാറിയെന്നു കരുതാൻ പാടില്ല. ഒരു ഓഫീസർക്ക് തന്റെ എല്ലാ ചെറിയ ചെറിയ കാര്യങ്ങളും നിർവഹിക്കാൻ പറ്റിയെന്നു വരില്ല. ആ നിലയിൽ തന്റെ അത്തരം ജോലികൾ കീഴ്ജീവനക്കാരെ ഏൽപിക്കുന്നത് സാധാരണമാണ്. സദർ അഞ്ചുമന്റെ സ്ഥാനവും അതു പോലെ മാത്രമേയുള്ളു. അവർ മേൽ ഉദ്യോഗസ്ഥന്റെ പ്രതിനിധിയും സഹായിയും മാത്രമാണ്. മസീഹ് മൗഊദ് ജീവിച്ചിരിക്കുവോളം അവർ മസീഹ് മൗഊദിനു കീഴിലായിരുന്നു. മസീഹ് മൗഊദിന്റെ കാല ശേഷം അവരുടെ അധികാരി കാലത്തിന്റെ ഖലീഫയായി മാറി

ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റേയും മൗലവി മുഹമ്മദ് അലി സാഹിബിന്റേയും നേതൃത്വത്തിൽ ഖിലാഫത്തിന്നെതിരിലുണ്ടായ ഫിത്ന ശക്തമായ രീതിയിൽ രണ്ടാം ഖിലാഫത്ത് തെരഞ്ഞെടുപ്പിനെ തുടർന്നാണു പൊട്ടിപ്പുറപ്പെട്ടത്. എന്നാൽ അതുവരെ ഖലീഫത്തുൽ മസീഹ് അവ്വൽ പുതിയ അംഗങ്ങളിൽ നിന്നു ബൈഅത്തു വാങ്ങിയാൽ മതി സാധാരണ നമസ്ക്കാരങ്ങളും ജനാസയും നമസ്ക്കരിപ്പിച്ചാൽ മതി നിക്കാഹ് ഖുത്തുബ നിർവഹിച്ചാൽ മതി എന്നൊക്കെ പതിഞ്ഞ സ്വരത്തിൽ ഇവർ പറഞ്ഞു നടന്നിരുന്നുവെങ്കിലും, ഖലീഫയുടെ അധികാരങ്ങളെ പരിമിതപ്പെടുത്തണമെന്നു ഇവർ പറയാറുണ്ടെങ്കിലും ഇവരെല്ലാം തന്നെ ഖലീഫത്തുൽ മസീഹ് അവ്വലിനു ബൈഅത്തു ചെയ്തവരായിരുന്നു. നിങ്ങളുടെ കണ്ടെത്തലുകളനുസരിച്ച് മസീഹ് മൗഊദിന്റെ ഗ്രന്ഥമായ അൽവസീയത്തിലൂടെ ഖിലാഫത്തു രൂപീകരണത്തിനുള്ള തെളിവ് ലഭിക്കുന്നില്ലെങ്കിൽ പിന്നെ ആറ് വർഷം വരെ നിങ്ങളെന്തിനു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് ആയി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തതെന്നു ഈ ഖിലാഫത്ത് നിഷേധികളോടു ചോദിക്കപ്പെട്ടാൽ അവരുടെ നേതാവ് മൗലവി മുഹമ്മദ് അലി സാഹിബ് പറയും ഞങ്ങൾ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫയാണെന്നു മനസ്സിലാക്കിയല്ല ബൈഅത്തു ചെയ്തതു മറിച്ചു മസീഹ് മൗഊദിനു ചെയ്തതു പോലെയുള്ള ബൈഅത്തെ തൗബയാണ് ഞങ്ങൾ ചെയ്തതു.

എന്നിട്ട് അതിന്റെ വിശദീകരണമെന്നോണം അദ്ദേഹം ഇങ്ങനെ പറയും, സൂഫിയാക്കൾക്കിടയിൽ ഇങ്ങനേയും ഒരു ബൈഅത്തുണ്ട്. അതിനെ ബൈഅത്തെ തൗബയെന്നാണു വിളിക്കുന്നത്. ആ ബൈഅത്തിൽ പ്രവേശിച്ചു കൊണ്ടു മനുഷ്യനു തന്റെ മുർശിദിന്റെ (ആത്മീയ നേതാവ്) കൽപനകളനുസരിച്ചു പ്രവർത്തിക്കാൻ സാധിക്കും. റസൂൽ തിരുമേനിക്കും മസീഹ് മൗഊദിന്നും ചെയ്യപ്പെടുന്നു എന്നു പറയുന്ന ബൈഅത്തിന്റെ പൊരുളും താൽപര്യവും അതു തന്നേയാണ്. എന്നാൽ ഈ ബൈഅത്തിനു ഖിലാഫത്തെ റാശിദയുമായി യാതൊരു ബന്ധവുമുണ്ടായിരിക്കുകയില്ല. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള ഞങ്ങളുടെ ബൈഅത്ത് അതിനു കീഴിലുള്ളതാണ്. അതിനാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹി (അവ്വൽ) ന്റെ എല്ലാ കൽപനകളും അനുസരിക്കേണ്ടത് നിർബന്ധമാണ്. ഈ ബൈഅത്ത് അല്ലാഹുവുമായുള്ള ആത്മീയ ബന്ധം വർദ്ധിപ്പിക്കാനും ഹദ്റത്ത്ഖലീഫത്തുൽ മസീഹ് അവ്വലിനെ പോലെ മഹാ പണ്ഡിതനും അനുഗ്രഹീതനുമായിട്ടുള്ള

ഒരാളിൽ നിന്നു അനുഗ്രഹം തേടലും ഒഴിച്ചു കൂടാനാവാത്തതാണ്. (മൗലവി മുഹമ്മദ് അലി സാഹിബ് എഴുതിയ ഏക് നിഹായത്ത് സറൂരി ഇഅ്ലാൻ (വളരെ പ്രധാനപ്പെട്ട ഒരു വിളംബരം ایک نہایت ضروری اعلان ) എന്ന ഒരു ലഘുകൃതി. പേജ്10, 11)

ഇത് മൗലവി മുഹമ്മദ് അലി സാഹിബിന്റെ ഖിലാഫത്തിനോടുള്ള അപമര്യാദയും പരിഹാസവുമാണു കാണിക്കുന്നത്. കേട്ടാലും വായിച്ചാലും സാധാരണക്കാരനു മനസ്സിലാകാത്ത അടിസ്ഥാനമില്ലാത്ത എന്തൊക്കെയൊ കാര്യങ്ങൾ പറഞ്ഞു കൊണ്ട് തന്റെ വീക്ഷണമാണു ശരിയെന്നു കാണിക്കാനുള്ള വിഫല ശ്രമമാണിത്.

യഥാർഥത്തിൽ എന്താണു സംഭവിച്ചത്. 1908 മെയ് 27-ാം തീയതി ഖാദിയാനിൽ സന്നിഹിതരായിട്ടുള്ള ആയിരത്തിൽ പരം ആളുകളെ അഭിസംബോധന ചെയ്തു മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് അരുൾ ചെയ്തു ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ മയ്യത്ത് ഖബറടക്കുന്നതിനു മുമ്പ് ഞാൻ ചൂണ്ടിക്കാണിച്ചവരിൽ ഏതെങ്കിലും ഒരാളുടെ കൈയിൽ ഒരുമിച്ചു നിൽക്കണം എന്നാണു ഞാൻ ആഗ്രഹിക്കുന്നത്. അതുകേട്ടപ്പോൾ എല്ലാവരും തന്നെ ഐകകണ്ഠ്യേന ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടു തന്നെ തങ്ങളുടെ ബൈഅത്തു സ്വീകരിക്കാൻ അങ്ങേയറ്റം താഴ്മയോടെ അപേക്ഷിക്കുകയാണു ചെയ്തത്. അതോടെ ഹുസൂർ എല്ലാവരുടേയും ബൈഅത്തു സ്വീകരിച്ചു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഹദ്റത്ത് മൗലവി സാഹിബിന്റെ കൈയിൽ ചെയ്ത ആ ബൈഅത്ത്, ബൈഅത്തെ തൗബയല്ല മറിച്ചു അതു എല്ലാവരേയും ഒരുമിച്ചു നിർത്തുവാനായി ചെയ്ത ഖിലാഫത്തിന്റെ ബൈഅത്തായിരുന്നു.

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ പ്രസ്താവനകളും മുന്നറിയിപ്പുകളും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഖിലാഫത്തു നിഷേധികൾക്കുള്ള മുന്നറിയിപ്പെന്ന നിലയിൽ വിവിധ അവസരങ്ങളിൽ ഇങ്ങനെ അരുൾ ചെയ്തിട്ടുണ്ടായിരുന്നു.

1. ഞാൻ അല്ലാഹുവിൽ സത്യം ചെയ്തു പറയുന്നു ഖിലാഫത്തിന്റെ മഹനീയ സ്ഥാനം എനിക്കു അല്ലാഹു തന്നെയാണു നൽകിയിരിക്കുന്നത്.

2. അല്ലാഹു നൽകിയിരിക്കുന്ന ഖിലാഫത്തെന്ന മഹനീയ സ്ഥാനം ആർക്കാണ് എന്നിൽ നിന്നും തട്ടിപ്പറിക്കാനാവുക.

3. അല്ലാഹു തന്റെ അഭീഷ്ടമനുസരിച്ചാണു എന്നെ നിങ്ങളുടെ ഖലീഫയാക്കിയിരിക്കുന്നത്.

4. ഹദ്റത്ത് മസീഹ് മൗഊദ് (അ) നിങ്ങൾ 14 പേരെ (അതായത് സദർ അഞ്ചുമൻ അഹ്മദിയ്യായുടെ മെമ്പർമാർ) തന്റെ പ്രതിനിധിയാക്കി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പിന്നീട് അല്ലാഹു തഅല എല്ലാവരേയും പിടിച്ച് എന്നെ മുന്നിൽ കുനിച്ചു.

5. നിങ്ങൾ എന്നിൽ ആയിരമായിരം ന്യൂനതകളും കുറവുകളും ആരോപിച്ചോളൂ അതൊന്നും തന്നെ എന്നെ ബാധിക്കുകയില്ല. പകരം അതെല്ലാം തന്നെ എന്നെ ഖലീഫയാക്കിയ അല്ലാഹുവിന്റെ മേലാണു ചെന്നു പതിക്കുന്നത്.

6. ഹദ്റത്ത് അബൂബക്കർ സിദ്ധീഖും (റ) ഹദ്റത്ത് ഉമർ ഖത്ത്വാബും (റ) ഖലീഫമാരായതു പോലെ തന്നേയാണു അല്ലാഹു എന്നെ മിർസാ സാഹിബിന്റെ ഖലീഫയാക്കിയത്.

7. ഖിലാഫത്തിനെ നിങ്ങൾ പല വ്യഞ്ജന കടയിലെ സോഡാ വാട്ടർ എന്നാണോ മനസ്സിലാക്കുന്നത്. (അതായത് വളരെ എളുപ്പത്തിൽ കൈക്കലാക്കാൻ പറ്റുന്ന ഒരു സാധനം. ലേഖ.) അറിഞ്ഞു കൊള്ളുക നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ വാക്കു കസർത്തുകളും തർക്കങ്ങളും കൊണ്ട് ഒരു പ്രയോജനവും നിങ്ങൾക്കു ലഭിക്കുകയില്ല. നിങ്ങളെ ആരും തന്നെ ഖലീഫ ആക്കാനൊന്നും പോകുന്നില്ല. എന്റെ ജീവിതത്തിൽ അങ്ങനെ ഒന്നു സംഭവിക്കുകയുമില്ല. ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നീട് ആരെയാണോ അല്ലാഹു ഉദ്ദേശിക്കുന്നത് അയാളെ അവൻ ഖലീഫയാക്കി എഴുന്നേൽപിക്കും.

8. ഖലീഫ ഏതെങ്കിലും ഒരു കാര്യത്തെ കുറിച്ചു സംസാരിക്കാത്തിടത്തോളം അല്ലെങ്കിൽ ഖലീഫക്ക് ശേഷം വരുന്ന ഖലീഫ എഴുന്നേൽപിക്കപ്പെടാത്തിടത്തോളം നിങ്ങൾ സ്വന്തം അഭിപ്രായം സ്ഥാപിക്കാൻ ശ്രമിക്കരുത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പല അവസരങ്ങളിൽ അരുൾ ചെയ്ത കാര്യങ്ങളാണു മുകളിൽ രേഖപ്പെടുത്തിയത്. ഇതിൽ നിന്നും ഹുസൂർ തന്റെ കൈയിൽ ബൈഅത്തു ചെയ്യുന്നതിനെ ഖിലാഫത്തിന്റെ ബൈഅത്തെന്നാണു കരുതുന്നതെന്നു നമുക്കു മനസ്സിലാക്കാം. മാത്രവുമല്ല ഹദ്റത്ത് അബൂബക്കർ സിദ്ധീഖി(റ) ന്റേയും ഹദ്റത്ത് ഉമർ ഖത്ത്വാബി (റ) ന്റേയും ഉദാഹരണം പറഞ്ഞു കൊണ്ട് തന്റെ ബൈഅത്തിനെ ഖിലാഫത്തെ റശിദാക്കനുസൃതമായ ബൈഅത്തു തന്നേയാണെന്നും തന്റെ മരണശേഷവും ഈ ഖിലാഫത്തു തുടരേണ്ടതു ഒഴിച്ചു കൂടാനാവാത്തതാണെന്നും ഹുസൂർ പറയുന്നതു കാണാം. (തുടരും)

www.alislam.org

കുറിപ്പുകൾ

# അന്ധവിശ്വാസങ്ങൾ: ഭൗതികാസക്തിയോ ആത്മീയമാർഗ്ഗമോ?

**മുസാഫിർ**

പത്തനംതിട്ടയിലെ ഇലന്തൂർ എന്ന ഗ്രാമത്തിൽ രണ്ട് പാവപ്പെട്ട സ്ത്രീകളെ ചതിയിൽപ്പെടുത്തി നടന്ന ഇരട്ട നരബലി, കേട്ടു കേൾവിയില്ലാത്തതും മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയാത്തതുമായ പൈശാചികതയാണ്. ധനസമൃദ്ധിക്കും ഐശ്വര്യത്തിനും ദേവപ്രീതിക്കുമായി തിരുവല്ലയിലെ ഭഗവത് സിംങ്ങ്-ലൈല ദമ്പതികൾക്ക് വേണ്ടി മുഹമ്മദ് ശാഫി എന്നയാളുടെ സഹായത്തോടെയാണ് നരബലി നടന്നത്. ഇടുക്കി സ്വദേശി റോസ്‌ലി എറണാകുളം പൊന്നുരുന്നി സ്വദേശി പത്മം എന്നിവരാണ് കൊല്ലപ്പെട്ടത്. ആ നടുക്കം ഒടുങ്ങുന്നതിന് മുമ്പായി ജാതക അന്ധ വിശ്വാസം ബാധിച്ച എം എ വിദ്യാർത്ഥിനിയായ ഒരു യുവതി തിരുവനന്തപുരം പാറശ്ശാലയിലെ ഷാറോൺ എന്ന തന്റെ പ്രണേതാവിനെ വിഷം കലർത്തിയ പാനീയം നൽകി കൊലപ്പെടുത്തിയതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. വൈധവ്യയോഗം ഉണ്ടാകുമെന്ന ജ്യോതിഷിയുടെ പ്രവചനം വിശ്വസിച്ചു ഗ്രീഷ്മ എന്ന യുവതിയാണ് തന്നെ ആത്മാർത്ഥമായി പ്രണയിച്ച കാമുകന് വിഷം നൽകി ഇല്ലാതാക്കിയത്. ഷാറോണേക്കാൾ ജാതിയിൽ ഉയർന്ന യുവതി തന്റെ ജാതിയിൽപ്പെട്ട മറ്റൊരു യുവാവുമായി വിവാഹം ഉറപ്പിച്ചതിന് ശേഷമാണ് പ്രണയം നടിച്ച് ഈ കൊല നടത്തിയത് എന്ന് പറയപ്പെടുന്നു.

അവിശ്വസനീയമായ അന്ധവിശ്വാസം, ധനാർത്ഥി, ലൈംഗിക വൈകൃതം, മനുഷ്യമാംസഭോജനം തുടങ്ങി അങ്ങേയറ്റം നീചത്വങ്ങളുള്ള ഈ കുറ്റകൃത്യം നമ്മുടെ സമൂഹത്തിന്റെ ധാർമികവും ആത്മീയവുമായ ആതുരാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. സഹജീവിയായ മനുഷ്യനെ ബലികൊടുത്താൽ തനിക്ക് ധനസമൃദ്ധിയും ഐശ്വര്യവും സുഖജീവിതവും ഉണ്ടാവുമെന്ന് വിശ്വസിക്കുന്നവർ നമ്മോടൊപ്പം സമൂഹത്തിൽ ജീവിക്കുന്നു എന്ന ഭീകര യാഥാർത്ഥ്യം ഞെട്ടിപ്പിക്കുന്നതാണ്. അന്ധവിശ്വാസത്തിന്റെ പേരിലുള്ള മനുഷ്യന്റെ ഭൗതികാസക്തിയുടെയും ദേഹേഛകളുടെയും തീവ്രതയും ഭീഭത്സതയുമാണ് ഇത് വെളിവാക്കുന്നത്. വേട്ടമൃഗങ്ങളെപ്പോലെ സാധാരണ മനുഷ്യൻ ഏത് നിമിഷവും ഒരു അന്ധവിശ്വാസിയാൽ കൊല്ലപ്പെട്ടേക്കാം എന്ന അവസ്ഥയെ കുറിച്ച് ആലോചിച്ച് നോക്കൂ. ഇത് വ്യവസ്ഥാപിത മതങ്ങൾ മുന്നോട്ട് വെക്കുന്ന എല്ലാ ലക്ഷ്യങ്ങൾക്കും കടക വിരുദ്ധമാണ്. ഇത് പല മുഖങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പിശാചിനെ ഉപാസിക്കുന്നവരുടെ വ്യാജമതമാണെന്ന് നാം തിരിച്ചറിയേണ്ടിരിക്കുന്നു. വിദ്യാസമ്പന്നരെന്ന് അഭിമാനിക്കുന്ന സാക്ഷര കേരളത്തെ പ്രാകൃതരായ കാട്ടാളക്കൂട്ടങ്ങളുടെ ഗോത്രാചാരങ്ങളെ പോലും ലജ്ജിപ്പിക്കുന്ന രീതിയിൽ എഴുതാനും പറയാനും കൊള്ളാത്ത പല ഇത്തരം വിശ്വാസാഭാസങ്ങളും അന്ധവിശ്വാസങ്ങളും ഗ്രസിച്ചിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. ഇത് ദൈവത്തിന്റെ യഥാർത്ഥ മതമല്ല മറിച്ച് മതം താക്കീത് ചെയ്ത ദേഹേഛക്ക് വേണ്ടിയുള്ള ദുർമൂർത്തികളുടെ ഉപാസനയും ആചാരവുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **അതെ, ധിക്കാരിയായ പിശാചിനെയല്ലാതെ അവർ (സഹായത്തിന്നായി) വിളിക്കുന്നില്ല. അല്ലാഹു (അവനെ) ശപിച്ചിരിക്കുന്നു. അവൻ (പിശാച്) പറഞ്ഞിട്ടുണ്ട്, നിന്റെ ദാസന്മാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗം ഞാൻ സ്വായത്തമാക്കുക തന്നെ ചെയ്യും. തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. (അന്നിസാഅ് 4:119-120)**

മതത്തിന്റെ മറവിൽ നടക്കുന്ന ഇത്തരം അന്ധവിശ്വാസങ്ങളും കുറ്റകൃത്യങ്ങളും മനുഷ്യന്റെ ജീവനെ ബാധിക്കുന്ന വ്യാജചികിത്സയും, പ്രവാചകന്റെ മുടിപോലെയുള്ള പുണ്യവസ്തുക്കളെ സംബന്ധിച്ച വ്യാജ അവകാശവാദങ്ങളും

തടയേണ്ടതും ഉചിതമായ ശിക്ഷകൾ നൽകി ഉന്മൂലനം ചെയ്യേണ്ടതുമാണ്. ഇത്തരം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ മഹാരാഷ്ട്രയിലും കർണ്ണാടകത്തിലും നിയമമുണ്ട്. അന്ധവിശ്വാസങ്ങൾക്കെതിരെ ധീരമായി സമരം നടത്തുകയും ജനങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്ത ഡോ. നരേന്ദ്ര അച്യുത് ധാബോൽക്കർ അന്ധവിശ്വാസത്തെ തടയുന്ന ഒരു ബില്ലിന്റെ കരട് രേഖ രൂപപ്പെടുത്തി അത് നിയമമാക്കാൻ സർക്കാറിനോട് നിരന്തരം അഭ്യർത്ഥിച്ചിരുന്നു. അന്ധവിശ്വാസത്തെ എതിർക്കൽ മതവിശ്വാസത്തെ എതിർക്കലാണെന്ന് പറഞ്ഞ മതഭ്രാന്തന്മാർ അദ്ദേഹത്തെ 20 ആഗസ്ത് 2013 ന് കൊലപ്പെടുത്തുകയാണുണ്ടായി. ധാബോൽക്കർ കൊല്ലപ്പെട്ടതിന്റെ പിറ്റേന്ന് അദ്ദേഹം രൂപം നൽകിയ ബില്ല് നിയമമാക്കാനുള്ള നടപടികൾ മഹാരാഷ്ട്രാ കോൺഗ്രസ്സ് മന്ത്രിസഭ സ്വീകരിക്കുകയും 18 ഡിസംബർ 2013 ന് അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം നിയമസഭയിൽ പാസ്സാക്കുകയുമുണ്ടായി. 2013 ൽ കർണ്ണാടകയിലും കോൺഗ്രസ്സ് ഗവൺമെന്റ് ഇത്തരം ഒരു നിയമം പാസ്സാക്കി. അന്ധവിശ്വാസം മുഖേന വ്യാപകമായി ജനങ്ങൾ ചൂഷണം ചെയ്യപ്പെടുന്ന ബീഹാർ, ത്സാർഖണ്ഡ്, രാജസ്ഥാൻ ഛത്തീസ് ഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ചില അന്ധവിശ്വാസങ്ങൾ തടയാനുള്ള നിയമങ്ങളുണ്ട്. നരബലിവരെ നടക്കുന്ന കേരളത്തിലും അത്തരം ഒരു നിയമം കൊണ്ടു വരാൻ വൈകിക്കൂടാ. നിയമം മാത്രം പോര ബോധവത്ക്കരണമാണ് ഇക്കാര്യത്തിൽ പ്രധാനമായും വേണ്ടത്. അന്ധവിശ്വാസം പലപ്പോഴും ഒരു ക്രിമിനൽകുറ്റമായി മാറുന്നതിനാൽ നമ്മുടെ സിവിൽ സമൂഹത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും മുൻകൈ ഇക്കാര്യത്തിൽ ഉണ്ടാവണം. അത് ഒരു മതവിഷയമാണെന്ന് പറഞ്ഞ് വിദഗ്ദമായി ഉൾവലിയുന്നത് ശരിയല്ല. ഇത്തരം കാര്യങ്ങളിൽ തങ്ങളോട് അനുഭാവമുള്ള അന്ധവിശ്വാസികളുടെ വോട്ട് ബാങ്കിനെ ബാധിക്കുമോ എന്ന ചിന്തയും രാഷ്ട്രീയപാർട്ടികൾ ഉപേക്ഷിക്കണം. അന്ധവിശ്വാസ നിർമ്മാർജ്ജനത്തിന്നുള്ള നിയമത്തെ പറ്റി ആലോചിക്കുമെന്ന കേരള മുഖ്യമന്ത്രിയുടെ പ്രസ്താവന ആശ്വാസകരമാണ്.

യഥാർത്ഥ മതവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും തമ്മിലുള്ള വ്യത്യാസം ഏതൊരു മനുഷ്യന്റെയും സാമാന്യയുക്തിക്കും വിവേകത്തിനും എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. ഭൗതികമായ ആർത്തിയും ദേഹേഛകളും ശമിപ്പിക്കാനും ഭൗതിക ലക്ഷ്യങ്ങൾ നേടാനുമുള്ള കുറുക്കുവഴികളാണ് അന്ധവിശ്വാസങ്ങളിൽ പ്രകടമാവുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: **'ജനങ്ങളിൽ വെച്ച് ഏറ്റവുമധികം ജീവിക്കുവാൻ ആസക്തിയുള്ളവരായി അവരെയും ബഹുദൈവ വിശ്വാസികളിൽ ചിലരേയും നിനക്ക് കാണാം. ആയിരം വർഷം ജീവിച്ചാൽ കൊള്ളാമെന്ന് അവരിൽ ഓരോരുത്തനും ആഗ്രഹിക്കുന്നു'(സൂറ: ബക്കറ. 2:97)**

സൂക്ഷ്മമായി നോക്കിയാൽ അന്ധവിശ്വാസം മതവിശ്വാസത്തോടല്ല ഭൗതികവാദികളുടെയും നിരീശ്വര വാദികളുടെയും ആശയങ്ങളോടും സങ്കൽപ്പങ്ങളോടുമാണ് കൂടുതൽ അടുത്ത് നിൽക്കുന്നത് എന്ന് കാണാം. അന്ധവിശ്വാസികളിൽ പലരും മതവിശ്വാസികൾ ആണെന്ന് അവകാശപ്പെടുമെങ്കിലും അവരുടെ ആശയങ്ങളും ലക്ഷ്യങ്ങളും കർമ്മങ്ങളും ഭൗതിക വാദത്തോടാണ് അടുത്ത് നിൽക്കുന്നത്. മനുഷ്യന് സുഖം നൽകുന്നതെല്ലാം ഇഹലോകത്ത് തന്നെയുണ്ടെന്നും അതെല്ലാം അനുഭവിച്ച് ആനന്ദിക്കാനുള്ളതാണ്, മതധാർമിക നിയമങ്ങൾ ഈ ആസ്വാദനങ്ങൾക്ക് തടസ്സം നിൽക്കുകയാണെന്നുമാണ് ഭൗതിക വാദികൾ പറയുന്നത്. അവരുടെ വാദത്തെ പറ്റിയാണ് വിശുദ്ധ ഖുർആൻ പറയുന്നത്:**'ഇത് നമ്മുടെ ഐഹിക ജീവിതം മാത്രമാണ് നാം മരിക്കുകയും നാം ജീവിക്കുകയും ചെയ്യുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത്'(സൂറ: അൽജാസിയ 45:25)** ഭൗതിക വാദികളെ പോലെ അന്ധവിശ്വാസികളുടെ ലക്ഷ്യവും ഭൗതിക മോഹങ്ങളുടെയും ദേഹേഛയുടെയും ശമനമാണ്. അതിനുള്ള കുറുക്കുവഴികളാണ് അന്ധവിശ്വാസം. ഭൗതിക വാദികളിൽ നിന്നും നിരീശ്വര വാദികളിൽ നിന്നും വ്യത്യസ്തമായി അവരുടെ അതേ സമാന ലക്ഷ്യം നിറവേറ്റാൻ അന്ധവിശ്വാസികൾ സ്വീകരിക്കുന്ന മാർഗ്ഗം അശാസ്ത്രീയവും അയുക്തികവുമായ കർമ്മങ്ങളും ആചാരങ്ങളുമാണ് എന്ന വ്യത്യാസം മാത്രമേ ഉള്ളൂ. ലക്ഷ്യവും ജീവിതതത്വശാസ്ത്രവും ഒന്ന് തന്നെ. നരബലി നടത്തിയ ഭഗവത് സിംങ്ങ് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തകനും പുരോഗമന ഇടതുപക്ഷക്കാരനുമാണ് എന്നും നാം ഓർക്കണം.

ആഭിചാരം, സിഹിറ്, കൂടോത്രം, ഹോമം, പൂജ, ദുർമന്ത്രവാദം, രോഗശാന്തി ശുശ്രൂഷ, ഉറഞ്ഞുതുള്ളൽ, യാഗം, ജാറം മൂടൽ, പ്രശ്നംവെക്കൽ, കപടി നിരത്തൽ, ജാതകം നോക്കൽ, തകിടെഴുത്ത്, മാന്ത്രികകല്ലുകൾ, ആൾദൈവങ്ങൾ, ഏലസ്സ്, ജ്യോതിഷം, വാസ്തു, ആവാഹനം, ചാത്തൻ സേവ, ബാധ ഒഴിപ്പിക്കൽ, ജിന്ന് കൂടൽ, തന്ത്ര വിദ്യ, ഉറുക്ക് കെട്ടൽ, ദുർനിമിത്തങ്ങൾ, പിഞ്ഞാണമെഴുത്ത്, മഷിനോട്ടം, ഇന്ദ്രജാലങ്ങൾ മുതലായ എണ്ണിയാലൊടുങ്ങാത്ത കുത്സിതക്ഷുദ്ര മാർഗ്ഗങ്ങളും ആചാരങ്ങളും ഈ ഗണത്തിൽപ്പെടും. മനുഷ്യമനസ്സിൽ സംസ്കരിക്കപ്പെടാതെ ഉറങ്ങിക്കിടക്കുന്ന പ്രാകൃതമായ ഈ ബോധങ്ങൾ അവസരം കിട്ടിയാൻ മറനീക്കി പുറത്ത്വരും. ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരുപോലെ ഈ വിശ്വാസ വൈകൃതങ്ങൾക്ക് വിധേയരാണ്. ഏറ്റക്കുറച്ചിലോടെ പലരിലും ഇതിന്റെ ബാധ കണ്ടെത്താവുന്നതാണ്. വാസ്തവ

ത്തിൽ മതകാര്യങ്ങളിൽ ബുദ്ധിയും യുക്തിയും വിവേകവും ഉപയോഗിക്കാത്ത സുഖാന്വേഷികളും ഭൗതികാസക്തരുമായ മൂഢന്മാരാണ് അന്ധവിശ്വാസികൾ.

മനുഷ്യയുക്തിയും വിവേകവും അദൃശ്യയഥാർത്ഥ്യങ്ങളുടെ അസ്തിത്വങ്ങളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. അത് അന്ധവിശ്വാസികൾ കരുതുന്നത് പോലെയുള്ള ഭ്രാന്തൻ സങ്കൽപ്പങ്ങളോ വിചിത്രകാര്യങ്ങളോ അമാനുഷിക സിദ്ധികളോ അല്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇത് സംബന്ധിച്ച് പറയുന്നു: **'യുക്തി എന്നത് ദൈവം മനുഷ്യനിൽ പ്രതിഷ്ഠിച്ച ഒരു വിളക്ക് കൂടിയാണ്. അത് മനുഷ്യനെ സത്യത്തിലേക്ക് വഴിനടത്തുന്നു. പലവിധ സംശയത്തിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നു. അടിസ്ഥാന രഹിതമായ പല ആശയങ്ങളിൽ നിന്നും അവനെ ദുരീകരിക്കുന്നു. അത് വളരെ ഉപകാരപ്രദവും വളരെ അനിവാര്യവും മഹിതമായ ഒരു അനുഗ്രഹവുമാണ് (ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസായിൻ വാല്യം 1 പേജ് 327)**

മതവിശ്വാസം എന്നത് മരണം എന്ന അലംഘനീയമായ യാഥാർത്ഥ്യമുൾക്കൊണ്ട മാർഗ്ഗനിർദ്ദേശങ്ങളാണ്. ക്ഷണഭംഗുരമായ ജീവിതത്തെ ഒരു പരീക്ഷണാലയമായി കാണുന്ന വിശ്വാസി അനാസക്തമായാണ് ഇഹലോക ജീവിതത്തെ നോക്കിക്കാണുന്നത്. അവർ ഭൗതിക നേട്ടങ്ങളെക്കാൾ ധാർമികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നവരാണ്. മരണാനന്തരം പൂർണ്ണതോതിൽ പുഷ്കലമാവുന്ന സാത്വിക ജീവിതമാണ് മതം ലക്ഷ്യം വെക്കുന്നത്. ത്യജിച്ചും സഹിച്ചും സഹനം കൈകൊണ്ടും ജീവിത പരീക്ഷണങ്ങളിൽ മിതത്വം പാലിച്ചും വിവേചനബോധത്തോടെ വിധി വിലക്കുകൾ പാലിച്ച് നേടിയെടുക്കേണ്ടതാണ് മതം കാംഷിക്കുന്ന ആത്മീയ മോക്ഷം. എന്നാൽ അന്ധവിശ്വാസം കടിഞ്ഞാണില്ലാത്ത ഭൗതിക വ്യാമോഹങ്ങളെ നിവർത്തിപ്പാനുള്ള കുറുക്കുവഴികളിൽ നിന്നും ഉത്ഭൂതമാവുന്നതാണ്. ദൈവം സൃഷ്ടിച്ച പ്രകൃതിയിലുള്ളതെന്താണോ അതാണ് മനുഷ്യന്റെ ശരീരത്തിലും ആത്മാവിലും അവന്റെ വിധിയിലും പ്രതിഫലിക്കുന്നതും പ്രവർത്തിക്കുന്നതും. അദൃശ്യയാഥാർത്ഥ്യങ്ങൾ ഉള്ളടങ്ങിയ പ്രകൃതിയുടെ വഴികളിലൂടെയാണ് നാം ചരിക്കുന്നതും ചരിക്കേണ്ടതും. അത്തന്നെയാണ് യഥാർത്ഥ ശാസ്ത്രം അന്വേഷിക്കുന്നതും. മനുഷ്യൻ എന്നത് പ്രകൃതിയുടെ മൂശയിൽ സൃഷ്ടിച്ചെടുത്ത സത്വമാണ്. അതിന് അനുപൂരകമായ യഥാർത്ഥ മതമാണ് ഇസ്‌ലാം. ആ മതത്തിൽ യുക്തിഭംഗങ്ങളോ അന്ധവിശ്വാസമോ ഇല്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞ ശ്രദ്ധേയമായ ഒരു വചനം ഉദ്ദരിച്ചു ഈ കുറിപ്പ് അവസാനിപ്പിക്കാം.

**'അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രേ എന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല.'(അർറൂം.30: 31)**

## എൽ എസ് എസ് സ്‌ക്കോളർഷിപ്പ് ലഭിച്ചു



കൊടിയത്തൂർ ജമാഅത്തിലെ ഫലാഹുദ്ദീൻ എം ഈ വർഷത്തെ എൽ എസ് എസ് സ്‌ക്കോളർഷിപ്പിന് അർഹനായി. മംഗലശ്ശേരി നുറുദ്ദീൻ മാസറ്ററുടെയും കോഴിക്കോട് ജമാഅത്തിലെ എം പി റുബീനാ സാഹിബയുടെയും മകനാണ്. സൗത്ത് കൊടിയത്തൂർ എ യു പി സ്കൂൾ അഞ്ചാ ക്ലാസ് വിദ്യാർത്ഥിയാണ് ഈ കൊച്ചു മിടുക്കൻ.

**അനുസ്മരണം**

# പി കെ ഹംസാ സാഹിബ്



പാലക്കാട് ജമാഅത്ത് അംഗം പി കെ ഹംസ സാഹിബ് (69) സെപ്തംമ്പർ 9 ന് വഫാത്തായി ഇന്നാലില്ലാഹി .......അഹ്മദിയ്യാ സന്ദേശം തന്നെ കൊണ്ടാവും വിധം ഉത്സാഹത്തോടെ പ്രചരിപ്പിച്ചിരുന്ന ഹംസാ സാഹിബ് തഹജ്ജുദ് നമസ്ക്കാരവും ഖുർആൻ പരായണവും മുടങ്ങാതെ നിർവ്വഹിച്ച വ്യക്തിയും നല്ല വായനക്കാരനും അതീവ ഭക്തനുമായിരുന്നു. ആല്ലാഹു മർഹൂമിന്ന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ: സൗദ സാഹിബ. മക്കൾ: അയ്യൂബ്, അബ്ദുർറസ്സാക്ക്, അനീഷ, ഹസീന, മൻസൂർ. മരുമക്കൾ: അബ്ദുൾ റൗഫ് കോയമ്പത്തൂർ, നാസിർ, നുസ്രത്ത് ജഹാൻ, സായിറ, ഷാഹിന.

# മൗലവി മുഹമ്മദ് സലീം സാഹിബ്

മൗലവി മുഹമ്മദ് സലീം സാഹിബിന്റെ സംഭവ ബഹുലമായ ജീവിതം മകനും മുബല്ലിഗുമായ മുഹമ്മദ് സാലിഹ് സാഹിബ് ഈ ലേഖനത്തിൽ അനുസ്മരിക്കുന്നു.


മുഹമ്മദ് സാലിഹ് കൊടുങ്ങല്ലൂർ

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ എടമുക്ക് എന്ന സ്ഥലത്ത് ഒരു സുന്നി കുടുംബത്തിൽ അദ്ധ്യാപക ദമ്പതികളുടെ പുത്രനായാണ് വാപ്പയുടെ ജനനം. രണ്ടു പേരും സ്കൂൾ അദ്ധ്യാപകരാണ്. വാപ്പായുടെ ഉമ്മയുടെ പേര് റാബിയ പിതാവ് ഹൈദ്രോസ്. ചെറുപ്പം മുതൽ ദീനീ പ്രവർത്തനങ്ങളിൽ വളരെയധികം ആവേശത്തോടെ പങ്കെടുക്കുമായിരുന്നു. വീട്ടിൽ നടന്നുവന്നിരുന്ന റാത്തീബ് മൗലൂദ് എന്നീ ചടങ്ങുകളോട് വിമുഖത കാണിക്കുകയും വീട്ടിൽ വെച്ച് നടത്തുന്നത് തടയുകയും ചെയ്തു. പിന്നീട് പല ഇസ്‌ലാമിക സംഘടനകളിലും പ്രവർത്തിക്കുകയും ആ സംഘടനകളിൽ അംഗമായിരിക്കുകയും ചെയ്യവെ കാവശ്ശേരി ജമാഅത്തിനടുത്തുള്ള തോണിപ്പാടം എന്ന സ്ഥലത്ത് ഒരു സമ്മേളനത്തിന് വന്നപ്പോൾ ഖലീഫത്തുൽ മസീഹ് റാബി (റഹ്) ന്റെ കാലഘട്ടത്തിൽ നടന്ന മുബാഹലയുടെ ലഘുലേഖ ചുരുട്ടിക്കൂട്ടിയ അവസ്ഥയിൽ ലഭിക്കുകയുണ്ടായി. അതെടുക്കുമ്പോൾ തന്നെ സുഹൃത്തുക്കൾ ഖാദിയാനികളുടെതാണെന്ന് പറഞ്ഞുകൊണ്ട് എടുക്കുന്നതിൽ നിന്നും തടഞ്ഞു. അതിൽ ഖലീഫത്തുൽ മസീഹ് റാബി (റഹ്) യുടെ ഫോട്ടോ കണ്ട് ആകർഷിതനാവുകയും അതിലെഴുതിയ കാര്യങ്ങൾ വായിച്ചപ്പോൾ ജമാഅത്തിനെ കുറിച്ച് കൂടുതൽ പഠിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. പിന്നീട് ജമാഅത്തിനെ കുറിച്ച് പഠിക്കാനായി കോഴിക്കോട്ട് പള്ളിയിൽ പോവുകയും അവിടെനിന്ന് ജമാഅത്തിനെ കുറിച്ച് മനസ്സിലാക്കുകയും ചെയ്തു. മടക്കയാത്രയിൽ ഇസ്‌ലാം മതതത്വജ്ഞാനം എന്ന ഗ്രന്ഥം വായിക്കുകയും ചെയ്തു. ജമാഅത്തിന്റെ സത്യം മനസ്സിലാക്കിയ വാപ്പ സെപ്തംബർ 25ന് ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. എന്റെ ജന്മമാസമാണ് സെപ്തംബർ എന്ന് വാപ്പ പറയാറുണ്ടായിരുന്നു. 1989 നവംബർ 11 ന് ഹുസൂർ തിരുമനസ്സ് നിർവ്വഹിച്ച ഖുത്ബയിൽ മുബാഹലക്ക് ശേഷം ബൈഅത്ത് ചെയ്തവരിൽ മൂന്ന് പേരെ കുറിച്ച് പ്രത്യേകമായി പരാമർശിച്ചിരുന്നു. അതിൽ ഒരാൾ വാപ്പയാണ്. പിന്നീട് വഖഫെ നഊ എന്ന പദ്ധതിയെ കുറിച്ച് അറിഞ്ഞപ്പോൾ എന്നെ അതിൽ ഉൾപ്പെടുത്താൻ വാപ്പ കത്തെഴുതി. അതിന് വന്ന മറുപടിയിൽ ഹുസൂർ അക്കാര്യം പരാമർശിക്കുന്നുണ്ട്. അതിലെ വാക്കുകൾ ഇതാണ്.

Thank you for your letter. By the grace of Allah your acceptance of Ahamadiyyath has become a historical event. You are such a sweet fruit of Mubahala which in its wake will produce so many other sweet fruits Insha Allah.

ബൈഅത്ത് വിവരം നാട്ടിൽ അറിഞ്ഞപ്പോൾ എതിർപ്പുകളും ബഹിഷ്ക്കരണങ്ങളും നേരിടേണ്ടി വന്നു ഉമ്മയെയും മൂന്ന് വയസ്സുള്ള എന്റെ പെങ്ങളെയും ഒരു വയസ്സുള്ള എന്നെയും ഉമ്മയുടെ ഉപ്പ (വല്ല്യുപ്പ) വാപ്പയുടെ അടുത്ത് നിന്നും വിളിച്ചിറക്കി കൊണ്ടുപോയി വാപ്പാക്ക് ആ വീട്ടിലേക്കുള്ള പ്രവേശനം വിലക്കുകയും ചെയ്തു. പിന്നീട് വാപ്പ ഒരു കത്ത് മുഖേന താൻ ഖാദിയാനിലേക്ക് പോകുകയാണെന്നും തിരിച്ചു വന്നില്ലെങ്കിൽ ഇനി കാണുക സാദ്ധ്യമല്ലെന്നും ഉമ്മയെ അറിയിച്ചു. വാപ്പയുടെ ദീനി സ്നേഹത്തെ കുറിച്ച് പൂർണ്ണബോധ്യമുണ്ടായിരുന്ന ഉമ്മാക്ക് വാപ്പ ഒരിക്കലും ഇസ്‌ലാമിന് പുറത്തേക്ക് പോകില്ല എന്നറിയാമായിരുന്നു. അതുകൊണ്ട് തന്നെ വല്ല്യുപ്പയോട് പറഞ്ഞ് ഉമ്മ ഞങ്ങളെയും കൂട്ടി വാപ്പയുടെ അടുത്തേക്ക് വന്നു.

കാളത്തോട് എന്ന സ്ഥലത്ത് വെച്ച് ചില സുഹൃത്തുക്കൾ വാപ്പയെ കൂട്ടികൊണ്ടു പോകുകയും ഖബർസ്ഥാനിൽവെച്ച് മർദ്ദിക്കുകയും അവശനാക്കി കോഴിക്കോട് ബസ്സിൽ കയറ്റിവിട്ടു. കുറേ വർഷങ്ങൾക്ക് ശേഷം വീട്ടിൽ വന്ന ഒരു അതിഥി തിരിച്ചു പോയപ്പോൾ അന്ന് മർദ്ദിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു സുഹൃത്ത് ക്ഷമാപണം നടത്താൻ വന്നതായിരുന്നു എന്ന് വാപ്പ എന്നോട് പറയുകയുണ്ടായി. എതിർപ്പിന്റെ ഈ കാലത്ത് കേരളത്തിലെ വിവിധ ജമാഅത്തുകളിൽ താമസിക്കുകയുണ്ടായി. പിന്നീട് വാപ്പ ഞങ്ങളെയും



കൂട്ടി ജമാഅത്തുൽ മുബശ്ശിരീനിൽ നിന്നും വിദ്യാഭ്യാസം കരസ്ഥമാക്കാൻ വേണ്ടി ഖാദിയാനിലേക്ക് പുറപെട്ടു. ലങ്കർ ഖാനയിൽ താമസിച്ചുകൊണ്ട് പഠനം പൂർത്തിയാക്കി. ആന്ധ്രയിലെ ജിങ്കപ്പാലം എന്ന് കുഗ്രാമത്തിലാണ് ആദ്യത്തെ പോസ്റ്റിംങ്ങ്. ഭൗതികമായ സുഖ സൗകര്യങ്ങളെല്ലാം ആ ഗ്രാമവാസികൾക്ക് അന്യമായിരുന്നു. അവിടെയുള്ളവർ മുസ്‌ലിംകൾ ആയിരുന്നെങ്കിലും പേരിനുമാത്രമുള്ള മുസ്‌ലിംകളായിരുന്നു. ആ ഗ്രാമത്തിൽ ഒരു പള്ളിയുണ്ടായിരുന്നെങ്കിലും പെരുന്നാൾ പോലെയുള്ള വിശേഷ ദിവസങ്ങളിൽ മാത്രമായിരുന്നു പ്രവർത്തിച്ചിരുന്നത്. തവള കരഞ്ഞാൽ മഴയുണ്ടാകുമെന്ന് വിശ്വസിച്ചുകൊണ്ട് തവളയെ വടിയിൽകെട്ടി ജാഥ പോകുന്ന ജനം, കൃഷിപ്പണി കഴിഞ്ഞ് ഭാര്യയും ഭർത്താവും ഒന്നിച്ച് പനങ്കള്ള് കുടിച്ച് വരുന്നതും തുടങ്ങി ഇസ്ലാമുമായി യാതൊരു ബന്ധവുമില്ലാത്ത ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിച്ചു പോന്ന മുസ്‌ലിംകളെയാണ് അവിടെ കാണാൻ സാധിച്ചത്. പതുക്കെ പതുക്കെ അവർക്ക് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പകർന്നുകൊടുക്കുകയുണ്ടായി. ഇസ്‌ലാം മത തത്വജ്ഞാനത്തിൽ മസീഹ് മഊദ് (അ) വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ വിശദീകരിച്ച പരിഷ്ക്കരണ മാർഗ്ഗമാണ് അവലംബിച്ചത് എന്ന് വാപ്പ പറയാറുണ്ടായിരുന്നു. തൽഫലമായി ധാർമികമായി അധഃപതനത്തിലേക്ക് നയിക്കുന്ന മദ്യം പോലുള്ളവ അവർ ഉപേക്ഷിക്കുകയുണ്ടായി. ഇന്ന് ജമാഅത്തിന്റെ നിസാം അനുസരിച്ചു പ്രവർത്തിക്കുന്ന ഒരു ജമാഅത്തായി ജിങ്കപ്പാലം മാറിയിരിക്കുന്നു. അവിടെ വെച്ച് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം വർഷിച്ച് അനേകം സംഭവങ്ങൾ ഉണ്ട്. ഒന്ന് മാത്രം ഇവിടെ രേഖപ്പെടുത്തുന്നു. ഗ്രാമത്തിൽ ഖാദിയാനി മൗലവി എത്തിയതറിഞ്ഞ് ഒരു കൂട്ടം അനഹ്മദി മൗലവിമാർ ആ ഗ്രാമത്തിലേക്ക് വരുകയുണ്ടായി. കുറെ ദിവസം ക്യാമ്പ് ചെയ്ത ഖാദിയാനി മൗലവിയെ ഗ്രാമത്തിൽ നിന്നും തുരത്തി ഓടിക്കണമെന്ന ലക്ഷ്യത്തോടെ ഭക്ഷണം പാകം ചെയ്യാനുള്ള എല്ലാ തയ്യാറെടുപ്പുകളോടും കൂടിയാണ് വന്നിരിക്കുന്നത്. രാത്രി ഗ്രാമമുഖ്യന്റെ വീട്ടിൽ എല്ലാവരും ഒത്തുകൂടി. വാപ്പയേയും വിളിച്ചു ഇവർ ഖാദിയാനികൾ ആണെന്നും ഇസ്ലാമുമായി ഇവർക്ക് യാതൊരു ബന്ധവുമില്ലെന്നും അവർ പറഞ്ഞുകൊണ്ടിരുന്നു. വാപ്പ ഗ്രാമത്തിലെ കുട്ടികളെ വരിവരിയായി നിർത്തി അവരെ അതുവരെ പഠിപ്പിച്ച ഇസ്‌ലാമിന്റെ അടിസ്ഥാന പാഠങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവർ അതിന് കൃത്യമായ മറുപടി നൽകുകയും ചെയ്തു. ഈ കാര്യങ്ങളിൽ അനിസ്‌ലാമികമായ എന്തെങ്കിലും ഞാൻ അവർക്ക് പഠിപ്പിച്ചു കൊടുത്തിട്ടുണ്ടോ എന്ന് മൗലവിമാരോട് ചോദിച്ചു. ആദ്യം ഇസ്‌ലാമിന്റെ കാര്യങ്ങൾ പഠിപ്പിക്കുകയും പിന്നീട് അനിസ്‌ലാമിക കാര്യങ്ങൾ പഠിപ്പിക്കുകയുമാണെന്ന് പറഞ്ഞ് ഗ്രാമവാസികളെ വഴിതെറ്റിക്കാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. എന്നാൽ സംഭവിച്ചത് മറ്റൊന്നാണ്. ഇത്വരെ ഞങ്ങൾ ഇസ്‌ലാമിനെ കുറിച്ച് അജ്ഞരായി ജീവിച്ചു കൊണ്ടിരുന്നപ്പോൾ നിങ്ങൾ ഞങ്ങളെ തിരിഞ്ഞുനോക്കിയിട്ടില്ല. ഇപ്പോൾ ഞങ്ങൾക്ക് ഇദ്ദേഹം ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾ നൽകാൻ വേണ്ടി വന്നപ്പോൾ അതിന് തടസ്സമുണ്ടാക്കാൻ വന്നിരിക്കുന്നു. നിങ്ങൾ വേഗം തന്നെ ഈ ഗ്രാമത്തിൽ നിന്നും സ്ഥലം കാലിയാക്കുക. ഇത് പറഞ്ഞു സ്ത്രീകളടക്കം കല്ലെടുത്തു. കുറെ ദിവസം ക്യാമ്പ് ചെയ്ത നമ്മളെ പുറത്താക്കാൻ വന്നവർക്ക് സ്വയം ഇളിഭ്യരായി പോവേണ്ടി വന്നു. അന്നത്തെ ആ കുട്ടികളിൽ നിന്ന് ചിലർ ഖാദിയാനിൽ ചെന്ന് ദീനീ വിദ്യാഭ്യാസം കരസ്ഥമാക്കി സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. ആന്ധ്രയിൽ പതിനഞ്ച് വർഷം വിവിധ ജമാഅത്തുകളിൽ സേവനമനുഷ്ഠിക്കുവാൻ വാപ്പാക്ക് തൗഫീഖ് ലഭിച്ചു. അവിടങ്ങളിലും വാപ്പാക്ക് എതിർപ്പുകൾ നേരിടേണ്ടി വന്നു. വാപ്പാക്കും നമ്മുടെ മൗലവിമാർക്കും വധശ്രമങ്ങൾ വരെ നടന്നു. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ് രക്ഷപ്പെട്ടത്. ദുആ സ്വീകാര്യതയുടെ അനേകം സംഭവങ്ങൾ ഇന്നും ആന്ധ്രയിലെ ജമാഅത്തംഗങ്ങൾ എന്നോട് വിവരിക്കാറുണ്ട്.

# മൗലവി മുഹമ്മദ് സലീം സാഹിബ്: മാതൃകാമുബല്ലിഗ്

**എ. എം. മുഹമ്മദ് സലീം**

കേരളത്തിലെ മുബാഹലക്ക് ശേഷം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച മൗലവി മുഹമ്മദ് സലീം സാഹിബ് പരിചയപ്പെട്ടവരുടെയെല്ലാം മനസ്സിൽ മായാതെ നിൽക്കുന്ന ഒരു അനുഗ്രഹീത വ്യക്തിത്വമായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് ദുആ ചെയ്തത് പോലെ അദ്ദേഹം മുഖേന ആന്ധ്രയിലെ കൊടും ദരിദ്രരായ ഗ്രാമവാസികളിൽ എത്രയോ പേർക്ക് ഇസ്‌ലാമിനെ കുറിച്ചറിയാനും സന്മാർഗ്ഗ ജീവിതം നയിക്കാനും സാധിച്ചു. ആ ഗ്രാമവാസികളിൽ പലരും ഇസ്‌ലാമിക പണ്ഡിതന്മാരായി ദീനീ സേവനമനുഷ്ഠിക്കുന്നു. കളിമണ്ണുകൊണ്ട് പറവകളെ സൃഷ്ടിച്ച അത്ഭുതമാണ് മൗലവി സലീം സാഹിബ് ആന്ധ്രയിൽ കാഴ്ച്ചവെച്ചത്. 2007 ഒക്ടോബറിൽ കോഴിക്കോട് അൻസാറുല്ലായുടെ നേതൃത്വത്തിൽ ഞങ്ങൾ ഒരു അഖിലേന്ത്യാ ടൂർ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുള്ള ജമാഅത്തുകൾ സന്ദർശിച്ചതിന്റെ ഭാഗമായി സലീം സാഹിബ് സർക്കിൾ ഇൻചാർജായി സേവനമനുഷ്ഠിച്ച ആന്ധ്രപ്രദേശിലെ (അന്ന് ആന്ധ്ര വിഭജിച്ചിരുന്നില്ല) ഗ്രാമീണ ജമാഅത്തുകളും സന്ദർശിച്ചിരുന്നു. അതിൽ കൃഷ്ണാ ജില്ലയിലെ രാജബെല്ലം, കോവ്വൂർ പാട്, ജിങ്കൽ പാലം മുതലായ ജമാഅത്തുകൾ അദ്ദേഹത്തിന്റെ ശ്രമത്താൽ സ്ഥാപിതമായതാണ്. യാതൊരു മതബോധവുമില്ലാതെ വളരെ ദരിദ്രരായ പാവപ്പെട്ട മനുഷ്യർ ജീവിച്ചിരുന്ന ആ ഗ്രാമത്തിൽ അവരുടെ കൂടെ തന്നെ



ആന്ധ്രയിൽ മർഹൂം മൗലവി സലീം സാഹിബിന്റെ ജങ്കൽപാലം ജമാഅത്തിൽ കോഴിക്കോട് സന്ദർശക സംഘത്തിന് സ്വീകരണം നൽകിയപ്പോൾ. നൗഷാദ് സാഹിബ്, മർഹൂം യൂസുഫ് സാഹിബ്, മർഹും ആലിക്കോയ സാഹിബ്, എ.എം.മുഹമ്മദ് സലീം സാഹിബ് എന്നിവർ സദസ്സിൽ. ജെങ്കൽ പാലം പ്രസിഡന്റ് സംസാരിക്കുന്നു.

ആന്ധ്രയിൽ നിന്നും കേരളത്തിലേക്ക് 2010 ലാണ് വാപ്പ ട്രാൻസ്ഫർ ആവുന്നത്. കോഴിക്കോട്, ആളൂർ, തലശ്ശേരി, മാഹി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. തുടക്കത്തിൽ പറഞ്ഞ ഹുസൂർ തിരുമനസ്സിന്റെ ദുആയിലെ വാക്കുകൾ പോലെ തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അനേകം പേർക്ക് ജമാഅത്തിലേക്കുള്ള പ്രവേശനത്തിന് കാരണമാകാൻ വാപ്പ നിമിത്തമായി. ഖലീഫത്തുൽ മസീഹ് റാബി (റഹ് ) യുടെ കാലഘട്ടത്തിൽ യു. കെ ജലസയിൽ പങ്കെടുക്കുന്നതിന് വേണ്ടി ക്ഷണമുണ്ടായിരുന്നു. പക്ഷേ രാജ്യത്തിന്റെ അന്നത്തെ സാഹചര്യത്തിൽ പോകാൻ സാധിച്ചില്ല. പിന്നീട് ഹുസൂർ തിരുമനസ്സ് വാപ്പാക്ക് പ്രത്യേകമായ ഒരു ഉപഹാരം അയക്കുകയുണ്ടായി. ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ കാലത്ത് ദുബായിയിൽ റമദാൻ മാസത്തിൽ സേവനം അനുഷ്ഠിക്കാനുള്ള അവസരത്തിന് തൗഫീഖ് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാലാം ഖലീഫയേയും അഞ്ചാം ഖലീഫയേയും കാണാനും കൈകൊടുക്കാനും വാപ്പാക്ക് ഭാഗ്യം ലഭിച്ചു. ഖിലാഫത്തിനോടുള്ള അങ്ങേയറ്റത്തെ ആദരവ് പ്രകടിപ്പിക്കുമായിരുന്നു. ഖുതുബയുടെ സമയമായാൽ എപ്പോഴും ഞങ്ങളെ വിളിച്ചു ഓർമ്മിപ്പിക്കുമായിരുന്നു. അതിഥികൾ വന്നാൽ അവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിൽ വളരെയധികം ശ്രദ്ധ പുലർത്തിയിരുന്നു. അസുഖത്താൽ ക്ഷീണിതനായിരുന്ന സമയത്തും 2 മണിക്ക് എഴുന്നേറ്റ് തഹജ്ജുദ് അനുഷ്ഠിക്കാറുണ്ടായിരുന്നു. ബൈഅത്ത് ചെയ്ത മുതൽ മുടങ്ങാതെ ഖാദിയാൻ ജൽസയിൽ പങ്കെടുക്കുമായിരുന്നു. ജമാഅത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിക്കുന്നതിന്നായി എപ്പോഴും ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ കയ്യിൽ കരുതുമായിരുന്നു. ഒരിക്കൽ ട്രെയിനിൽ യാത്ര

ശേഷം പേജ് 43 ൽ

താമസിച്ചും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടും ത്യാഗപൂർവ്വമായ ജീവിതം നയിച്ചാണ് അദ്ദേഹം അവിടെ ജമാഅത്ത് കെട്ടി പെടുത്തത്. ദാരിദ്ര്യത്തിന്റെ കൊടുമയിൽ അജ്ഞരായി ജീവിക്കുന്ന ഗ്രാമീണരെ ദീനീ ബോധമുള്ളവരാക്കി മാറ്റുക എന്നത് പ്രവാചകന്മാർ നിർവ്വഹിച്ച സർവ്വതലസ്പർശിയായ ദീനീ പ്രവർത്തനം നടത്തിയ ഒരു മാതൃകാ മുബല്ലിഗായിരുന്നു അദ്ദേഹം. ഞങ്ങൾ അവിടെ സന്ദർശിച്ചപ്പോൾ മൗലവി സാഹിബിനോടോപ്പം ഞങ്ങളെ എതിരേറ്റ പത്തിരുപത്തഞ്ചോളം പിഞ്ചുകുട്ടികളായിരുന്നു. കിളികൊഞ്ചൽ പോലെ അസ്സലാമു അലൈക്കും എന്ന് പറഞ്ഞ് ഞങ്ങളെ അഭിവാദ്യം ചെയ്ത ആ പിഞ്ചോമനകളെ കൊണ്ട് അവർ പഠിച്ച ഖുർആൻ ആയത്തുകളും പാട്ടുകളും മൗലവി സാഹിബിന്റെ സാന്നിധ്യത്തിൽ ഞങ്ങൾക്ക് കേൾപ്പിച്ചു തന്ന രംഗം അവിസ്മരണീയമാണ്.

സത്യദൂതനിൽ 'മുബാഹലക്ക് ശേഷം രണ്ട് പതിറ്റാണ്ട്' എന്ന പ്രബോധനത്തിൽ വന്ന ലേഖനത്തിന് സിമി പ്രവർത്തകൻ കൂടിയായിരുന്ന് മൗലവി സലീം സാഹിബ് 2009 ആഗസ്ത് മാസം മുതൽ തുടർച്ചയായി പ്രസിദ്ധീകരിച്ച മറുപടിയിൽ അദ്ദേഹം ജമാഅത്തിലേക്ക് പ്രവേശിച്ച സംഭവബഹുലമായ വിവരണമുണ്ട്. ഖലീഫത്തുൽ മസീഹ് നാലാമന്റെ ഞാൻ വിവർത്തനം ചെയ്ത 'വെളിപാട് യുക്തി ജ്ഞാനം സത്യം' എന്ന പുസ്തകത്തിന്റെ പ്രൂഫ് റീഡിംങ്ങ് നടത്തിയവരിൽ ഒരാൾ മൗലവി സാഹിബായിരുന്നു. നിഷ്ക്കളങ്കനും സ്നേഹസമ്പന്നനുമായ മൗലവി സാഹിബ് അഹ്മദിയ്യാ ജമാഅത്തിന് വേണ്ടി വരിച്ച ത്യാഗങ്ങളും സേവനങ്ങളും നിസ്തുലവും ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടതുമാണ്. അല്ലാഹു മൗലവി സാഹിബിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

# സഖാവ് കൊടിയേരി ബാലകൃഷ്ണൻ



കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവ് സഖാവ് കൊടിയേരി ബാലകൃഷ്ണൻ ഒക്ടോബർ 1 ന് അന്തരിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ സൗമ്യമുഖമായിരുന്ന സഖാവ് കൊടിയേരി കേരളത്തിൽ മതസൗഹാർദ്ദവും മതേതരത്വവും ഉയർത്തിപ്പിടിക്കാൻ നി രന്തം പരിശ്രമിച്ച ഒരു രാഷ്ട്രീയ നേതാവായിരുന്നു. മതാത്മക സത്വ രാഷ്ട്രീയം സമൂഹത്തെ സംഘർഷ കലുഷിതമാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കൊടിയേരിയെ പോലെയുള്ള ജനകീയ നേതാക്കന്മാരുടെ സേവനം വിലപ്പെട്ടതായിരുന്നു. സി പി എമ്മിനും കേരള സമൂഹത്തിന്നും സഖാവ് കൊടിയേരി ബാലകൃഷ്ണന്റെ വിയോഗം മൂലമുണ്ടയ നഷ്ടത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കണ്ണൂർ ജില്ലാ അമീർ അബ്ദുൽ അസീസ് സാഹിബ് അനുശോചനം രേഖപ്പെടുത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

പേജ് 42 ൽ നിന്ന് തുടർച്ച

ചെയ്യുമ്പോൾ സിനിമാ ഗാനങ്ങൾ പാടി അന്താക്ഷരി കളിക്കുകയായിരുന്ന കുറച്ച് നോർത്ത് ഇന്ത്യൻ ചെറുപ്പക്കാരെ കണ്ടു അവരുടെ കൂടെ വാപ്പയും കൂടി വാപ്പയുടെ ടീമിന്റെ ഊഴമെത്തിയപ്പോൾ മസീഹ് മഊദിന്റെ(അ) ഉറുദു കവിതാ ശകലങ്ങൾ പരായണം ചെയ്യുകയുണ്ടായി. ആ വരികൾ കേട്ട് ആ യുവാക്കൾ ആകൃഷ്ടരാകുകയും ജമാഅത്തിനെ കുറിച്ച് ചോദിച്ച് മനസ്സിലാക്കുകയും ചെയ്തു. ചുരുക്കത്തിൽ ഏത് സന്ദർഭത്തിലും ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകികൊണ്ടുള്ള സാത്വികമായ ജീവിതമാണ് നയിച്ചത്. കിഡ്നി രോഗം കാരണത്താൽ ചികിത്സയിലായിരുന്നു. ഒരിക്കൽ പോലും രോഗം കാരണമായി വാപ്പ അക്ഷമനായി കണ്ടിട്ടില്ല. ഡയാലിസിസ് ചെയ്ത് കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഹൃദയാഘാതം സംഭവിക്കുകയും 29 സെപ്തംബർ 2022 ന് കൊടുങ്ങല്ലൂരിലുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ വെച്ച് വഫാത്താകുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒക്ടോബർ 2ന് ബഹിഷ്തി മഖ്ബറയിൽ ഖബറടക്കം നടന്നു. അല്ലാഹു വാപ്പാക്ക് മഗ്ഫിറത്തും സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുന്നു.

**ഭാര്യ:** മറിയം **മക്കൾ:** സൽമ നുസ്റത്ത്, മുഹമ്മദ് സാലിഹ് (മുബല്ലിഗ്). **മരുമക്കൾ:** ഫിയാസുദ്ദീൻ പത്തപിരിയം, സാലിഹ കൊടിയത്തൂർ.

Published on 07.11.2022

Pages 44

Vol: 94 Issue. 11

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23

Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment

The Sathyadoothan Monthly



# സത്യദൂതൻ

## 97 – ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim